(നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച.... തുടർച്ച)

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഈ ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചതിന്റെ മറുപടി പൂർണ്ണമായും കേൾക്കാൻ സന്മനസ് കാണിക്കാതെ സഭയിൽനിന്നും ഇറങ്ങി ഓടുന്ന അവസ്ഥ എല്ലാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെയും കാര്യത്തിലുണ്ടാകുന്നത് ഇവിടത്തെ ഒരു സംഭവമായി മാറുന്നു. മറ്റ് കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. കഴിഞ്ഞ ഒരു ദശകത്തിൽ കേരളത്തിലുണ്ടായ മാറ്റങ്ങളെ/നേട്ടങ്ങളെ പാഴ്മുറംകൊണ്ട് മറയ്ക്കാനോ ഇല്ലാതാക്കാനോ കഴിയില്ല. കേരളത്തിന്റെ സമസ്ത മേഖലകളിലും ലോകോത്തര കാഴ്ചപ്പാടുകൾ അവതരിപ്പിക്കാനും നടപ്പാക്കാനും കഴിയുന്ന ഒരു സ്ഥലമായി മാറ്റുകയെന്നതാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. തെറ്റായതും വളച്ചൊടിക്കപ്പെട്ടതുമായ വാർത്തകളിലൂടെ ബോധപൂർവം തെറ്റിദ്ധാരണ പരത്തിയും അപഹസിച്ചും കേരളം നേടിയ നേട്ടങ്ങളെ ഇല്ലാതാക്കാൻ കഴിയുമോയെന്ന വികല പരിശ്രമങ്ങൾക്ക് നേതൃത്വം

നൽകുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അവരുടെ ഭരണകാലം (യു.ഡി.എഫ്.-ന്റെ ഭരണകാലം) വളരെ മെച്ചപ്പെട്ട നിലയിലായിരുന്നെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉപനേതാവും ഇവിടെയില്ലെങ്കിലും അവരുടെ ഓർമ്മയിലേക്കായി ഒരു കാര്യം സൂചിപ്പിക്കുകയാണ്. 2011-2016-ൽ യു.ഡി.എഫ്. സർക്കാർ കേരളം ഭരിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ സംസ്ഥാനത്താക ഒരു പ്രകൃതി ദുരന്തം മാത്രമാണുണ്ടായത്. അത് 2012 ആഗസ്റ്റ് 6-ാം തീയതി എന്റെ നിയോജകമണ്ഡലത്തിലെ പുല്ലൂരാംപാറ എന്ന സ്ഥലത്തായിരുന്നു. ഇരുപത്തിനാല് വീടുകൾ പൂർണ്ണമായും തകരുകയും എട്ട് മനുഷ്യരുടെ ജീവൻ അപഹരിക്കുകയും ചെയ്ത ദുരന്തമായിരുന്നു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയും ഇപ്പോഴത്തെ പ്രതിപക്ഷ ഉപനേതാവുമെല്ലാം ആ സ്ഥലം സന്ദർശിച്ചു. അവർ ഏറ്റെടുത്ത് നൽകിയ താൽക്കാലിക ഷെഡ്ഡിൽ ഇരുപത്തിനാല് കുടുംബങ്ങൾ വീട് ലഭിക്കുന്നതിനായി ഏഴ് വർഷമാണ് താമസിച്ചത്. എന്നാൽ ഒന്നാം പിണറായി വിജയൻ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷമാണ് അവരുടെ പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞത്. ഞങ്ങളുടെ ഭരണകാലം ഒരുപാട് മെച്ചപ്പെട്ടതായിരുന്നെന്ന് ഇവിടത്തെ യു.ഡി.എഫ്.-ന്റെ ആളുകൾ അവകാശപ്പെടുമ്പോൾ, കേരളത്തിൽ ഒരു പ്രകൃതി ദുരന്തമുണ്ടായതിന്റെ ഫലമായി ഇരുപത്തിനാല് കുടുംബങ്ങൾ വഴിയാധാരമായി. കേന്ദ്ര സർക്കാരിന്റെ ഭരണം അവരുടെ കൈവശമുണ്ടായിരുന്നിട്ടും ആ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കഴിയാത്തവർക്ക് കേരളത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നാണ് പറയുന്നത്; 2018-ലും 2019-ലുമുണ്ടായ ദുരന്തങ്ങളിലും 2024 ജൂലൈ മാസം മുണ്ടക്കൈയിലും ചൂരൽമലയിലുമുണ്ടായ ദുരന്തത്തിലും ഇരയായവരെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ചേർത്ത് നിർത്തിയതുപോലെ യു.ഡി.എഫ്.-ന് ചേർത്തുനിർത്താൻ കഴിഞ്ഞോ; ഇവരായിരുന്നു കേരളം ഭരിച്ചിരുന്നതെങ്കിൽ ഈ ദുരന്തബാധിതരുടെ സ്ഥിതി എന്താകുമായിരുന്നു? പ്രകൃതി ദുരന്തമുണ്ടായി ഒരുവർഷവും ഏഴ് മാസവും തികയുമ്പോൾ മുണ്ടക്കൈയിലും ചൂരൽമലയിലുമുള്ള ആളുകൾ അവർക്കുവേണ്ടി സർക്കാർ നിർമ്മിച്ച് നൽകിയ

ടൗൺഷിപ്പിലേക്ക് താമസം മാറുകയാണ്. ഇതാണ് ഇടതുപക്ഷ സർക്കാർ ലഭ്യമാക്കികൊടുക്കുന്ന മാറ്റം. പ്രതിപക്ഷത്തിന് ഏതെല്ലാം നിലയിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്നാണ് അവകാശപ്പെടുന്നത്?

ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേരളത്തിന്റെ ആരാധ്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഏതെല്ലാം നിലയിലാണോ അധിക്ഷേപിക്കാൻ കഴിയുന്നത് ആ നിലയിലെല്ലാം അധിക്ഷേപിച്ചു. ഒരു പ്രതിപക്ഷ നേതാവിന്റെ വായിൽനിന്നും ഉണ്ടാകാൻ പാടില്ലാത്ത അപഹാസ്യകരമായ വാക്കുകൾ പറഞ്ഞു. രാഷ്ട്രീയപരമായി വിമർശനമുണ്ടാകാം. എന്നാൽ പക്വതയോട്ടും പാകതയോട്ടുംകൂടി നടത്തേണ്ട വിമർശനത്തെ വായിൽ തോന്നിയത് കോതയ്ക്ക് പാട്ട് എന്ന നിലയിൽ അവതരിപ്പിക്കുന്ന സ്ഥിതി ഇന്നലെ നമ്മൾ കണ്ടു. അവർ വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പറയുകയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിലെ വിദ്യാഭ്യാസ മേഖല എങ്ങനെയായിരുന്നെന്ന് ഞാൻ ഓർക്കുകയാണ്. ഞങ്ങൾ എസ്.എഫ്.ഐ. പ്രവർത്തകരായിരിക്കുന്ന കാലത്ത് ഒരു ദിവസം രാത്രി മലാപ്പറമ്പ് സ്കൂൾ ഇടിച്ച് തകർത്തിരിക്കുന്നെന്ന വാർത്ത

കേൾക്കാനിടയായി. ലാഭകരമല്ലെന്നതിന്റെ പേരിൽ യു.ഡി.എഫ്. അടച്ചുപൂട്ടാൻ തീരുമാനിച്ച മലാപ്പറമ്പ് സർക്കാർ സ്കൂൾ ഇടിച്ചുനിരത്താനുള്ള തീരുമാനമെടുത്തു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരു രാത്രികൊണ്ട് സ്കൂൾ പൊളിച്ചുകളഞ്ഞു. കാരപറമ്പ് സ്കൂളിനെ ലാഭകരമല്ലാത്ത സ്കൂളുകളുടെ പട്ടികയിലുൾപ്പെടുത്തുന്ന സാഹചര്യമുണ്ടായി. പാഠപുസ്തകം എവിടെയെന്നും ഓണപരീക്ഷയായിട്ടും പാഠപുസ്തകം എന്തുകൊണ്ടാണ് അച്ചടിച്ച് നൽകാത്തതെന്നും ചോദിച്ചപ്പോൾ ഓണം നേരത്തെ വന്നതുകൊണ്ടാണ് പാഠപുസ്തകം ലഭിക്കാത്തതെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. എസ്.എസ്.എൽ.സി. പരീക്ഷ നടക്കുന്ന ഘട്ടത്തിൽ ചോദ്യപേപ്പറിനകത്ത് ചന്ദ്രക്കലയും നക്ഷത്രചിഹ്നവും അച്ചടിച്ചുവച്ചിരിക്കുന്നത് നമ്മൾ കണ്ടു. ആ വിദ്യാഭ്യാസ കാലഘട്ടത്തിലേക്ക് തിരിച്ചുപോകണമെന്നാണോ പ്രതിപക്ഷ നേതാവ് പറയുന്നത്? കഴിഞ്ഞ ദിവസങ്ങളിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിനിടയിൽ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഐസ്ക്രീം നുണഞ്ഞുകൊണ്ട് കുട്ടികൾക്കിടയിലൂടെ സഞ്ചരിക്കുകയാണ് ചെയ്തത്. എന്നാൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ വിദ്യാഭ്യാസ

വകുപ്പുമന്ത്രി ആയിരക്കണക്കിന് പൊലീസുകാരുടെയും ബ്ലാക്ക് ക്യാറ്റ്സിന്റെയും അകമ്പടിയോടുകൂടി ഓരോ വേദിയിലേക്കും വിദ്യാർത്ഥികളുടെ മുന്നിലേക്കും നടന്നുപോകേണ്ട ദുരവസ്ഥയുണ്ടായിരുന്ന കാലഘട്ടത്തിലേക്ക് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ കൊണ്ടുപോകണമെന്നാണോ ഇവർ പറയുന്നത്? കുട്ടികൾക്ക് ടോയ്‌ലെറ്റിൽ പോകാൻ സൗകര്യമില്ലെന്നതാണ് യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ പ്രധാനപ്പെട്ട വാർത്ത. കുട്ടികൾ അടുത്ത വീടുകളിലെ ടോയ്‌ലെറ്റിനുമുമ്പിൽ ക്യൂ നിൽക്കുന്നെന്ന വാർത്തയും അക്കാലത്തുണ്ടായില്ലേ; കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ ഇങ്ങനെയാണോ നയിക്കുന്നത്? ഇപ്പോൾ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനം എന്താണ്; കാസർഗോഡ് ജില്ലയിൽ ശരീരം നുറുങ്ങുന്ന വേദനോടുകൂടി ജീവിച്ചുകൊണ്ടിരിക്കുന്ന, നമുക്കെല്ലാം പ്രിയപ്പെട്ട സിയ ഫാത്തിമയെന്ന മിടുക്കിയായ കുട്ടിക്ക് കലോത്സവത്തിൽ പങ്കെടുക്കാൻ ആഗ്രഹമുണ്ടെങ്കിലും യാത്ര ചെയ്യാൻ കഴിയുന്നില്ല. അതിനാൽ കലോത്സവ മാന്വലിൽ മാറ്റം വരുത്തിക്കൊണ്ട് ഓൺലൈനായി മത്സരത്തിൽ

പങ്കെടുക്കാൻ സംവിധാനമൊരുക്കി കൊടുത്തു കേരളത്തിന്റെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ്. കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന മാറ്റത്തെ കാണാതിരിക്കാൻ കഴിയുമോ; വിദ്യാഭ്യാസ വകുപ്പുമന്ത്രി കുട്ടികളോട് സംവദിച്ച് അവരുടെ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുകയാണ്. കുട്ടികളുടെ ബാഗിന്റെ ഭാരം കുറയ്ക്കണമെന്നത് ഏറ്റവും പ്രധാനപ്പെട്ട തീരുമാനമായി വരുന്നു. ഇനി ബാക്ക് ബെഞ്ചേഴ്സ് ഉണ്ടാകാൻ പാടില്ല. അധ്യാപകർക്ക് എല്ലാ കുട്ടികളെയും ഒരുമിച്ച് വിലയിരുത്താൻ കഴിയുന്ന തരത്തിൽ കുട്ടികളുടെ ക്ലാസ് മുറികൾ ക്രമീകരിക്കണമെന്ന് പറയുന്ന ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ നമുക്ക് കാണാൻ കഴിയും. യു.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ കുട്ടികൾക്ക് പുഴുത്ത് നാറിയ അരിയാണ് വിതരണം ചെയ്തിരുന്നത്. ഇന്ന് ഞങ്ങളുടെ സ്കൂളിൽ ബിരിയാണിയാണെന്നും നാളെ ഞങ്ങളുടെ സ്കൂളിൽ മന്തിയാണെന്നും നാളെ ഞങ്ങൾക്ക് നല്ല ആഹാരമാണ് ലഭിക്കുന്നതെന്നും കുട്ടികൾ പറയുന്ന നിലയിലേക്ക് വിദ്യാഭ്യാസ മേഖലയിൽ മാറ്റമുണ്ടാക്കാൻ കഴിയുന്ന സാഹചര്യമുണ്ടായി. സിയ ഫാത്തിമയെപോലെയുള്ള കുട്ടികൾക്കുവേണ്ടി

സൗകര്യങ്ങൾ ഒരുക്കികൊടുക്കുമ്പോൾ ഒരു വിദ്യാലയമാകെ കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് മനുഷ്യ മതിൽ തീർത്ത് നന്ദി രേഖപ്പെടുത്തുന്ന കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയാണ് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അധിക്ഷേപിച്ചുകൊണ്ട് ഞങ്ങളുടെ കാലത്ത് വലിയ മാറ്റമായിരുന്നുവെന്ന് പറയുകയാണ്. നിങ്ങളുടെ ഭരണകാലഘട്ടത്തിലെ നേട്ടമെന്തായിരുന്നെന്ന് ഇനിയെങ്കിലും നിങ്ങൾ തിരിച്ചറിയണം. നിങ്ങളുടെ ഭരണകാലത്തെ വിദ്യാഭ്യാസ കാലഘട്ടം ഏറ്റവും അഴിമതി നിറഞ്ഞതായിരുന്നു. ആ കാലഘട്ടത്തിലേക്ക് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ കൊണ്ടുപോയാൽ തകർന്ന് തരിപ്പണമാകുമെന്ന് നിങ്ങൾ മനസ്സിലാക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഞങ്ങളുടെ ഭരണകാലത്ത് ബി.എം.&ബി.സി. നിലവാരത്തിലുള്ള നിരവധി റോഡുകളുണ്ടാക്കിയെന്ന് നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. കിഫ്ബി പദ്ധതിയെ എതിർത്തവരാണ്. ഞങ്ങൾ വലിയ മാറ്റത്തിന് വിധേയമാക്കിയെന്ന് പ്രതിപക്ഷനേതാവ് പറയുകയാണ്. വയനാട്, കോഴിക്കോട് ജില്ലകളെ

ബന്ധിപ്പിക്കുന്ന എന്റെ നാട്ടിലെ ഒരു വലിയ പദ്ധതിയായ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയെ എന്ത് വിലകൊടുത്തും എതിർക്കുമെന്ന നിലപാട് സ്വീകരിച്ച ആളാണ് പ്രതിപക്ഷനേതാവ്. കിഫ്ബി പദ്ധതിയിലൂടെ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് എതിരുനിൽക്കുന്ന നിലപാട് സ്വീകരിക്കുന്ന ഇവർ കേരളത്തിൽ എന്ത് മാറ്റമുണ്ടാക്കുമെന്നാണ് പറയുന്നത്. ഇവരുടെ വികലനയങ്ങൾക്കെതിരെ ഏറ്റവും ഊർജസ്വലമായ പ്രവർത്തനങ്ങളും കാഴ്ചപ്പാടുകളും അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് തുടരുകതന്നെ ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ സമ്പൂർണ്ണമായി പിന്തുണയ്ക്കുന്നു. 'പ്രതീക്ഷയുള്ളിടത്ത് വഴിയും ഉണ്ടാകും' എന്ന ഹെലൻ കെല്ലറുടെ വാക്കുകൾ അന്വർഥമാക്കുന്നതാണ് ഈ നയപ്രഖ്യാപന പ്രസംഗം. സാമ്പത്തിക വെല്ലുവിളികളെയും പ്രകൃതിദുരന്തങ്ങളെയും അതിജീവിച്ച് മുന്നേറി,

പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റിയ ധൈര്യമാണ് കേരളത്തിന്റെ യഥാർഥ കരുത്തെന്ന് നയപ്രഖ്യാപന പ്രസംഗം നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. കേരളത്തിന്റെ ഭാവിദിശ വ്യക്തമായി രേഖപ്പെടുത്തുന്ന ജനകീയ പ്രതീക്ഷകളെ പ്രതിഫലിപ്പിക്കുന്ന പുരോഗതിയുടെയും സാമൂഹികനീതിയുടെയും ദീപസ്തംഭമായ ഒരു നയപ്രഖ്യാപനമാണ് ബഹുമാന്യനായ ഗവർണർ ഈ സഭ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നത്. നേരത്തെ പ്രതിപക്ഷ നേതാവും ഉപനേതാവും അവരുടെ പ്രസംഗങ്ങളിൽ പഴയകാലത്തെ ഓർമ്മിപ്പിച്ചുകൊണ്ട് കടന്നുപോകുകയുണ്ടായി. ആ കെട്ടകാലത്തെക്കുറിച്ച് ഓർമ്മിപ്പിക്കാതിരിക്കുന്നതാണ് നല്ലതെന്നകാര്യം ബഹുമാന്യയായ മന്ത്രിയുടെ മറുപടി പ്രസംഗത്തിലൂടെ അവർക്ക് ബോധ്യമായിക്കഴിഞ്ഞിരിക്കും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സി. എച്ച്. മുഹമ്മദ്കോയയുടെ ഉദ്ധരണികളെടുത്തുകൊണ്ട് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. സി. എച്ച്. അന്ന് പറഞ്ഞത്, 'ബഹറിൽ മുസല്ലയിട്ട് നമസ്കരിച്ചാലും ആർ.എസ്.എസ്.-നെ വിശ്വസിക്കരുത്';

എന്നായിരുന്നു. എന്നാൽ മുസ്ലീം ലീഗിന്റെ പുതിയ നേതൃത്വം വടകരയിലും ബേപ്പൂരിലുമുണ്ടാക്കിയ 'കോ-ലീ-ബി' സഖ്യത്തെ മറക്കാൻ കഴിയില്ല. ആർ.എസ്.എസ്.-ന്റെ മുതിർന്ന നേതാവായിരുന്ന കെ. ജി. മാരാരുടെ ജീവചരിത്രത്തിൽ മുസ്ലീം ലീഗും ബി.ജെ.പി.-യും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അത് വായിച്ചാൽ നന്നായിരുന്നുവെന്നാണ് സാന്ദർഭികമായി അദ്ദേഹത്തോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. 2016 ഫെബ്രുവരി 24-ലെ 3204-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് അന്നത്തെ മുഖ്യമന്ത്രി നൽകിയ മറുപടിപ്രകാരം 470606 ഭവനരഹിത കുടുംബങ്ങളുണ്ടെന്നാണ് സൂചിപ്പിച്ചത്. എന്നാൽ അക്കാലയളവിൽ 443449 വീടുകൾ നിർമ്മിച്ചുനൽകിയെന്നാണ് പ്രതിപക്ഷനേതാവ് ചൂണ്ടിക്കാട്ടിയത്. അദ്ദേഹത്തിന്റെ വാക്കുകൾ ശരിയാണെങ്കിൽ വീടില്ലാത്ത 27157 കുടുംബങ്ങൾ മാത്രമേ ബാക്കിയുണ്ടാകുമായിരുന്നുള്ളൂ. പിന്നെ എങ്ങനെയാണ് ലൈഫ് ഭവന പദ്ധതിക്ക് ഏഴ് ലക്ഷത്തിലധികം അപേക്ഷകൾ ലഭിച്ചതെന്നുകൂടി വ്യക്തമാക്കേണ്ടതുണ്ട്. മേൽ ചോദ്യത്തിന്റെ ഉത്തരത്തിൽ കൃത്യമായ എണ്ണം

പറയുന്നില്ലെങ്കിലും 2011-2016 യു.ഡി.എഫ്. കാലഘട്ടത്തിൽ 'ഗൃഹശ്രീ' പദ്ധതിയിൽ 2734-ഉം 'സുരക്ഷാ' പദ്ധതിയിൽ 698-ഉം വീടുകളുൾപ്പെടെ ആകെ ഈ കരാറിലൂടെ 3432-ഉം മേൽക്കൂര നന്നാക്കിയതും അറ്റകുറ്റപ്പണികൾ നടത്തിയതും എല്ലാമുൾപ്പെടെ 6923 എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. എന്നാൽ കഴിഞ്ഞ പത്തുവർഷംകൊണ്ട് പൂർത്തിയായ ലൈഫ് ഭവനങ്ങളുടെ എണ്ണം 5 ലക്ഷത്തിലുമധികമാണ്. അതായത് ഒരുവർഷം 50000 എണ്ണം വീതം ഒരുമാസം 4150-ലധികം അതായത് മണിക്കൂറിൽ ഏകദേശം 6 വീടുകൾ എന്ന നിലയിലാണ് നാം നിർമ്മിച്ചുനൽകിയിട്ടുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. കാലഘട്ടത്തിലെ ആരോഗ്യ രംഗത്തിന്റെ സ്ഥിതിയെന്തായിരുന്നു; ചോർന്നൊലിക്കുന്ന കെട്ടിടങ്ങളും ആശുപത്രികളിൽ ഡോക്ടർമാരില്ലാത്ത, മരുന്ന് ലഭ്യമല്ലാത്ത ഒരു കെട്ടകാലം. അതുപോലെ ഉത്തരേന്ത്യൻ സംസ്ഥാനത്തുള്ള മെഡിക്കൽ കോളേജിലെ ഒരു ബെഡ്ഡിൽ നായ കിടന്നുറങ്ങുന്ന ഒരു ചിത്രം ഈയിടെ നമ്മുടെ മാധ്യമങ്ങളിൽവന്നത് എന്റെ ഓർമ്മയിലേയ്ക്ക് കടന്നുവരികയാണ്. അതിനുമുമ്പുള്ള വാർത്തകളിൽ വന്നത്, ആശുപത്രി വാർഡിനുള്ളിലൂടെ

എലികൾ ഓടിനടക്കുന്ന വീഡിയോ ആയിരുന്നു. ഇതെല്ലാം എന്നെ ഓർമ്മിപ്പിച്ചത് 2011-16 കാലഘട്ടത്തിലെ നമ്മുടെ ആശുപത്രികളെയാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ ഏകദേശം 6500 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിക്കഴിഞ്ഞു. അതാണ് ഇന്നത്തെ സ്ഥിതി. അതുപോലെ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം നടന്നിരുന്ന അവയവമാറ്റ ശസ്ത്രക്രിയകൾവരെ താലൂക്കാശുപത്രികളിൽ നടന്നുവരികയാണ്. നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ഏറ്റവും മെച്ചപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്താണ്. കേരളത്തിലെ മൊത്തം ആഭ്യന്തരോല്പാദനം 2015-16 കാലഘട്ടത്തിൽ 5.26 കോടി രൂപയിൽനിന്ന് 2024-25-ൽ 12.49 കോടി രൂപയായി വർധിച്ചത് നമുക്ക് കാണാൻ സാധിക്കും. ഇതിലൂടെ പ്രതിശീർഷ വരുമാനം 2016-ൽ 1,66,246 കോടി രൂപയിൽനിന്ന് 2024-ൽ 3,00,083,38 ആയി ഉയർത്താൻ സാധിച്ചത് സാമ്പത്തിക അച്ചടക്കത്തിന്റെ തെളിവാണ്. സാമ്പത്തിക വളർച്ച യു.ഡി.എഫ്. കാലഘട്ടത്തിലെ 4.49 ശതമാനത്തിൽനിന്ന് 9.97 ശതമാനത്തിലേയ്ക്ക് ഉയർന്നത് നിങ്ങൾക്ക് കാണാൻ സാധിക്കുന്നില്ലേ;

കഴിഞ്ഞ പത്തുവർഷംകൊണ്ട് വൻകിട വികസന പദ്ധതികളൊന്നും നടപ്പിലായില്ലെന്നാണ് ഈയിടെ പ്രതിപക്ഷനേതാവും ഉപനേതാവും പത്രപ്രവർത്തകരോട് പറഞ്ഞത്. യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ  സ്ഥലം ഏറ്റെടുത്ത് നൽകാൻ കഴിയില്ലെന്ന് പറഞ്ഞ് നിർത്തിവച്ച ഗെയിൽ പൈപ്പ്ലൈൻ പദ്ധതി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കിയത് നിങ്ങൾ കാണുന്നില്ലേ; കീഴാറ്റൂർ-വയൽക്കിളി സമരവും നടക്കുന്ന കാലഘട്ടത്തിൽ  അന്നത്തെ ബി.ജെ.പി. പ്രസിഡന്റിന്റെ ഫെയ്സ് ബുക്ക് പോസ്റ്റിനെക്കുറിച്ച് നിങ്ങൾ ഓർക്കുന്നില്ലേ; ഗെയിൽ പൈപ്പ്ലൈൻ പദ്ധതി നടപ്പിലാക്കിയാൽ ശ്രീ. പിണറായി വിജയനെ ഞങ്ങൾ അംഗീകരിക്കുമെന്നായിരുന്നു അന്ന് പറഞ്ഞത്. എന്നാൽ പദ്ധതി നടപ്പിലായി ശ്രീ. പിണറായി വിജയനെ അംഗീകരിക്കാൻ അവർ തയ്യാറായില്ല. കൊച്ചി മെട്രോയും വാട്ടർ മെട്രോയും തീരദേശ ഹൈവേയും മലയോര ഹൈവേയും നിങ്ങൾ കാണുന്നില്ലേ; 2011-16 കാലഘട്ടത്തിൽ നിങ്ങൾ തറക്കല്ലിട്ടുവെന്ന് അവകാശപ്പെടുന്ന വിഴിഞ്ഞം തുറമുഖം  പെട്ടെന്ന് കല്ല് മുളച്ചുണ്ടായതല്ല, ഇച്ഛാശക്തിയും കഠിനാധ്വാനവുംകൊണ്ട്

പൂർത്തീകരിച്ചതാണ്. അഞ്ച് കപ്പലുകൾക്ക് ഒരുമിച്ച് നങ്കൂരമിടാൻ കഴിയുന്ന രീതിയിൽ തുടർഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ കള്ളാടി-മേപ്പാടി തുരങ്കപാതയുടെ പ്രവൃത്തി അതിവേഗം നടന്നുവരികയാണ്. ഇവിടെ നടന്ന വികസനങ്ങളൊക്കെ 2016-ൽ കണ്ണൂർ വിമാനത്താവളം ഉദ്ഘാടനം ചെയ്തതുപോലെ കടലാസുവിമാനം പറപ്പിച്ചുകൊണ്ടല്ല. നാടിന്റെ നാനാഭാഗത്തും ലൈവായി നിലനിൽക്കുന്ന വികസനങ്ങളാണ് ഈ സർക്കാർ നടപ്പാക്കിയത്.

"എവിടെ തിരിഞ്ഞൊന്ന് നോക്കിയാലും

അവിടെല്ലാം പൂത്തമരങ്ങൾ മാത്രം" എന്ന് ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ പ്രശസ്ത കവിതയായ രമണൻ-ൽ പറഞ്ഞതുപോലെ ഇവിടെ എല്ലായിടത്തും വികസനങ്ങൾ കാണാം. ഇത്രമാത്രം സൂചിപ്പിച്ചുകൊണ്ട് നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. ഇന്നലെ

രാത്രിമുതൽ വിദേശത്തുള്ള മലയാളികൾക്കിടയിൽ സോഷ്യൽ മീഡിയവഴി ഒരു കവിതാശകലം ഇങ്ങനെ പ്രചരിക്കുകയാണ്. 'പ്രതിപക്ഷ കസേരയിൽ കയറിയിരിക്കുന്നവൻ വെള്ളത്ത ഡ്രസ്സിട്ട സംഘീശനോ, വിനായക ദാമോദർ സതീശനോ, എന്ന് വർണ്ണ്യത്തിലാശങ്ക', എന്നൊക്കെ പറഞ്ഞിട്ടാണ് ആ കവിത അവസാനിക്കുന്നത്. ഇന്നലെ പ്രതിപക്ഷം സഭയിൽനിന്നും ഇറങ്ങിപ്പോയി. ഒരു ആഭാസ സമരത്തിന് നേതൃത്വം കൊടുത്ത പ്രതിപക്ഷനേതാവ്, കേട്ടാലറയ്ക്കുന്ന പുലഭ്യം പറഞ്ഞുകൊണ്ട് കേരളത്തിലെ പ്രിയങ്കരനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അധിക്ഷേപിച്ചത് അവരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. അതുകൊണ്ടായിരിക്കും സ്വാഭാവികമായും അങ്ങനെയൊരു കവിത അവരിൽനിന്നും ഉത്ഭവിച്ചത്. അവനവന്റെ നിലവാരത്തകർച്ച മാലോകരെ അറിയിക്കാൻ മൈക്കിൽ മന്ത്രിയുടെ മെക്കിട്ടുകയറിയ പ്രതിപക്ഷനേതാവ് ആരുടെ ക്വട്ടേഷനാണ് എടുത്തതെന്ന് വ്യക്തമാകും. കേരളത്തിലെ ബി.ജെ.പി.-യുടെ അക്കൗണ്ട് നേമത്ത് പൂട്ടിയത് ആരാണ്; നമ്മുടെ പ്രിയങ്കരനായ ഇന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. അത്യുജ്ജ്വലമായ വിജയമാണ് അദ്ദേഹം നേടിയത്. അന്നുതുടങ്ങിയതാണ്

അദ്ദേഹത്തിനെതിരെ സംഘ്പരിവാറിന്റെ ക്വട്ടേഷൻ. ആ ക്വട്ടേഷൻ സ്വീകരിച്ചുകൊണ്ട് ഈ പറഞ്ഞ വെളുത്ത ഡ്രസ്സിട്ടുകൊണ്ട് സംഘീശനായി ആര് ഇവിടേയ്ക്ക് വന്നാലും അത് ഈ കേരളം സഹിക്കുമെന്ന് നിങ്ങൾ കരുതണ്ട. വായിൽ തോന്നുന്നത് വിളിച്ചുപറയുന്ന പ്രതിപക്ഷനേതാവ്, സമുദായ നേതാക്കളുടെ തിണ്ണ നിരങ്ങാനില്ലെന്നുപറയുന്ന കപട മതേതരവാദി മാത്രമല്ല, ഈ പറഞ്ഞ വെള്ള ഡ്രസ്സിട്ട സംഘിതന്നെയാണ് എന്ന് വ്യക്തമാക്കിക്കൊണ്ടിരിക്കുകയാണ്. 2006-ൽ പറവൂർ മനക്കപ്പടി സ്കൂളിൽ ഗോൾവാക്കറിന്റെ ഫോട്ടോയുടെ മുന്നിൽ നട്ടെല്ല് വളച്ച് കുമ്പിട്ടുനിന്ന് വിളക്കുകൊളുത്തിയതിന്റെ അടയാളം സംഘ്പരിവാറിന്റെ വേദിയായ അന്നത്തെ ആ തിണ്ണയിൽ ഇപ്പോഴും കാണാം. എന്നിട്ടാണ് ഈ സമുദായ നേതാക്കളുടെ തിണ്ണനിരങ്ങാനില്ലെന്ന് ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. 2013-ൽ സംഘ്പരിവാറിന്റെ കേരളത്തിലെ തലതൊട്ടപ്പനായ പി. പരമേശ്വരന്റെ 'വിവേകാനന്ദനും പ്രബുദ്ധകേരളവും' എന്ന പുസ്തകപ്രകാശനം തൃശ്ശൂരിൽവച്ച് നടത്തിയപ്പോൾ സംഘ്പരിവാരത്തെ വെള്ള പൂശിയ വെളുത്ത ഡ്രസിട്ട സംഘിയെ അന്ന് കേരളം

ശ്രദ്ധിച്ചിരുന്നതാണ്. 2011-16 യു.ഡി.എഫ്. ഭരണകാലത്ത്, ഇവിടെയിപ്പോൾ പ്രതിപക്ഷബഞ്ചുകൾ ഒഴിഞ്ഞുകിടക്കുകയാണ്, അഞ്ചാം മന്ത്രി വിവാദം കത്തിനിന്ന സമയത്ത് മലബാറിൽ പുതിയ 33 സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച സന്ദർഭം കൂടിയായിരുന്നു. അതിനെതിരെ വർഗീയ വിഷം ചീറ്റി നിലവിളിച്ച വെള്ള ഡ്രസിട്ട സംഘിപുത്രനാണ് ശ്രീ. വി. ഡി. സതീശൻ എന്നത് മതനിരപേക്ഷ കേരളം മറക്കാൻ സാധ്യതയില്ലെന്നാണ് കരുതുന്നത്. അടുത്ത തിരഞ്ഞെടുപ്പിൽ അധികാരം കിട്ടിയില്ലെങ്കിൽ, താൻ മുഖ്യമന്ത്രിയായില്ലെങ്കിൽ, വനവാസത്തിനുപോകുമെന്ന് പറഞ്ഞ വാർത്ത കേട്ട് കേരളത്തിലെ മനുഷ്യർ സ്വാഭാവികമായും ചിരിച്ചു. പക്ഷേ കേരള വനമേഖലയിലെ വന്യമൃഗങ്ങൾ കരയുകയാണ് ചെയ്തത്. തങ്ങളെ വെല്ലുന്ന വന്യതയുമായി നാട്ടിലാകെ നശീകരണ പ്രവൃത്തികൾക്ക് നേതൃത്വം കൊടുക്കുന്നവൻ, തങ്ങൾക്കിടയിലേയ്ക്ക് വന്നാലുണ്ടാകുന്ന അങ്കലാപ്പാണ് അവരുടെ മനസ്സിലുണ്ടായത്. എന്റെ ഭയം, കാട്ടിലെ വന്യമൃഗങ്ങൾക്ക് അവശേഷിക്കുന്ന സ്വസ്ഥത നഷ്ടപ്പെടുമെന്ന ഭയത്താൽ നാട്ടിലേയ്ക്കുവന്നാൽ അവരെ എവിടെയാണ് പുനരധിവസിപ്പിക്കുക എന്നതിനെക്കുറിച്ച്

ആലോചിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. സംഘ്പരിവാറിന്റെ മാനസപുത്രനായി മാറിയ വിനായക് ദാമോദർ സതീശന്റെ വേഷപ്പകർച്ചയും വേഷം കെട്ടലുകളും ഞങ്ങൾക്കുനേരെ വേണ്ടതില്ലെന്നാണ് ഇടതുപക്ഷ മതനിരപേക്ഷ കേരളത്തിനുവേണ്ടി ഈ സഭയെ അറിയിക്കാനുള്ളത്. പുനർജനിയുടെ പേരിൽ പ്രവാസികളുടെ ഫണ്ട് പറ്റിച്ചപ്പോൾ അവർ സഹിച്ചുവെന്ന് കരുതി മലയാളികൾ എന്തും സഹിക്കുമെന്ന് പ്രതിപക്ഷനേതാവ് കരുതേണ്ടതില്ല. കള്ളങ്ങൾ നിരന്തരം പറയുന്ന സതീശൻ കേട്ടാലറയ്ക്കുന്ന തന്റെ തറവാട്ട് ഭാഷ പൊതുനിരത്തിൽ വിളിച്ച് പറയുന്നത് കേരളനിയമസഭയ്ക്കും മലയാളനാടിനും അപമാനമാണെന്നുകൂടി നാം തിരിച്ചറിയുകയും അവജ്ഞയോടെ അത് തള്ളിക്കളയുകയും ചെയ്യണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

ഇവിടെ നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് കേരളം നേടിയ നേട്ടങ്ങളെ സംബന്ധിച്ച് ആരാധ്യനായ ശ്രീ. ടി. പി. രാമകൃഷ്ണൻ വളരെ വിസ്തരിച്ചുതന്നെ പ്രതിപാദിക്കുകയുണ്ടായി. പിണറായി സർക്കാരിന്റെ ഇക്കഴിഞ്ഞ പത്ത് വർഷക്കാലമായിരിക്കും ഇനി കേരളത്തിന്റെ

സുവർണ്ണകാലമായി രേഖപ്പെടുത്താൻ പോകുന്നത്. നമ്മുടെ നാട്ടിലുണ്ടായ ഈ മാറ്റം കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ സ്വീകരിക്കുകതന്നെ ചെയ്യും. യു.ഡി.എഫ്.-ന്റെ ഇരുണ്ടകാലത്തെ വകഞ്ഞുമാറ്റി പ്രകാശപൂരിതമായ പുതിയ കാലം സൃഷ്ടിച്ചത് ഈ സർക്കാരാണ്. കോൺഗ്രസ്സിന്റെ ഭരണകാലത്ത് ആദ്യവർഷം തന്നെ അരമണിക്കൂറിലാരംഭിച്ച പവർകട്ട് പിന്നീട് ഒരു മണിക്കൂറും ഇടവിട്ടിടവിട്ട് ഒരു മണിക്കൂർ വീതവും ഏറ്റുവാങ്ങേണ്ടിവന്ന ഒരു നാടായിരുന്നു കേരളം. വ്യവസായികളും ചെറുകിട നാമമാത്ര സംരംഭകരും നൂറ് ശതമാനം പവർകട്ട് താങ്ങാനാകാതെ കേരളം വിട്ടോടിയ ചരിത്രവും യു.ഡി.എഫ്. ഭരണത്തിന്റേതാണ്. ഉപയോഗിക്കാതിരുന്നാൽ പല വാക്കുകളും അപ്രത്യക്ഷമാകുമെന്നത് എല്ലാ ഭാഷകളുടെയും ചരിത്രത്തിൽ ദൃശ്യമാണ്. ഇന്ന് രാവിലെ ഇവിടെ സംസാരിക്കുമ്പോൾ ആരോ അത് വിശദമാക്കിയിരുന്നു. മലയാള നാട്ടിൽ ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നീ പദപ്രയോഗങ്ങൾ അപ്രത്യക്ഷമായിരിക്കുകയാണ്. എന്താണ് ആ സാധനം എന്ന് ചോദിക്കുന്ന പുതുതലമുറയാണ് ഇന്ന് ഈ നാട്ടിൽ ജീവിക്കുന്നത്.

അതിന്റെ കാരണക്കാർ എൽ.ഡി.എഫ്. സർക്കാരാണെന്ന് നാം മനസ്സിലാക്കണം. യു.ഡി.എഫ്.-ന്റെ ഇരുണ്ടകാലത്തേക്ക് ഈ നാടിനെ തിരിച്ചുകൊണ്ടുപോകാൻ പ്രതിപക്ഷം ശ്രമിക്കുകയാണ്.

ഇലക്ട്രിസിറ്റിയുടെ ഫ്യൂസ് മാത്രമല്ല ഇവർ ഊരിയത്. വിദ്യാർഥികളിൽ നിന്ന് പരീക്ഷാഫീസ് പിരിച്ചിട്ടും പാഠപുസ്തകം നൽകാത്തവർ കൂടിയാണിവർ. അക്കാര്യമാണ് ശ്രീ. ലിന്റോ ജോസഫ് നേരത്തെ ഇവിടെപ്പറഞ്ഞത്. ഓണപ്പരീക്ഷാകാലത്ത് പുസ്തകം ലഭിക്കാതിരുന്നതിനാൽ സമരം നടത്തിയപ്പോൾ അതിനെ ന്യായീകരിച്ചുകൊണ്ട് ഓണമെന്തിനാ ഇത്ര വേഗം വന്നതെന്നാണ് അന്നത്തെ മന്ത്രി ചോദിച്ചത്. ഏതെങ്കിലും കാലത്ത് കർക്കിടക മാസത്തിൽ ഓണം വന്നിട്ടുണ്ടോ; ചിങ്ങമാസത്തിലല്ലേ ഓണം വരുന്നത്? അത് നേരത്തെ വന്നുവെന്ന നിലയ്ക്കുള്ള ആഭാസപ്രസംഗമായിരുന്നു നടത്തിയത്. ഈ രൂപത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് കേരളത്തിൽ നമുക്ക് കാണാൻ സാധിച്ചത്. ഇത് വെറുതെ മാറിയതല്ല, മാറ്റിയതാണ്. ഒന്നാം കമ്മ്യൂണിസ്റ്റ് സർക്കാർ കേരളത്തിലൊരുക്കിയ ആധുനിക കേരളത്തിന്റെ അടിത്തറയിൽ തീർത്ത

മാറ്റമാണ് ഈ കേരളത്തിൽ ഇന്ന് കാണുന്ന എല്ലാ മാറ്റങ്ങളും എന്ന് നമ്മൾ മനസ്സിലാക്കണം. ഇന്ത്യയിൽ ആദ്യമായി കർഷകത്തൊഴിലാളി പെൻഷൻ നൽകിയ ഇടത് സർക്കാർ ഇപ്പോഴിതാ എല്ലാ ക്ഷേമ പെൻഷനുകളും രണ്ടായിരം രൂപയാക്കി മാറ്റി. ലോകത്തിലാദ്യമായി വീട്ടമ്മമാർക്ക് സ്വന്തം വീട്ടിലെ ജോലിക്ക് സർക്കാർ ശമ്പളം നൽകുന്ന സിസ്റ്റത്തിലേക്ക് നവകേരളത്തെ എത്തിച്ചതാണ് എൽ.ഡി.എഫ്.-ന്റെ നേട്ടമെന്ന് പറയുന്നത്. ഈ രീതിയിൽ എല്ലാ വിഭാഗങ്ങളെയും സംരക്ഷിക്കുന്ന, നവകേരള സൃഷ്ടിക്ക് നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ സർക്കാരിനെ തകർക്കാൻ എല്ലാ വർഗീയ ശക്തികളുമായും ഒത്തുതീർപ്പിലെത്തി അവരെ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്ന ഈ പ്രതിപക്ഷത്തിന്റെ നെറികെട്ട നിലപാടുകൾ അവർ അടിയന്തരമായി തിരുത്തണമെന്ന് അവരോട് അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ മഹത്തായ പാരമ്പര്യം നമ്മുടെ നാട് മറക്കാതിരിക്കേണ്ടതാണ്. ലോകഗുരുവായി നമ്മളെന്നും മനസ്സിൽ സൂക്ഷിക്കുന്ന മതനിരപേക്ഷതയുടെ ഇതിഹാസ ഗുരുവായ ശ്രീനാരായണഗുരുവിന്റെയും മനുഷ്യാവകാശത്തിന്റെ വില്ലുവണ്ടിയുമായി

പാഞ്ഞ് മുന്നേറിയ അയ്യൻകാളിയുടെയും എണ്ണിയാലൊടുങ്ങാത്ത മറ്റ് നിരവധി നവോത്ഥാന നായകരുടെയും പിന്മുറക്കാർ ആ പോരാട്ട പതാക ഏറ്റുവാങ്ങിയ കമ്മ്യൂണിസ്റ്റുകാരാണ്. ആ കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ ഇടത് പക്ഷത്തിന്റെ മതനിരപേക്ഷതയുടെ ഹൃദയവികാരം ഏറ്റുവാങ്ങിയ കേരളത്തിലെ ഈ ഭരണസംവിധാനത്തെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. കേരളത്തിലെ പ്രതിപക്ഷം അസംബ്ലിക്കകത്തും പുറത്തും ലക്ഷ്യബോധമില്ലാത്ത ഒരു സംഘമായി മാറിയിരിക്കുകയാണെന്നുള്ളത് നമുക്കറിയാം. കേരളത്തിലെ മാധ്യമങ്ങളിൽ ചിലത് അജണ്ട നിശ്ചയിച്ചുകൊടുത്ത് ഇറക്കിവിട്ടവർക്ക് ബഹുജനപ്രശ്നങ്ങളിലല്ല താല്പര്യം, വിവാദങ്ങളുണ്ടാക്കി സഭാനടപടികൾ തടസ്സപ്പെടുത്തുകയും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയും ചെയ്യുകയെന്നതാണ് അവരുടെ പ്രധാന അജണ്ടയെന്ന് ഓരോ ദിവസവും

വ്യക്തമാകുകയാണ്. ഇവിടെയൊരു ഭരണത്തുടർച്ചയുണ്ടായതിന്റെ ഭാഗമായി കേരളത്തിൽ വലിയ വികസനവും വികസനത്തുടർച്ചയും സംഭവിച്ചു. ജനജീവിതത്തിൽ അതിന്റെ മാറ്റം ഉണ്ടായിട്ടുണ്ട്. ആ മാറ്റം സ്ഥായിയായ പത്ത് വർഷക്കാലത്തെ ഈ തുടർച്ചയുടെ ഭാഗമായിട്ടുണ്ടായിട്ടുള്ളതാണ്. അത്തരമൊരു നിലപാട് സ്വീകരിക്കുമ്പോൾ ഒരുപക്ഷേ ഭരണത്തിൽ നിന്ന് പത്ത് വർഷക്കാലം മാറി നിൽക്കേണ്ടിവന്ന പ്രതിപക്ഷത്തിന് സ്വാഭാവികമായും പ്രയാസങ്ങളുണ്ടാകുമെന്നത് ഞങ്ങൾക്ക് മനസ്സിലാകും. ക്രിയാത്മക പ്രതിപക്ഷമെന്നാണ് നേരത്തെ ഇവിടെ പ്രതിപക്ഷനേതാവ് പറഞ്ഞത്. പക്ഷെയിവിടെ എല്ലാത്തിനെയും എതിർക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. കേരളം ഒരു ക്ഷേമ സംസ്ഥാനമാണ്. ക്ഷേമ പെൻഷൻ വന്നപ്പോൾ അഖിലേന്ത്യാ നേതൃത്വം മുതൽ കേരളത്തിലെ കോൺഗ്രസുൾപ്പെടെ പ്രതിപക്ഷ നേതാവുൾപ്പെടെ അത് കൈക്കൂലിയാണെന്ന് പറഞ്ഞ് 62 ലക്ഷം ആളുകളെ അപമാനിച്ചത് നമ്മുടെ ഓർമ്മയിലുണ്ട്. അതിദാരിദ്ര്യനിർമ്മാർജനം തട്ടിപ്പാണെന്ന് അത് നടപ്പാക്കിയ കോൺഗ്രസ്സിന്റെ പഞ്ചായത്തുകളെയുൾപ്പെടെ ആക്ഷേപിക്കുന്ന

രീതിയിൽ അതിനെക്കുറിച്ച് പറഞ്ഞത് നമ്മൾ കേട്ടതാണ്. കെ-ഫോണും നാഷണൽ ഹൈവേയും തീരദേശ മലയോര ഹൈവേയും ഇടമൺ പവർ ഹൈവേയും വിഴിഞ്ഞം പദ്ധതിയും റെയിൽ പദ്ധതിയും കിഫ്ബിയും തുരങ്കപാതയുമൊക്കെ നടക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ചവരാണ് ഇവർ. അവയ്ക്കെതിരായി പത്രമാധ്യമങ്ങളിൽക്കൂടി ജനങ്ങളെ പങ്കാളിയാക്കിക്കൊണ്ടുള്ള ഒരു പ്രവർത്തനവും സംഘടിപ്പിക്കാൻ അവർക്കായിട്ടില്ല. അവർ കുത്സിത ശ്രമങ്ങളൊക്കെ നടത്തിയിട്ടും കേരളത്തിൽ ഈ പദ്ധതികളൊക്കെ മുന്നോട്ട് പോകുകയാണ്. കേരളത്തിന്റെ വികസന നേട്ടങ്ങളെക്കുറിച്ച് ഇവിടെ എന്റെ സഹപ്രവർത്തകർ സംസാരിച്ച് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കൂടുതലായി പോകുന്നില്ല.

ഇവിടെ പ്രതിപക്ഷ നേതാവും മുൻ പ്രതിപക്ഷ നേതാവും ഇപ്പോഴത്തെ പ്രതിപക്ഷ ഉപനേതാവും കേരളത്തിൽ ഒന്നും നടക്കുന്നില്ലെന്ന ആക്ഷേപം ഉന്നയിക്കുകയുണ്ടായി. നിങ്ങളുടെ കയ്യിൽ പണമില്ലല്ലോ? അതുകൊണ്ട് കാര്യങ്ങളൊന്നും നടക്കുന്നില്ലെന്നാണ് പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത്.

കഴിഞ്ഞ പത്ത് വർക്കാലം ഏത് പ്രവർത്തനങ്ങളാണ് കേരളത്തിൽ പണമില്ലാത്തതിന്റെ പേരിൽ തടസ്സപ്പെട്ടിട്ടുള്ളത്? എല്ലാ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും ഒരു മുടക്കവും കൂടാതെ നടക്കുകയാണ്. കുഴപ്പങ്ങളുണ്ടാക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടലുകളെ നിങ്ങൾ നല്ലതുപോലെ പിന്തുണച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് പദ്ധതി പണമായാലും വായ്പാ പരിധിയിലെ കുറവ് വരുത്തലായാലും അനാവശ്യ ഇടപെടലുകളായാലും കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പണം നൽകാത്ത വിഷയങ്ങളിലായാലും കേരളത്തിലെ പ്രതിപക്ഷം കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത് തെറ്റാണെന്ന് പറഞ്ഞിട്ടുണ്ടോ? ഈ രക്തസാക്ഷി മണ്ഡപത്തിന്റെ മുന്നിലല്ലേ നിങ്ങളുടെ സമരമെന്ന് മുൻ പ്രതിപക്ഷ നേതാവ് ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, അതെന്താ സാർ രക്തസാക്ഷി മണ്ഡപം മോശമായ സ്ഥലമാണോ; രക്തസാക്ഷി മണ്ഡപത്തിന് മുന്നിൽ കേരള ജനതയുടെ പ്രതിഷേധം പ്രകടിപ്പാക്കാനായി നടത്തുന്ന സമരം മോശമായ സമരമായിട്ടാണോ മുൻ പ്രതിപക്ഷ നേതാവ് കാണുന്നത്? ഇക്കാര്യത്തിൽ ഇതിനു മുമ്പും സമരം നടന്നു. ഈ കാര്യങ്ങൾ ഉന്നയിച്ച്

കേരളത്തിന്റെ പ്രതിപക്ഷ നേതാവിനോടും കേരളത്തിന്റെ പ്രതിപക്ഷ കക്ഷി നേതാക്കളോടുമൊക്കെ ബി.ജെ.പി. വിരുദ്ധ സർക്കാരുകൾക്കെതിരായിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക ഉപരോധം പ്രശ്നമാണെന്ന് പറഞ്ഞപ്പോൾ നിങ്ങളത് അംഗീകരിച്ചില്ല. നിവേദനത്തിൽപ്പോലും ഒപ്പിടാൻ നിങ്ങൾ തയ്യാറായില്ല. നിങ്ങളുടെ എം.പി.-മാർ ഉൾപ്പെടെയുള്ളവർ ഇവിടെ വച്ച് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ എടുത്ത തീരുമാനം നടപ്പാക്കിയില്ല. ആ സമരത്തിൽ നിങ്ങൾ പങ്കെടുത്തില്ല. എന്നാലും ഡൽഹിയിൽ സമരം നടക്കുകയും നിയമപരമായ മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഭരണഘടനാ ബഞ്ചിന്റെ മുന്നിൽ സാമ്പത്തിക ഫെഡറിലസത്തെ സംബന്ധിച്ചുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ സംബന്ധിച്ച പോരാട്ടം സംഘടിപ്പിച്ചതാരാണ്; അതിനോട് നിങ്ങളുടെ സമീപനം എന്തായിരുന്നു?

ഇവിടെ പണമില്ലെന്നതാണ് നിങ്ങൾ ഉന്നയിക്കുന്ന ആക്ഷേപം. മുടക്കം കൂടാതെ ഈ പദ്ധതികൾ നടന്നത് കേരളത്തിന്റെ തനത് വരുമാനം മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടല്ലേ?

പത്തെഴുപതിനായിരം കോടി രൂപയുടെ അധിക വരുമാനമാണ് ഇവിടെയുണ്ടായിരിക്കുന്നത്. കേന്ദ്ര പദ്ധതിയിൽ നിന്ന് 25 ശതമാനം മാത്രം ലഭിക്കുമ്പോൾ 75 ശതമാനം മുടക്കേണ്ടിവരുന്ന ഒരു സംസ്ഥാനത്തിന്റെ സ്ഥിതി അറിയാത്തവരല്ലല്ലോ പ്രതിപക്ഷ നേതാക്കൾ? ആ വിഷയം മനസ്സിലാക്കിയിട്ടും എന്തിനാണ് തെറ്റായ പ്രചാരവേല സംഘടിപ്പിക്കാൻ നിൽക്കുന്നത്? സ്വാഭാവികമായും നമ്മളെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ഞെരുക്കമുണ്ട്. ആ സാമ്പത്തിക ഞെരുക്കത്തിന്റെ ഉത്തരവാദി കേന്ദ്ര-ഗവൺമെന്റാണെന്ന് പറയാൻ നിങ്ങൾ തയ്യാറാകുന്നില്ല. നിങ്ങൾക്കറിയുന്നതുപോലെ ആ പ്രയാസങ്ങൾക്കെതിരായിട്ടുള്ള പോരാട്ടത്തിനുമുമ്പിൽ നിങ്ങളില്ല. സൗത്ത് ഇന്ത്യയിലെ ധനകാര്യ വകുപ്പുമന്ത്രിമാരുടെ സമ്മേളനം ഇവിടെ വിളിച്ചുചേർത്തു. ആ സമ്മേളനത്തിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ ഇന്നും പ്രസക്തമല്ലേ? ആ കാര്യങ്ങളിൽ കേന്ദ്ര-ഗവൺമെന്റിന്റെ മുമ്പിൽ ഒരുമിച്ചൊരു സമരത്തിന് ഇനിയും നമ്മൾ ഒന്നിച്ച് മുന്നോട്ട് പോകേണ്ടതല്ലേ; കേരളം തകരുകയല്ലല്ലോ? മുന്നോട്ട് പോകുകയാണ്. 2011-2016-ൽ 5.6

ശതമാനമായിരുന്ന സാമ്പത്തിക വളർച്ചാ നിരക്ക് ഇന്ന് 12 ശതമാനത്തിൽ കൂടുതലായി. ജി.ഡി.പി. ഇരട്ടിയായി. ആളോഹരി വരുമാനം ഇരട്ടിയലധികമായി. കേരളം പുറകോട്ട് പോകുകയല്ലല്ലോ? ബഹുമാനപ്പെട്ട ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കേരളത്തിന്റെ കാർഷിക വ്യാവസായിക മേഖലയിലെ വൻകിട പദ്ധതികളെ സംബന്ധിച്ച് മേനി നടിച്ചു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ വന്നതിനെ ഞങ്ങളാരും നിഷേധിച്ചിട്ടില്ല. പക്ഷേ, കേരളത്തിൽ ഇപ്പോഴുണ്ടാകുന്ന വളർച്ചയെ അങ്ങ് അംഗീകരിക്കാത്തതെന്താണ്? അങ്ങ് തുടങ്ങിവച്ചുവെന്ന് പറയുന്ന പദ്ധതികൾ കടലാസിലും കല്ലിലും കിടന്നപ്പോൾ അത് പ്രവൃത്തി പഥത്തിലെത്തിക്കാൻവേണ്ടി ഈ ഗവൺമെന്റ് പണം മുടക്കി. അദാനിയുമായുള്ള കരാറിൽ പണം മുടക്കുന്നതിന്റെ സിംഹഭാഗവും വഹിക്കുന്നത് കേരളത്തിലെ ഗവൺമെന്റല്ലേ? ആ കരാറിന്റെ തെറ്റായ കാര്യങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. ആ പദ്ധതി നാടിനാവശ്യമാണ്. ആ പദ്ധതിയുടെ പ്രയോജനം വീണ്ടും ലഭിക്കാൻ കഴിയുന്ന രീതിയിലേക്ക് പദ്ധതി പൂർത്തീകരിക്കാൻ പോകുകയാണ്.

കേരളത്തിന്റെ നിരവധി പ്രദേശങ്ങളെടുത്ത് നോക്കിയാൽ എം.എൽ.എ.-മാർ പദ്ധതികളെപ്പറ്റി എന്താണ് പറയുന്നത്; നിങ്ങൾ കിഫ്ബി (The Kerala Infrastructure Investment Fund Board)-യെ എതിർത്തവരാണ്. കിഫ്ബി-യെ എതിർത്ത നിങ്ങൾ തിരഞ്ഞെടുപ്പ് വരുമ്പോൾ പ്രചരിപ്പിക്കാൻ പോകുന്നത് എന്താണ്? എന്റെ മണ്ഡലത്തിൽ 1500 കോടി രൂപയുടെ അല്ലെങ്കിൽ 2000 കോടി രൂപയുടെ വികസനപ്രവർത്തനം നടന്നുവെന്നാണ്. അതിപ്പോൾ നടക്കുന്നുണ്ടല്ലോ? അത് പ്രചരിപ്പിക്കുന്നതിന് എതിരാണെന്നല്ല ഞങ്ങൾ പറഞ്ഞത്. കേരളത്തിലെ പ്രതിപക്ഷമുൾപ്പെടെയുള്ള എല്ലാ മണ്ഡലത്തിന്റെയും സമഗ്ര വികസനത്തിന്, വിദ്യാഭ്യാസമായാലും ആരോഗ്യമായാലും കൃഷിയായാലും വ്യവസായമായാലും തൊഴിൽ നൽകുന്ന പദ്ധതിയായാലും മറ്റേത് മേഖലയിലായാലും പശ്ചാത്തല സൗകര്യ വികസനത്തിനുൾപ്പെടെയുള്ള വികസനത്തിന് സഹായിച്ചിട്ടുണ്ട്. പക്ഷേ, ഇതൊന്നും വേറെ വീട്ടിൽ നിന്നും എടുത്ത് തരുന്നതല്ലല്ലോ? ശ്രീ. പിണറായി വിജയന്റെ പേര് പറഞ്ഞില്ല എന്നുമാത്രമാണുള്ളത്. അങ്ങനെ പറഞ്ഞവരില്ലേ? അത്തരം നിലപാട് സ്വീകരിക്കുമ്പോൾ എന്തേ 2011-

2016-ൽ വികസനം ഈ പറയുന്ന മണ്ഡലങ്ങളിലൊന്നും നടന്നില്ലെന്നതിന്റെ ഉത്തരം കൂടി നിങ്ങൾ പറയണ്ടേ? അത്തരം നിഷേധാത്മകമായ നിലപാടുകൾ തിരുത്തി നമുക്ക് കേരളത്തിന്റെ താൽപര്യത്തിന് ഒരുമിച്ച് പോകാൻ കഴിയണമെന്നുള്ളതാണ് വികസനവുമായി ബന്ധപ്പെട്ട കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞങ്ങളെന്തോ പ്രീണനം നടത്തുന്നുവെന്നാണ് നിങ്ങൾ ഞങ്ങളെക്കുറിച്ച് ആക്ഷേപിക്കുന്നത്. കേന്ദ്രത്തിൽ പൗരത്വ ഭേദഗതി നിയമം വന്നപ്പോൾ, പൗരത്വ രജിസ്റ്ററിന്റെ പ്രശ്നം വന്നപ്പോൾ അന്ന് നിങ്ങളുടെ അവിടെയുള്ള നേതാക്കൾ അവിടെ വോട്ട് ചെയ്യാൻ ഉണ്ടായിരുന്നോ? അതിനെതിരായിട്ടുള്ള പ്രതിഷേധം ഞങ്ങൾ എടുത്തിട്ടുണ്ട്. ഭരണഘടന ഉറപ്പ് നൽകുന്ന ന്യൂനപക്ഷ അവകാശത്തിനെതിരായി മതത്തെ അടിസ്ഥാനപ്പെടുത്തി പൗരത്വം നിശ്ചയിക്കുന്നതിനെതിരായി ഞങ്ങൾ ഉറച്ച നിലപാടെടുത്തിട്ടുണ്ട്. ന്യൂനപക്ഷ പ്രീണനമാണെന്ന് പറഞ്ഞ് അന്ന് നിങ്ങളിൽ പലരും ഞങ്ങളെ ആക്ഷേപിച്ചു. ഗാസയിലെ പ്രശ്നങ്ങളുന്നയിച്ച് കേരളത്തിൽ ഒരു പ്രകടനം നടത്തിയപ്പോൾ നിങ്ങൾ പറഞ്ഞത് ന്യൂനപക്ഷ പ്രീണനമാണെന്നാണ്.

ഞങ്ങളെ ആക്ഷേപിക്കുകയല്ലേ ചെയ്തത്? മറ്റ് ചില പ്രശ്നങ്ങൾ വരുമ്പോൾ ഞങ്ങൾ ഭൂരിപക്ഷ പ്രീണനം നടത്തുന്നുവെന്ന് പറയും. ഞങ്ങൾ ഇടതുപക്ഷത്തിന് ഒരു നിലപാടേയുള്ളൂ. അത് മതനിരപേക്ഷതയുടെ നിലപാടാണ്. ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും ഒരു മതനിരപേക്ഷ നിലപാട് സ്വീകരിച്ച് മുന്നോട്ട് പോകണം. യു.ഡി.എഫ്, ആ നിലപാടാണോ സ്വീകരിക്കുന്നത്? ഞാൻ എന്റെ നാട്ടിലെ അനുഭവം പറയുന്നു, കേരളത്തിലെ കോൺഗ്രസ്സിന്റെ പ്രമുഖനായ നേതാവ് ശ്രീ. കെ. മുരളീധരൻ തൃശ്ശൂരിലല്ലേ മത്സരിച്ചത്; കോൺഗ്രസ് അവിടെ മൂന്നാം സ്ഥാനത്തേക്ക് പോയല്ലോ? ഇപ്പോൾ നിങ്ങൾ ജയിച്ചിട്ടുണ്ട്, വോട്ടുണ്ട്. ആ വോട്ടുകളെവിടെപ്പോയി? നമ്മുടെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അധിക്ഷേപിച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രതിനിധാനം ചെയ്യുന്ന നേമം മണ്ഡലത്തിൽ നിങ്ങൾ മൂന്നാം സ്ഥാനത്തെങ്ങനെയാണ് പോയത്? തിരുവനന്തപുരത്ത് 41 വാർഡുകളിൽ യു.ഡി.എഫ്. മൂന്നാം സ്ഥാനത്താണ്. എങ്ങനെയാണ് അത് സംഭവിച്ചത്? ആ വോട്ടെല്ലാം എവിടേക്കാണ് പോയത്; കോൺഗ്രസ്/യു.ഡി.എഫ്. അത്രയ്ക്ക് ക്ഷീണിച്ചോ? നേരത്തെ പലരും ഇവിടെ സൂചിപ്പിച്ച മറ്റത്തൂരിൽ

ഡി.സി.സി. സെക്രട്ടറിയുടെ നേതൃത്വത്തിൽ എല്ലാവരും രാജിവച്ച് പോകുകയാണ്. എന്ത് നടപടിയുണ്ട്? അതിനപ്പുറത്ത് എന്റെ മണ്ഡലത്തിലെ ചൊവ്വന്നൂർ പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യുടെ വോട്ട് വാങ്ങി കോൺഗ്രസ്സിലെ പ്രസിഡന്റും വൈസ് പ്രസിഡന്റും വരികയാണ്. നിങ്ങൾ എന്നിട്ട് മതേതരത്തെക്കുറിച്ച്, വർഗീയതക്കെതിരായിട്ടുള്ള നിലപാടിനെക്കുറിച്ച് പറയുകയാണ്. നിരവധി ഉദാഹരണങ്ങൾ ഞങ്ങൾക്ക് പറയാൻ കഴിയും. ശബരിമലയിൽ നിങ്ങൾ ആക്ഷേപമുന്നയിക്കുന്നുണ്ടല്ലോ? ശബരിമലയിലെ പഞ്ചായത്തിൽ ജയിച്ചത് ഇടതുപക്ഷമാണ്, ആ വാർഡിൽ ജയിച്ചത് ഇടതുപക്ഷമാണ്. ബി.ജെ.പി. ഭരിച്ചിരുന്ന പന്തളം നഗരസഭയിൽ ജയിച്ചത് ഇടതുപക്ഷമാണ്. ഞങ്ങൾ നേരിട്ട് ഏറ്റ് മുട്ടിയിട്ടാണ്. നിങ്ങൾ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്? ബി.ജെ.പി.-യെ പ്രീണിപ്പിച്ച് ഈ തിരഞ്ഞെടുപ്പിൽ നാല് സീറ്റുണ്ടാക്കാൻ, എന്നിട്ടതിന്റെ മേനി നടിച്ച് ഞങ്ങളുടെ ആത്മവിശ്വാസം കുറഞ്ഞെന്നാണ് നിങ്ങൾ പറയുന്നത്. ഞങ്ങളുടെ ആത്മവിശ്വാസം ജനങ്ങളിലാണ്. ഏതെങ്കിലും വർഗീയ സംഘടനകളുടെ കൂടെ നടന്നിട്ടല്ല. മതമാണ് പ്രശ്നം എന്ന് പറഞ്ഞൊരു

നേതാവ്, അത് പറയുകയല്ലേ? പത്ത് വർഷക്കാലം ഭരണത്തിൽ നിന്നും ഒഴിഞ്ഞ് നിന്നതിന്റെ ഭാഗമായി നഷ്ടപ്പെട്ടുപോയ എല്ലാം നമ്മുടെ സമുദായത്തിന് ലഭിക്കണമെന്ന് പ്രസംഗിക്കുന്നയാളുകൾ നിങ്ങളുടെ കൂടെയാണ്. ഞങ്ങൾ മതന്യൂനപക്ഷങ്ങളുടെ രക്ഷകരാണെന്ന് പറയുന്നത് ഭരണഘടനാപരമായിട്ടാണ്. അത് വർഗീയവാദികളുടെ കൂടെച്ചേർന്നിട്ടല്ല. വർഗീയവാദികൾക്കെതിരായി മതനിരപേക്ഷ സമൂഹം മതനിരപേക്ഷ മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ അണിനിരക്കണമെന്നുള്ള കാഴ്ചപ്പാടിന്റെ ഭാഗമായിട്ടാണ് ഞങ്ങൾ അത്തരത്തിലുള്ള നിലപാട് സ്വീകരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് സൂചിപ്പിക്കുകയുണ്ടായി ശബരിമലയിൽ എന്തോ വല്ലാത്ത കാര്യം ഞങ്ങൾ ചെയ്തു. ശബരിമലയിൽ നിങ്ങളെന്താണ് പഴയതുപോലെ പ്രശ്നങ്ങൾ എടുക്കാത്തത്? സമരം പഠിക്കലുണ്ട്, വഴിപാടാണ്. എവിടേക്കാണ്? ഞങ്ങൾ സോണിയ ഗാന്ധിയെ എന്തോ പറഞ്ഞു. അതിന്റെ അരിശം ശ്രീ. വി. ശിവൻകുട്ടിയുടെ നേരെ തീർക്കണോ?

<u>ചെയർപേഴ്സൺ</u>: സമയം അവസാനിച്ചു.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഒരു മിനിട്ടുകൂടി. സോണിയാഗാന്ധിയുടെ വീട്ടിൽ ശ്രീ. ആന്റോ ആന്റണിയുടേയും ശ്രീ. അടൂർ പ്രകാശിന്റെയുംകൂടെ കട്ടവനും കട്ട സ്വർണ്ണം വാങ്ങിച്ചവനും ഒരുമിച്ച് ചെന്നതെങ്ങനെയെന്ന ചോദ്യമല്ലേ ഞങ്ങൾ ചോദിച്ചുള്ളൂ, അതിന് മറുപടി പറയേണ്ടേ? അതിന് മറുപടി പറയാൻ നിങ്ങളുന്നയിച്ച വാദഗതികൾ ഹൈക്കമാൻഡിന് ഇഷ്ടപ്പെട്ടില്ല. നിങ്ങളെ ഹൈക്കമാൻഡ് ചോദ്യം ചെയ്തിട്ടുണ്ടെങ്കിൽ അത് ശ്രീ. വി. ശിവൻകുട്ടിയുടെ പെടലിക്ക് ചേർത്ത് പരസ്യമായി അപമാനിച്ച് ഇത്തരമൊരു നിലപാട് സ്വീകരിക്കണോ; അദ്ദേഹത്തിന്റെ ട്രൗസറിന്റെ അളവെടുക്കാൻ നിങ്ങൾ പോകണമോ; നിലപാട് പറയുകയല്ലേ വേണ്ടത്? ഞങ്ങളതിലൊരു നിലപാട് സ്വീകരിച്ചു. ഗവൺമെന്റ് കോടതിയുടെ നിർദേശപ്രകാരം എസ്.ഐ.ടി. (Special Investigation Team) നടത്തുന്ന അന്വേഷണത്തിൽ ഏത് പ്രതികളുണ്ടെങ്കിലും ആ പ്രതികളെയൊക്കെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം.

ചെയർപേഴ്സൺ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എ. സി. മൊയ്തീൻ: സർ, അവസാനിപ്പിക്കുന്നു. ആ നിലപാട് ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഞങ്ങൾ ആരെയെങ്കിലും രക്ഷിക്കാൻ നിന്നിട്ടുണ്ടോ? നാല് ബന്ധത്തെക്കുറിച്ച് ഇവിടെപ്പറഞ്ഞു; ഇനിയുള്ള ബന്ധത്തിലേക്കും പോകുകയാണ്. തന്ത്രിയെ സംരക്ഷിക്കാൻ കഴിഞ്ഞ ദിവസം തന്ത്രി സമാജത്തിനെതിരായി കോടതി വിധിയുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധി വന്നല്ലോ; അപ്പോൾ അത്തരം നിലപാട് സ്വീകരിച്ച് നിങ്ങളുടെ കൂടെയുള്ള ചിലരുടെ പേരും വന്നല്ലോ? കേസ് തെളിയിക്കട്ടെ, ഞങ്ങൾ അതല്ലേ പറഞ്ഞുള്ളൂ. നിങ്ങൾ അതിനെ രാഷ്ട്രീയവൽക്കരിച്ച് വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ രാഷ്ട്രീയ ലാഭമുണ്ടാക്കാൻ ശ്രമിക്കുകയാണ്. ആരാണ് ഇവിടെ വർഗീയത പ്രചരിപ്പിക്കുന്നത്? ഇത് നമ്മുടെ നാടിന് അപകടം ചെയ്യും. ആ അപകടകരമായ കളിക്ക് മതനിരപേക്ഷവാദികളായ യു.ഡി.എഫ്. നേതാക്കൾ കൂട്ട് നിൽക്കരുതെന്നുമാത്രം അഭ്യർഥിച്ച് കേരളത്തിന്റെ പുരോഗതിക്ക് ഒരുമിച്ച് മുന്നോട്ടുപോകാൻ കേരളത്തിൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നടത്തുന്ന വികസന

പ്രവർത്തനങ്ങൾക്കെല്ലാവരുടേയും പിന്തുണയുണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ സർക്കാരിന്റെ അവസാനത്തെ നയപ്രഖ്യാപനത്തിന്റെ ഹൈ-ലൈറ്റ് എന്താണ്? ഒരു നയവും ഇല്ലെന്നതാണ് ഹൈ-ലൈറ്റ്. നയം മാത്രമല്ല പണവുമില്ല എന്നതാണ് സ്ഥിതി. ഇത് തുറന്ന് പ്രഖ്യാപിക്കുന്നൊരു നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ ഗവർണർ വായിച്ചത്. സർക്കാരില്ലായ്മയാണ് ഇവിടെ മുഴച്ച് നിൽക്കുന്നത്. ഈ വർഷത്തെ പദ്ധതിയുടെ പുരോഗതി പരിശോധിച്ചാൽ സംസ്ഥാന സർക്കാരിന്റെ പരിതാപകരമായ ധനസ്ഥിതി മനസ്സിലാകും. പത്ത് വർഷംകൊണ്ട് നിങ്ങൾ തകർത്ത് തരിപ്പണമാക്കിയ കേരളത്തിലെ സമ്പദ്‌വ്യവസ്ഥയുടെ നേർ ചിത്രം ഈ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട്. ഈ സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി എത്ര സമയമുണ്ട്? ഇനി ഏകദേശം രണ്ട് മാസം മാത്രമാണുള്ളത്. ഇതുവരെയുള്ള പദ്ധതിയുടെ പുരോഗതി എത്രയാണ്? 38 ശതമാനം. എൽ.എസ്.ജി.ഡി.-യുടെ പദ്ധതി പുരോഗതി എത്രയാണ്? 35 ശതമാനം. കഴിഞ്ഞ വർഷം പദ്ധതി അടങ്കലിന്റെ 50 ശതമാനം ഉത്തരവിറക്കി നിങ്ങൾ പ്ലാൻ

സെസ് കട്ട് ചെയ്തു. ഈ സാമ്പത്തിക വർഷം ഉത്തരവില്ലാതെ തന്നെ ചെലവാക്കാതെപോയി. ചെലവാക്കാൻ കയ്യിൽ പണമില്ല. പ്ലാൻ പോലും നടപ്പാക്കാൻ കഴിയാത്ത സർക്കാർ എന്തിനാണ് നയപ്രഖ്യാപനവും ബജറ്റും മറ്റുമൊക്കെയായി മറ്റ് നടപടികളിലേക്ക് പോകുന്നത്. പ്ലാൻ പോലും നടപ്പാക്കാൻ പറ്റുന്നില്ല. കഴിഞ്ഞ വർഷം 50 ശതമാനം കട്ട്. ഇത്തവണ 40 ശതമാനം പോലും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഉടനെ ഇലക്ഷനിലേക്ക് പോകുകയാണ്. ഇലക്ഷനിലേക്ക് പോയിക്കഴിഞ്ഞാൽ ഈ വർഷത്തെ എക്സ്പെൻഡിച്ചർ എന്തായിരിക്കും? മാർച്ച് ആദ്യവാരമാകുമ്പോഴേക്കും ഇലക്ഷൻ അനൗൺസ് ചെയ്താൽ പിന്നെ എക്സ്പെൻഡിച്ചർ ഉണ്ടാകുമോ? അപ്പോൾ 11 മാസം പൂർത്തിയാകുമ്പോഴേക്കും 50 ശതമാനം പോലും എക്സ്പെൻഡിച്ചറില്ലാത്ത സ്ഥിതിയിലേക്ക് പോകും. അതാണ് പരിതാപകരമായ സാമ്പത്തിക സ്ഥിതിയെന്ന് പറയുന്നത്. നയപ്രഖ്യാപനത്തിൽ കണ്ട മറ്റൊരു കാര്യം കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ള തുക സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമെല്ലാം നിയമസഭയ്ക്കകത്തും പുറത്തും സമരത്തിലുമെല്ലാം നേരത്തെ പറഞ്ഞത് 56,000 കോടി രൂപ

കേന്ദ്രത്തിൽനിന്ന് ലഭിക്കാനുണ്ടെന്നാണ്. ആ കണക്കുകളൊന്നും ഇപ്പോൾ നയപ്രഖ്യാപന പ്രസംഗത്തിലില്ല. വേറെയും ചില കണക്കുകൾ ഇവിടെ പറയുകയുണ്ടായി. ആ 56,000 കോടി രൂപ ലഭിച്ചോ; കേന്ദ്ര ഗവൺമെന്റ് നൽകാനുള്ള തുകയുടെ കണക്ക് നേരത്തെ അവതരിപ്പിച്ചപ്പോൾ ഞങ്ങൾ ആ കണക്കിനെ ചോദ്യം ചെയ്തിരുന്നു. ആ കണക്ക് കിട്ടിയോ; അതോ രഹസ്യമായി ഒത്തുതീർത്തോ; പി. എം. ശ്രീ. പദ്ധതിയിൽ രഹസ്യമായി ഒപ്പിട്ടശേഷം  മന്ത്രിസഭയിലെ സ്വന്തം അംഗങ്ങളോടുപോലും ആ കാര്യം പറഞ്ഞില്ല. സി.പി.ഐ. അംഗങ്ങളെല്ലാം പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പിടരുതെന്ന്  മന്ത്രിസഭാംഗങ്ങൾ വാശിപിടിക്കുമ്പോൾ ഒപ്പിട്ടശേഷമാണ് മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും  ആ മന്ത്രിസഭയിൽ വന്നിരുന്നത്. കൂടെയുള്ള സഹപ്രവർത്തകരോടുപോലും പറയാതെ രഹസ്യമായി നിങ്ങൾ പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പിട്ടു. കേന്ദ്ര സർക്കാർ പാസാക്കിയ ലേബർ കോഡ് തൊഴിലാളി വിരുദ്ധമാണെന്ന്  രാജ്യവ്യാപകമായി  പ്രക്ഷോഭം നടത്തി. വേതനം, സാമൂഹ്യസുരക്ഷ പെൻഷൻ എന്നിവ സംബന്ധിച്ച കോഡിന്റെ കരട് വിജ്ഞാപനം 2021-ൽ കേരളത്തിൽ  പുറപ്പെടുവിച്ചത്

എങ്ങനെയാണ്; അത് വിവാദമായപ്പോഴാണല്ലോ നടപ്പാക്കേണ്ടെന്ന് തീരുമാനിച്ചത്? നമ്മൾ എതിർക്കുന്ന നയംപോലും ലേബർ കോഡിന്റെ കാര്യത്തിലും പി.എം.ശ്രീ. പദ്ധതിയിലും ഇവിടെ നടപ്പാക്കാൻ ശ്രമിച്ചു. കേന്ദ്രം പണം നൽകാത്ത കാര്യം എവിടെയാണ് കേരളത്തിന്റെ ഷെയർ അവർ കുറച്ചുകൊണ്ടിരുന്നത് അത് ഞങ്ങൾ  പറയേണ്ട സ്ഥലത്ത് ഭംഗിയായി പറഞ്ഞിട്ടുണ്ട്.  കേന്ദ്ര ഫിനാൻസ് കമ്മീഷൻ ഇവിടെ തെളിവെടുപ്പിന് വന്നപ്പോൾ കേന്ദ്രസർക്കാരിന് കേരളത്തോടുള്ള അവഗണന ഏതെല്ലാം തരത്തിലാണുള്ളതെന്ന് വളരെ ഭംഗിയായി പ്രതിപക്ഷം പറഞ്ഞത് ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാമല്ലോ; കേരളത്തിലേക്കുള്ള ഷെയർ അവർ കുറച്ചുകൊണ്ടുവരുന്നത് എങ്ങനെയാണെന്ന് പ്രതിപക്ഷം കൃത്യമായി ഒരു പ്രസന്റേഷൻ നടത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യ വിദഗ്ധരായ ആളുകളും പ്ലാനിങ് ബോർഡിലുള്ള അംഗങ്ങളും ആ പ്രസന്റേഷനെ അഭിനന്ദിച്ചു.  ഞങ്ങളെല്ലാവരുംകൂടി പോയാണ് അന്ന് പ്രസന്റേഷൻ നടത്തിയത്. കേന്ദ്ര ഗവൺമെന്റിനോട് പറയാനുള്ള കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. കേന്ദ്രത്തിന്റെ സാമ്പത്തികമായ

അവഗണനയ്ക്കെതിരായി ദക്ഷിണേന്ത്യയിലെ ധനകാര്യ വകുപ്പുമന്ത്രിമാരെ വിളിച്ചപ്പോൾ തെലുങ്കാനയിലേയും കർണ്ണാടകയിലേയും ധനകാര്യ വകുപ്പുമന്ത്രിമാർ ഇവിടെ വന്ന് സംസാരിച്ചില്ലേ; ഞങ്ങൾ വരേണ്ടെന്ന് പറഞ്ഞാൽ അവർ വരുമോ; അവർ വരുകയും അതിൽ എനിക്ക് പങ്കെടുക്കാനും സാധിച്ചു. ഞങ്ങളും കേന്ദ്ര അവഗണനയ്ക്കെതിരെ സമരം നടത്തി. നിങ്ങൾ സമരം ചെയ്യുമ്പോൾ നിങ്ങളുടെ സൗകര്യത്തിന് സെറ്റിൽമെന്റ് വയ്ക്കുന്നു. ആ സമരത്തിനൊപ്പം ഇരിക്കാൻ ഞങ്ങളെ കിട്ടില്ല. നയപ്രഖ്യാപനത്തിൽ ഒരു പ്രസ്താവനയുണ്ട്. My Government remains resolute in its policy of " Zero Tolerance to Corruption" . ഇത് കേട്ടാൽ ചിരിക്കാതിരിക്കാൻ കഴിയുമോ; ഈ ഗവൺമെന്റ് ശബരിമലയിലെ സ്വർണ്ണം കട്ടവരെ സംരക്ഷിക്കുന്ന ആളുകളാണ്. എന്നിട്ട് നിങ്ങൾ Zero Tolerance to Corruption എന്നാണ് പറയുന്നത്. ശബരിമല സ്വർണ്ണക്കൊള്ളയിൽ നിങ്ങളുടെ മൂന്ന് പ്രധാനപ്പെട്ട നേതാക്കന്മാരല്ലേ ജയിലിൽ കിടക്കുന്നത്; നിങ്ങൾ അവർക്കെതിരായി ഒരു disciplinary action എടുത്തോ; സംഘടനാപരമായി നടപടിയെടുക്കാത്തത്

എന്തുകൊണ്ടാണ്; ഇനിയും കേസ് തെളിയണമെന്നാണ് പറയുന്നത്. മൂന്ന് പ്രധാനപ്പെട്ട നേതാക്കൾ ജയിലിൽ കിടക്കുകയാണ്. നിങ്ങൾ അവർക്കെതിരെ നടപടിയെടുക്കാൻ പേടിക്കുന്നത് എന്തിനാണ്; നടപടിയെടുത്താൽ അവർ വേറെ ആളുകളുടെ പേര് പറയുമെന്ന് നിങ്ങൾക്ക് പേടിയാണ്. വേറെ ആളുകൾ ക്യൂവിൽ നിൽക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം നമുക്കറിയാം. പ്രതികൾക്ക് എങ്ങനെയാണ് സ്വാഭാവിക ജാമ്യം ലഭിക്കുന്നതെന്ന് ഞങ്ങൾ പറഞ്ഞല്ലോ; ഹൈക്കോടതി ജാമ്യം നിഷേധിച്ചു. അയ്യപ്പന്റെ സ്വർണ്ണം കട്ടശേഷം എന്തിനാണ് ഇങ്ങോട്ട് വരുന്നതെന്ന് സുപ്രീംകോടതി ചോദിച്ചു. ഇപ്പോൾ എന്താണ് സംഭവിച്ചത്; കുറ്റപത്രം കൊടുക്കാതെ സ്റ്റാറ്റ്യൂട്ടറി ജാമ്യം കൊടുക്കുന്ന അവസ്ഥയിലേക്ക് വന്നില്ലേ; 90 ദിവസം കഴിഞ്ഞാൽ പോറ്റിയുൾപ്പെടെയുള്ള എല്ലാവരും പുറത്തിറങ്ങും. ഞങ്ങൾ ഇത് പറഞ്ഞപ്പോൾ, ഞങ്ങൾ കോടതിയെയാണ് വിമർശിക്കുന്നതെന്ന് പറഞ്ഞു. ഇന്നലെ കോടതി SIT-യെക്കുറിച്ച് വളരെ വ്യക്തമായി പറഞ്ഞു. SIT ആരുടെ സമ്മർദത്തിലാണ് പ്രവർത്തിക്കുന്നത്; എന്താണ് പ്രശ്നം; നിയമസഭയിൽ എല്ലാ കാര്യവും ചർച്ച ചെയ്യുമെന്ന്

അവകാശപ്പെടുന്ന സർക്കാർ പയ്യന്നൂർ രക്തസാക്ഷി ഫണ്ടിന്റെ വിഷയം ചർച്ച ചെയ്തില്ലല്ലോ; കോവിഡ് കാലത്തെ കൊള്ളയെക്കുറിച്ചുള്ള ചർച്ച ഇതുവരെ പറഞ്ഞില്ലല്ലോ; അവിടെ നടത്തിയ മരുന്ന് കൊള്ളയെക്കുറിച്ച് സി.ആൻഡ്എ.ജി.-യുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. കാലാവധി കഴിഞ്ഞ മരുന്ന് നിങ്ങൾ വിതരണം ചെയ്ത കഥകൾ എല്ലാവർക്കുമറിയാം. കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്താൽ മരണത്തിന് കാരണമാകും. മരണ കാരണമാകുന്ന മരുന്നുകൾക്കാണ് ഹ്യൂജ് കമ്മീഷൻ ലഭിക്കുന്നത്. അത്തരം മരുന്നുകൾക്ക് ലോകത്ത് 80 ശതമാനം കമ്മീഷനാണ് ലഭിക്കുന്നത്. അത് നശിപ്പിക്കേണ്ട മരുന്നാണ്. അത് നിങ്ങൾ വിതരണം നടത്തിയ ആളുകളാണെന്ന് സി.ആൻഡ്എ.ജി. റിപ്പോർട്ടിൽ പറഞ്ഞല്ലോ; അതുപോലെ മറ്റൊരു പ്രശ്നമാണ് തൊഴിലില്ലായ്മ. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് തൊഴിലില്ലായ്മയാണ്. ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന സർക്കാർ വാഗ്ദാനം എവിടെപ്പോയി; അത് ഇപ്പോഴും പേപ്പറിൽ തന്നെയാണ്. നിങ്ങൾ പിൻവാതിൽ നിയമനങ്ങൾ നടത്തുകയാണ്.

നിങ്ങളുടെ ഇഷ്ടക്കാരെ പിൻവാതിലിലൂടെ നിയമിക്കുകയാണ്. പി.എസ്.സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഇടംനേടുകയും നിയമനം ലഭിക്കുകയും ചെയ്യേണ്ട യഥാർഥ ആളുകൾ തെക്കുവടക്ക് നടക്കുകയാണ്. നിങ്ങൾ പിൻവാതിൽ നിയമനമാണ് നടത്തുന്നത്. യഥാർഥത്തിൽ നടത്തേണ്ട നിയമനങ്ങളെ എല്ലാ അർഥത്തിലും നിങ്ങൾ തടസ്സപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുപോലെ മറ്റൊരു പ്രശ്നമാണ് വിലക്കയറ്റം. മുഖ്യമന്ത്രി പ്രസംഗിക്കുമ്പോൾ അദ്ദേഹം മറുപടി പറയും. നിങ്ങൾ എന്നോട് പറയേണ്ട, എന്നോട് ഒരോ ചോദ്യവും ചോദിക്കേണ്ട; മുഖ്യമന്ത്രിക്ക് ദീർഘനേരം പ്രസംഗിക്കാൻ സമയമുള്ളതിനാൽ എന്നെ പറയാൻ അനുവദിക്കണം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള സംസ്ഥാനം ഏതാണ്; പത്ത് മാസമായി കേരളം ഒന്നാം സ്ഥാനത്താണ്. ഞാൻ എല്ലാ മാസവും അത് നോക്കുമ്പോൾ ഇതുവരെ രണ്ടാം സ്ഥാനത്തേക്ക് പോയിട്ടില്ല. നിങ്ങൾ ഇവിടെ കുറെ ഒന്നാം സ്ഥാനം പറഞ്ഞല്ലോ; സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കണക്ക് പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണ്. ആ വിലക്കയറ്റം

പാവപ്പെട്ടവന്റെ ജീവിതത്തെ എത്രമാത്രം ബാധിച്ചിട്ടുണ്ട്. ആ വിലക്കയറ്റത്തെ നിയന്ത്രിക്കാൻ നിങ്ങൾ മാർക്കറ്റിൽ എന്ത് ഇന്റർവെൻഷനാണ് നടത്തിയത്; നിങ്ങൾ ഒന്നും ചെയ്തിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന് കൃത്യസമയത്ത് പണം കൊടുത്തിട്ടില്ല. പണമില്ലാത്തതുകൊണ്ടാണ് മാർക്കറ്റിൽ ഇടപെടാൻ കഴിയാത്തത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള ഒന്നാമത്തെ സംസ്ഥാനമായിട്ട് പതിനൊന്നാം മാസത്തിലേക്ക് കടക്കുകയാണ് കേരളം. ഓരോ മാസവും നിരന്തരമായി റിപ്പോർട്ടുകൾ വരികയാണ്. മറ്റ് ഒരു സംസ്ഥാനത്തിനും ഒന്നാം സ്ഥാനം നൽകില്ലെന്ന വാശിയാണ്. നിങ്ങൾ പത്ത് വർഷമായി കർഷകരെ പറഞ്ഞ് പറ്റിക്കുകയാണ്. റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ആളുകളല്ലേ നിങ്ങൾ? 2021-ൽ ഞങ്ങൾ അധികാരത്തിൽ വന്നാൽ സാമൂഹ്യസുരക്ഷാ പെൻഷൻ 1600 രൂപയിൽനിന്ന് 2500 രൂപയാക്കുമെന്ന് നിങ്ങൾ പാവപ്പെട്ട മനുഷ്യർക്ക് വാക്ക് കൊടുത്തില്ലേ; നാലേമുക്കാൽ കൊല്ലം നിങ്ങൾ അനങ്ങിയോ; ഒരു രൂപയെങ്കിലും വർധിപ്പിച്ച് നൽകിയോ? പഞ്ചായത്ത്

തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് മുമ്പുള്ള ആഴ്ച നാന്നൂറ് രൂപ വർധിപ്പിച്ചു. ഇനി മൂന്ന് മാസം മാത്രമാണ് നിങ്ങളുടെ ഭരണ കാലാവധി. നിങ്ങൾ നാളത്തെ ബജറ്റിൽ പ്രഖ്യാപിച്ചാൽ ഒരു മാസംപോലും കൊടുക്കേണ്ടി വരില്ല. 1600 രൂപയുടെ പെൻഷൻ 2500 രൂപയാക്കുമെന്ന് ഉറപ്പ് നൽകിയതിന്റെ പേരിൽ നിങ്ങൾക്ക് വോട്ട് ചെയ്ത ധാരാളം പാവങ്ങളുണ്ട്. നിങ്ങൾ അവരെ മുഴുവൻ കബളിപ്പിച്ചു. നാലേമുക്കാൽ കൊല്ലം ഒരു രൂപപോലും വർധിപ്പിക്കാത്ത നിലപാട് നിങ്ങൾ എടുത്തു. ഇവിടെ ക്ഷേമനിധികൾ മുഴുവൻ തകർന്നു. ഏഴ് ക്ഷേമനിധികളാണ് വലിയ പ്രതിസന്ധി നേരിടുന്നത്. കേരള കെട്ടിടനിർമ്മാണ ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ട് ഏകദേശം പത്തൊൻപത് മാസമായി. ഓരോ ക്ഷേമനിധിയും തകർച്ചയിലേക്ക് പോകുമ്പോൾ അതിൽനിന്ന് കാശ് എടുത്ത് നിങ്ങൾ ശമ്പളത്തിനും മറ്റ് കാര്യങ്ങൾക്കുമായി ഉപയോഗിക്കുകയാണ്. ആരോഗ്യ രംഗത്തെക്കുറിച്ച് നേരത്തെ പറഞ്ഞതിനാൽ ഞാനത് പറയുന്നില്ല. ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മുൻആരോഗ്യ

വകുപ്പുമന്ത്രിയെക്കുറിച്ച് തെറ്റായ കാര്യങ്ങളാണ് ആരോഗ്യ വകുപ്പുമന്ത്രി ഇന്ന് സംസാരിച്ചത്. ഞങ്ങൾ അതൊക്കെ കറക്റ്റ് ചെയ്തതാണ്. അത് സഭാരേഖയിൽനിന്ന് നീക്കം ചെയ്യണമെന്ന് അഭ്യർഥിക്കുകയാണ്. ഞങ്ങളുടെ കാലത്ത് തുടങ്ങിയ കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 1200 കോടി രൂപ കുടിശ്ശികയാണ്. പല പ്രൈവറ്റ് ആശുപത്രിയും കാരുണ്യ പദ്ധതി അനുവദിക്കുന്നില്ല. അവർ യോഗം ചേർന്ന് നൽകില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്. നിങ്ങളുടെ കയ്യിൽ പണവുമില്ല.

ഉന്നതവിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പ്രശ്നങ്ങളാണ്; പല സർവകലാശാലകളിലും വൈസ് ചാൻസലർമാരില്ല, കോളേജുകളിൽ പ്രിൻസിപ്പൽമാരില്ല; നാലുവർഷത്തെ കോഴ്സ് ഒരു തയ്യാറെടുപ്പുമില്ലാതെ ആരംഭിച്ചതിനാൽ വഴിയിൽ കിടക്കുകയാണെന്ന് നിങ്ങൾക്ക് അന്വേഷിച്ചാൽ മനസ്സിലാകും. കോളേജുകളിലെ നാല് വർഷത്തെ കോഴ്സ് അധ്യാപകർക്കും കുട്ടികൾക്കും കൺഫ്യൂഷനാണ്. ഒരു മുന്നൊരുക്കവും തയ്യാറെടുപ്പുമില്ലാതെയാണ് നാല് വർഷത്തെ കോഴ്സുകൾ ആരംഭിച്ചത്. കേരളത്തിൽ ബ്രെയിൻ ഡ്രെയിനാണ്. അതായത്, കോഴ്സുകൾ ഔട്ട്

ഡേറ്റഡായി കൊണ്ടിരിക്കുന്നു. നിങ്ങൾ എന്ത് കരിക്കുലം ചെയ്ഞ്ചാണ് വരുത്തിയത്? ഗ്ലോബൽ ജോബ് മാർക്കറ്റും തൊഴിലിന്റെ സ്വഭാവവും വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്നു. ലോകത്തിലെ രാജ്യങ്ങളെല്ലാം ഗ്ലോബൽ ജോബ് മാർക്കറ്റ് ഒബ്സർവ് ചെയ്ത് അതിനുള്ള മെക്കാനിസമുണ്ടാക്കി അതനുസരിച്ചുള്ള കറസ്പോണ്ടിംഗ് കോഴ്സുകൾ വരുത്തുകയാണ്. ഇല്ലെങ്കിൽ സ്കിൽ റീസ്കിൽ ചെയ്യുകയാണ്, റീ-ഓറിയന്റേഷൻ കൊടുക്കുകയാണ്. കുട്ടികളെല്ലാം ഇവിടെനിന്ന് പോയാൽ, ഈ പോക്ക് പോയാൽ അഞ്ച് വർഷം കഴിയുമ്പോഴും കേരളം ഈ രീതിയിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ കേരളം വൃദ്ധസദനമായി മാറും. അത് കുറയ്ക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നല്ല കോഴ്സുകളുണ്ടാക്കാനുമായി നിങ്ങൾ എന്ത് സ്റ്റെപ്പാണ് എടുത്തത്? എവിടെയെങ്കിലും ഏതെങ്കിലും കോഴ്സ് നിങ്ങൾ റീസ്ട്രക്ച്ചർ ചെയ്തോ; ഹയർ എഡ്യൂക്കേഷൻ ഫീൽഡിൽ ഒരു കരിക്കുലം ചെയ്ഞ്ച് വരുത്തിയോ; പല കോളേജിലും കോഴ്സുകൾ പഠിക്കാൻ ആളില്ല. ഡിഗ്രിയും പി.ജി.-യും പഠിക്കാൻ വിദ്യാർഥികളില്ല. പ്രസിദ്ധമായ കോളേജുകളിൽപ്പോലും ഔട്ട്ഡേറ്റഡായ കോഴ്സുകൾ പഠിക്കാൻ കുട്ടികളില്ല.

കേരളം എന്ത് സ്ഥിതിയിലേക്കാണ് മുന്നോട്ടുപോകുന്നത്? പുതിയ തലമുറയോട് എന്ത് അപകടകരമായ സ്ഥിതിയാണ് നിങ്ങൾ ചെയ്യുന്നത്; ഇത് പുതിയ തലമുറയോട് ചെയ്യുന്ന ചതിയല്ലേ; വരുന്നവർ വരട്ടെ; പോകുന്നവർ പോകട്ടെ; എന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. നമ്മൾ ജീവിക്കുന്നത് ധാരാളം സാധ്യതകളുള്ള സംസ്ഥാനത്താണ്. ആ സാധ്യതകളുള്ള മുഴുവൻ വാതിലുകളും ഉന്നതവിദ്യാഭ്യാസ രംഗത്ത് നിങ്ങൾ അടച്ച് കളഞ്ഞുവെന്ന കാര്യം മറക്കേണ്ട. എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് ഫണ്ട് അധികമായി അനുവദിച്ചുവെന്നാണ് അവകാശവാദം. കഴിഞ്ഞവർഷം പട്ടികജാതിക്കാരുടെ 500 കോടി രൂപയും പട്ടികവർഗ്ഗക്കാരുടെ 112 കോടി രൂപയുമാണ് വെട്ടിക്കുറച്ചത്. ഓരോ ഗവൺമെന്റും അധികാരത്തിൽവന്ന് 5 വർഷം കഴിയുമ്പോഴേയ്ക്കും പ്ലാൻ സൈസ് വർധിക്കും. എന്നാലിവിടെ പ്ലാൻ സൈസ് നിശ്ചലമാണ്. 30,000 കോടി രൂപയായി പോകുകയാണ്. അതായത് പട്ടികജാതിക്കാർക്ക് കിട്ടേണ്ട ഫണ്ട് 10 ശതമാനം, 3,000 കോടി രൂപയിൽ നിൽക്കുകയാണ്. അത് നാലായിരമോ അയ്യായിരമോ കോടി രൂപയായി വർധിക്കേണ്ടതായിരുന്നു.

പ്ലാൻ സൈസ് വർധിക്കാത്തതിനാൽ അത് വർധിച്ചില്ല. 500 കോടി രൂപ വെട്ടിക്കുറച്ചതിനാൽ പട്ടികജാതിക്കാർക്കുള്ള എത്ര പദ്ധതികളാണ് മുടങ്ങിപ്പോയത്.

കേരളം ലാ ആൻഡ് ഓർഡറിൽ മികച്ചുനിൽക്കുന്ന സംസ്ഥാനമെന്നാണ് നയപ്രഖ്യാപനത്തിൽ പറയുന്നത്. നാട്ടിൽ കൊള്ളയും കൊലപാതകവും ക്രമാതീതമായി വർധിക്കുകയും ഗുണ്ടകൾ അഴിഞ്ഞാടുകയുമാണ്. കൊലപാതകങ്ങളുടെ വാർത്തകൾ വർധിക്കുന്നതോടൊപ്പം മയക്കുമരുന്നുകളുടെ വ്യാപനവും രൂക്ഷമാണ്. കൊലപാതകത്തിന്റെ സ്വഭാവം ഇപ്പോൾ ബ്രൂട്ടലായി മാറികൊണ്ടിരിക്കുകയാണ്. മയക്കുമരുന്നിന്റെ ദുരുപയോഗത്തെ നിയന്ത്രിക്കാൻ സാധിച്ചോ? 2015-ൽ ഉണ്ടായിരുന്നതിനേക്കാൾ നിലവിൽ ധാരാളം കേസുകൾ വർധിച്ചു. അവസാനം, കേസെടുക്കുന്നത് ഇത് ഉപയോഗിച്ച ആളുടെ  പേരിലായിരിക്കും. അയാളെ പൊലീസ് സ്റ്റേഷനിലോ എക്സൈസ് ഓഫീസിലോ കൊണ്ടുപോയി മൂന്ന് മണിക്കൂർ നിർത്തിയശേഷം ജാമ്യം കൊടുത്തുവിടും. അയാൾ പുറത്തുവന്നശേഷം ആ മൂന്ന് മണിക്കൂർ

വലിക്കാത്തതും കൂടിചേർത്ത് രണ്ടെണ്ണം കൂടുതൽ വലിക്കും. ഈ രീതിയിലാണ് കേസെടുക്കുന്നത്. ഇതിന്റെ ഉറവിടം തേടി എവിടെയാണ് പോയത്; കേരളത്തിലെ പൊലീസും എക്സൈസും കാര്യക്ഷമമല്ലേ? മയക്കുമരുന്ന് കപ്പലിലോ ബോട്ടിലോ ട്രെയിനിലോ റോഡുമാർഗ്ഗം മുഖേനയാണോ വരുന്നത്; ഏതാണ് ഇതിന്റെ ഉറവിടം; പത്ത് പേരെ കണ്ടെത്താൻ കേരളത്തിലെ പൊലീസിന് കാര്യക്ഷമതയില്ലേ; അത് അന്വേഷിച്ച് മയക്കുമരുന്നിന്റെ ഉറവിടം ഏതാണെന്ന് പരിശോധിച്ച് തടയിടാൻ കഴിയുന്നുണ്ടോ? ലഹരിവ്യാപനം കുടുംബങ്ങളിൽപോലും ഇന്ന് അസ്വസ്ഥതയും സമാധാനമില്ലായ്മയുമാണ് സൃഷ്ടിക്കുന്നത്. മാതാപിതാക്കൾക്ക് മക്കളെപ്പോലും പേടിയാണ്. എത്രപേരാണ് ഓരോ കുടുംബങ്ങളിലുണ്ടാകുന്ന വ്യക്തിപരവും പുറത്തുപറയാൻ കഴിയാത്തതുമായ വിഷയങ്ങൾ നമ്മോട് പറയുന്നത്. അവരുടെ പ്രശ്നങ്ങൾ സങ്കടകരമാണ്. കുട്ടികൾ വരുമ്പോൾ ഭയക്കുന്ന രീതിയിലേക്ക് കേരളം മാറുന്നു. കേരളത്തെ ഡ്രഗ്സിന്റെ തലസ്ഥാനമായി മാറ്റാൻ ഒരു മാഫിയ പ്രവർത്തിക്കുമ്പോൾ അതിനെതിരായി പ്രവർത്തിക്കാൻ സർക്കാരിന് സാധിക്കുന്നുണ്ടോ?

സർക്കാരിന്റെ സാന്നിധ്യം ഫീൽ ചെയ്യുന്നുണ്ടോ എന്നതാണ് ഞങ്ങളുടെ ചോദ്യം. അതിന് നിങ്ങൾ മറുപടി നൽകണം.

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അധ്യാപകർക്കും ഡി.എ. കുടിശ്ശികയുൾപ്പെടെ ഏകദേശം ഒരു ലക്ഷം കോടി രൂപ നൽകാനുണ്ട്. ഡി.എ. സർക്കാർ ജീവനക്കാരുടെ അവകാശമല്ലെന്നാണ് കോടതിയിൽ പറഞ്ഞത്. ഒരു ഇടതുപക്ഷ ഗവൺമെന്റാണ് ഇപ്രകാരം പറഞ്ഞതെന്ന് ഓർക്കണം. ഇതിനെതിരെ പൊരുതുകയാണ്, സമരപാരമ്പര്യമുണ്ട് എന്നൊക്കെ നിങ്ങൾ എല്ലായിടത്തും പ്രസംഗിച്ചിട്ട് കോടതിയിൽപ്പോയി ഡി.എ. ജീവനക്കാരുടെ അവകാശമല്ലെന്ന് പറഞ്ഞു. അതിനാലാണ് നിങ്ങൾ  എക്സ്ട്രീം റൈറ്റാണെന്ന് ഞാൻ പറഞ്ഞത്. തീവ്ര വലതുപക്ഷ സർക്കാരാണ് നിങ്ങളെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത്തരം തീരുമാനങ്ങളെടുക്കുമ്പോഴാണ് ഓരോ ഗവൺമെന്റിന്റെയും ഇടതുപക്ഷസ്വഭാവം പ്രതിഫലിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽപ്പോയി എന്തിനാണ് ഇപ്രകാരമൊരു തീരുമാനം സർക്കാർ സ്വീകരിച്ചതെന്ന് നിങ്ങൾ എൽ.ഡി.എഫ്.-ന്റെ യോഗം

കൂടുമ്പോഴെങ്കിലും ചോദിക്കുന്നത് നന്നായിരിക്കും. ഉമ്മൻ ചാണ്ടി സർക്കാർ ഭരിച്ചിരുന്ന സമയത്ത് എന്റെ പേര് പറഞ്ഞ് ചില കാര്യങ്ങൾ ചോദിച്ചുവെന്ന് പറഞ്ഞു. തെറ്റായ കാര്യങ്ങൾ പറയുമ്പോൾ ഉമ്മൻ ചാണ്ടിയെപ്പോലെയുള്ള ഒരു മുഖ്യമന്ത്രി നമ്മളെ വിളിച്ചുവരുത്തി സംസാരിച്ച് എന്താണ് പരാതിയെന്ന് മനസ്സിലാക്കി അത് കറക്ട് ചെയ്തിട്ടുണ്ട്. എന്നാൽ നിങ്ങൾക്ക് അത് പറയാനുള്ള ധൈര്യവും ചങ്കുറ്റവുമില്ല. 10 വർഷം മുമ്പ് ഞങ്ങൾ, ഞങ്ങളുടെ സർക്കാരിന്റെ തെറ്റ് ചൂണ്ടിക്കാട്ടി കറക്ട് ചെയ്യിച്ചിട്ടുണ്ട്. അതിനുള്ള ധൈര്യം നിങ്ങൾക്ക് ഇല്ലാതെപോയെന്ന് ഞാൻ ഇതിനുമുമ്പും ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഞങ്ങളുടെ ഗവൺമെന്റ് ശരിയായ പാതയിലല്ല പോകുന്നതെങ്കിൽ ഞങ്ങളത് പറയുകയും കറക്റ്റീവ് ഫോഴ്സായി പാർട്ടിയിൽ നിൽക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങൾക്കതിനുള്ള ധൈര്യമില്ല.

ഏകദേശം 30 ലക്ഷം പേരാണ് പശ്ചിമഘട്ടത്തിൽ താമസിക്കുന്നത്. വന്യജീവി ആക്രമണത്തിൽ എത്രപേരാണ് മരിച്ചത്; എത്രപേരുടെ കൃഷിയാണ് നശിച്ചത്? പണ്ട് മൈഗ്രേറ്റ് ചെയ്യുന്ന ആളുകൾക്ക് കപ്പ, ചേന, ചേമ്പ് തുടങ്ങിയ കൃഷിയായിരുന്നെങ്കിലും എല്ലാം പന്നി

നശിപ്പിക്കുന്നതിനാൽ ഇപ്പോൾ ഒരു കൃഷിയുമില്ല. വാഴ മുഴുവനും നശിപ്പിച്ചു. ഞാൻ അതിരപ്പിള്ളിയിൽ പോയപ്പോൾ വീടുകളിൽനിന്നെല്ലാം പ്ലാവ് വെട്ടി മാറ്റുകയാണ്. എന്താണ് കാര്യമെന്ന് അന്വേഷിച്ചപ്പോൾ, പ്ലാവിൽ ചക്കയുണ്ടെങ്കിൽ ആന വരും. വാഴ വയ്ക്കുന്നില്ല. നാളികേരം പാകമാകുന്നതിനുമുമ്പ് കുരങ്ങൻ തെങ്ങിൽ കയറി എടുത്തുകൊണ്ട് പോകുകയാണ്. മറ്റ് സംസ്ഥാനങ്ങൾ പരമ്പരാഗതവും ആധുനിക സംവിധാനങ്ങളുമുപയോഗിച്ച് വന്യജീവി ആക്രമണത്തെ നേരിടാനുള്ള നടപടി സ്വീകരിക്കുമ്പോൾ നിങ്ങൾ നിസംഗരായി നിന്നുകൊണ്ട് പാവപ്പെട്ട മനുഷ്യരെ ആനയ്ക്കും കടുവയ്ക്കും പന്നിക്കും പുലിക്കുമൊക്കെ ഇട്ടുകൊടുത്തിരിക്കുകയാണ്. വന്യജീവി ആക്രമണം തടയാൻ നിങ്ങളുടെ സർക്കാർ ചെറുവിരൽ അനക്കിയിട്ടില്ല. അതുകൊണ്ട് നയമില്ലാത്ത നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്.

ഞാനൊരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. നിങ്ങളിവിടെ സെക്കുലർ സ്റ്റേറ്റിന്റെ കാര്യം പറഞ്ഞു. നിങ്ങൾക്കെന്താണെന്ന് ഞാൻ എപ്പോഴും അത്ഭുതപ്പെടും. സംഘപരിവാറോ ബി.ജെ.പി.-യോ വന്ന് ഒരു

വർഗീയത ഇളക്കാൻ ശ്രമിച്ചാൽ നമുക്ക് അത്ഭുതമില്ല. വിദ്വേഷ പ്രചരണം നടത്തി, മതങ്ങളെ തമ്മിലടിപ്പിച്ച് അതിൽനിന്നും രാഷ്ട്രീയ മുതലെടുപ്പ് നടത്തുകയെന്നതാണ് അവരുടെ രീതി. സംഘപരിവാറിന്റെ അതേ പാതയിൽ നിങ്ങളും സഞ്ചരിക്കാൻ പോയാലോ?

മുൻമന്ത്രി ശ്രീ. എ. കെ. ബാലന്റെയും മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാന്റെയും പ്രസ്താവനയിലുമെല്ലാം അത് പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റാണെന്ന് പറഞ്ഞു. അത് വർഗീയവാദമുയർത്തുന്ന പ്രസ്താവനയായിരുന്നു. നിങ്ങൾ സംഘപരിവാറിന്റെ അതേ പാതയിൽ സഞ്ചരിക്കുകയാണ്. നിങ്ങൾ കേരളത്തിൽ നശിച്ചുപോകണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. നിങ്ങൾ ആ വഴിയേ പോകുകയോ അവരുടെ പാതയിൽ സഞ്ചരിക്കുകയോ ചെയ്യരുത്. അത് കേരളത്തെ അപകടകരമായ സ്ഥിതിയിലെത്തിക്കും. നമ്മുടെ മക്കളും കൊച്ചുമക്കളുമൊക്കെയുള്ള ഒരു തലമുറ വളർന്നുവരുന്നുണ്ട്. അവർക്കും ഇവിടെ സമാധാനപരമായി ജീവിക്കാനുള്ള അന്തരീക്ഷമുണ്ടാക്കാനുള്ള ചുമതല നമുക്കുണ്ടെന്ന് പൊതുപ്രവർത്തകരും രാഷ്ട്രീയപ്രവർത്തകരുമായ

നമ്മുടെ ഉള്ളിലൊരു ഇച്ഛാശക്തിയുണ്ടാകണം. അതിനാൽ ദയവുചെയ്ത് നിങ്ങൾ സംഘപരിവാറിന്റെ വഴിയിലൂടെ പോകരുതെന്ന് ഞങ്ങൾ വിനയപൂർവം അഭ്യർത്ഥിക്കുന്നു.

ഒരുപാട് അംഗങ്ങൾ ഞാൻ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അധിക്ഷേപിച്ച് സംസാരിച്ചതായി ഇവിടെ പറഞ്ഞു. കഴിഞ്ഞദിവസം ഞങ്ങൾ സഭാനടപടികൾ സ്തംഭിപ്പിച്ചു. സഭാനടപടികൾ സ്തംഭിപ്പിക്കുന്നത് ചരിത്രത്തിലാദ്യമായല്ല. ഞങ്ങൾ ശബരിമല വിഷയത്തിൽ സമരം ചെയ്യുകയാണ്. ഞങ്ങൾ ഇപ്പോൾ പുറത്തും ഇവിടെയും സമരം ചെയ്യും. ചോദ്യോത്തരവേള നടക്കുന്നതിനിടയിൽ ഞങ്ങളിവിടെ സമരം ചെയ്തപ്പോൾ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിക്ക് മൈക്ക് കിട്ടിയപ്പോൾ അദ്ദേഹം എത്ര മോശമായിട്ടാണ് ഞങ്ങളുടെ സമരത്തെക്കുറിച്ച് പറഞ്ഞത്. ഇങ്ങനെയാണോ നിങ്ങൾ നിയമസഭയിൽ പെരുമാറേണ്ടത്; എന്തൊരു അച്ചടക്കമില്ലായ്മയാണ്; നിങ്ങൾ എന്തിനാണ് സമരം ചെയ്യുന്നത് എന്നിങ്ങനെ പരിഹസിക്കുകയും അതിനുശേഷം അദ്ദേഹം ഞങ്ങളുടെയെല്ലാം മാതൃതുല്യയും പ്രിയങ്കരിയുമായ നേതാവ്

ശ്രീമതി സോണിയ ഗാന്ധിയുടെ വീട് റെയ്ഡ് ചെയ്ത് അവരെ അറസ്റ്റ് ചെയ്യണമെന്നും അവരുടെ വീട്ടിലാണ് ശബരിമലയിലെ മോഷ്ടിച്ച സ്വർണം സൂക്ഷിച്ചുവച്ചിരിക്കുന്നതെന്നും നിയമസഭയിൽ പറഞ്ഞു. ചില മന്ത്രിമാരും അതിനോടൊപ്പം കൂടി. ഞങ്ങൾക്കതിൽ വേദനയും വിഷമവും പ്രയാസവുമുണ്ടായി. ഇദ്ദേഹം വളരെ മോശമായ ഭാഷയിൽ, ശ്രീമതി സോണിയ ഗാന്ധിയുടെ കയ്യിൽ കെട്ടിയിരിക്കുന്ന ചരടുപോലും ശബരിമലയിലെ സ്വർണമാണെന്ന് പറഞ്ഞ് അവരെ അധിക്ഷേപിച്ചു. 80 വയസ്സായ അവരെ അറസ്റ്റ് ചെയ്യണമെന്നും അവരുടെ വീട് റെയ്ഡ് ചെയ്യണമെന്നും പറഞ്ഞു. .....(ബഹളം).... ഞാൻ ആദ്യം ആ മന്ത്രിക്കെതിരെ പോയി സംസാരിക്കുകയാണോ ചെയ്തത്? വിദ്യാഭ്യാസ വകുപ്പുമന്ത്രിയുൾപ്പെടെയുള്ളവർ ആ പ്രസ്താവന പിൻവലിച്ച് മാപ്പ് പറയണമെന്ന് ഞാൻ പുറത്തുപോയി പത്രസമ്മേളനത്തിൽ പറഞ്ഞതല്ലാതെ ഒരു മോശം വാക്കും പറഞ്ഞിട്ടില്ല. ജീവിതത്തിൽ ഒരുപാട് വേദനകൾ അനുഭവിച്ചിട്ടുള്ള ശ്രീമതി സോണിയ ഗാന്ധിയെപോലുള്ള വ്യക്തിയെക്കുറിച്ച് ഇത്രയും പ്രബുദ്ധമായ നിയമസഭയിൽ ഇത്തരത്തിലുള്ള വാക്കുകൾ പറയാൻ

പാടില്ല. ഇക്കാര്യങ്ങൾ സഭാരേഖയിലുണ്ടാകാൻ പാടില്ലെന്ന് ആവശ്യപ്പെട്ടിട്ടും ഇതിനെതിരെ ഒരു നടപടിയും അങ്ങ് സ്വീകരിച്ചില്ല. ഇക്കാര്യത്തിൽ ഞങ്ങൾക്ക് വിഷമമുണ്ടാകുകയും സാധാരണ സംസാരിക്കാറുള്ള ഭാഷയിൽനിന്നും കുറച്ചുകൂടി കടന്ന് എനിക്ക് സംസാരിക്കേണ്ടിവന്നുവെന്നതും സത്യമാണ്. പക്ഷെ ഞാൻ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്ക് നേരെ അവൻ, ഇവൻ എന്നിങ്ങനെയുള്ള വാക്കുകൾ ഉപയോഗിച്ചിട്ടില്ല. (.....ബഹളം.....) ആ പ്രസംഗം കേൾക്കുകയാണെങ്കിൽ ഇക്കാര്യം നിങ്ങൾക്ക് മനസ്സിലാകുന്നതാണ്. അദ്ദേഹം നിയമസഭയിൽ ഞങ്ങൾക്ക് ക്ലാസ് എടുക്കേണ്ടെന്ന് ഞാൻ പറഞ്ഞു. മുമ്പ് നിയമസഭയിൽ അദ്ദേഹം കാണിച്ച കാര്യങ്ങൾ ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു, അത്രേയുള്ളൂ. ഞാൻ അദ്ദേഹത്തെ മോശമായിട്ടൊന്നും പറഞ്ഞ് അധിക്ഷേപിച്ചിട്ടില്ല. നിയമസഭയുടെ ഡെസ്കിൽ കയറിനിന്ന് നിയമസഭ അലങ്കോലപ്പെടുത്തിയ ഒരാൾ ഞങ്ങളെ ഉപദേശിക്കാൻ വരേണ്ടെന്ന് പറഞ്ഞതിൽ എന്ത് അധിക്ഷേപമാണുള്ളത്. അങ്ങനെ പറഞ്ഞത് ശരിയല്ലേ? (.....ബഹളം.....)

ഞാൻ അധിക്ഷേപിച്ചല്ല അതെല്ലാം പറഞ്ഞതെങ്കിലും ആ പ്രസ്താവന നൂറ് ശതമാനവും പിൻവലിക്കാൻ ഞാൻ തയ്യാറാണ്. അതിന് ഞാൻ ഒരു നിബന്ധന വയ്ക്കുകയാണ്. പ്രിയങ്കരിയായ ശ്രീമതി സോണിയ ഗാന്ധിയെക്കുറിച്ച് നിയമസഭയിൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി നടത്തിയ ഏറ്റവും ഹീനമായ ആ പ്രസ്താവന പിൻവലിച്ചാൽ ഞാൻ പൂർവകാല പ്രാബല്യത്തോടെ എന്റെ പ്രസ്താവന പിൻവലിക്കാം. ഇക്കാര്യം അങ്ങയെ ഞാൻ അറിയിക്കുന്നു. ഈ നയപ്രഖ്യാപനത്തെ ശക്തിയായി എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാധാരണ നിലയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്ന് നിയമസഭയിൽ വരാത്തതുകൊണ്ടുള്ള വിഷമം എന്റെ നേരെ തീർത്തതുകൊണ്ട് കാര്യമില്ല. പ്രതിപക്ഷനേതാവ് സാധാരണ നിലയിലായിട്ടില്ലെന്ന് തോന്നുകയാണ്. ഇക്കാര്യം നിങ്ങൾക്കും തോന്നിയിട്ടുണ്ടാകും. ആ വിഷമം എന്റെ നേരെ അങ്ങ് തീർക്കരുതെന്ന് മാത്രം പറയുകയാണ്. അതിന് എന്താണ് കാരണമെന്ന് നിങ്ങൾ പരിശോധിച്ചാൽമതി. കേരളത്തിലെ വിലക്കയറ്റം

നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു ഇടപെടലുകളും ഉണ്ടാകുന്നില്ലെന്നും മാർക്കറ്റിൽ സർക്കാർ ഇടപെടുന്നില്ലെന്നും അദ്ദേഹം ഇവിടെ പറയുകയുണ്ടായി. വിവിധ ഘട്ടങ്ങളിലായി നാടിന്റെ ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ ഫലപ്രദമായ മാർക്കറ്റ് ഇടപെടലുകളാണ് സർക്കാർ നടത്തിപോകുന്നത്. ഇത് കേരളത്തിലെ ജനങ്ങൾ അനുഭവിച്ച് അറിഞ്ഞ കാര്യമാണ്. അതിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയ്തുവരുന്നത്. ഒരു പരിധിവരെ സഹകരണ മേഖലയിൽ കൺസ്യൂമർ ഫെഡും ഇക്കാര്യങ്ങൾ ചെയ്യുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന് കാര്യങ്ങൾ നിർവഹിക്കാൻ കഴിയുന്നത്, അതിനാവശ്യമായ പിന്തുണ സർക്കാരിന്റെ ഭാഗത്തുനിന്നും നൽകുന്നതുകൊണ്ടുതന്നെയാണ്. സർക്കാരിനെ പ്രയാസത്തിലാക്കുന്ന ഒട്ടേറെ നീക്കങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഒരുതരം സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുന്ന രീതിയിലാണ് കാര്യങ്ങൾ

നീങ്ങുന്നതെങ്കിലും അതിനെയെല്ലാം ഫലപ്രദമായി അതിജീവിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷൻ 1600 രൂപയിൽനിന്നും ഒരു രൂപയെങ്കിലും കൂട്ടാൻ തയ്യാറായോയെന്നുള്ള വിചിത്രമായ കാര്യം അദ്ദേഹം ചോദിക്കുകയുണ്ടായി. 2016-2021 വരെ ഉണ്ടായിരുന്ന എൽ.ഡി.എഫ്. സർക്കാരാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ 1600 രൂപയിലേയ്ക്ക് ഉയർത്തിയത്. സാമൂഹ്യ സുരക്ഷാ പെൻഷന്റെ കാര്യത്തിൽ എത്ര കുറ്റകരമായ സമീപനമാണ് നിങ്ങൾ സ്വീകരിച്ചിരുന്നതെന്ന് പ്രത്യേകമായി ഓർമിപ്പിക്കേണ്ട കാര്യമില്ല. ഇ. കെ. നായനാറിന്റെ കാലത്ത് 45 രൂപയായിരുന്ന കർഷകത്തൊഴിലാളി പെൻഷനായി അനുവദിച്ചിരുന്നത്. അത് ഉൽപാദനക്ഷമതയുള്ള കാര്യമല്ലെന്നുപറഞ്ഞ് ആക്ഷേപിക്കാൻ തയ്യാറായിരുന്നുവെന്ന കാര്യം ഓർക്കുന്നതും നല്ലതാണ്. ആ തുക പിന്നീട് അധികാരത്തിൽവന്ന യു.ഡി.എഫ്. സർക്കാർ വർധിപ്പിക്കാൻ തയ്യാറായി. അതിനുശേഷം ആ തുക വർധിപ്പിച്ചത് പിന്നീട് വന്ന എൽ.ഡി.എഫ്. സർക്കാരാണ്. 1980 മുതൽ 2016 വരെ കേരളത്തിൽ ഇടവിട്ട് രണ്ട് മുന്നണികളും ഭരിച്ചിട്ടുണ്ട്. പിന്നീട് വന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ

കാലത്ത് ക്ഷേമപെൻഷന്റെ കാര്യത്തിൽ ഏതെങ്കിലും രീതിയിലുള്ള വർധനവ് വരുത്തിയിട്ടുണ്ടോ? നിങ്ങൾ പിന്നീട് ക്ഷേമ പെൻഷനിൽ ആകെ വർധനവ് വരുത്തുന്നത് 2016-ന് മുമ്പുള്ള ടേമിലാണ്. ആ ടേമിൽ 500 രൂപയുടെ ക്ഷേമപെൻഷൻ 600 രൂപയാക്കി മാറ്റി. പക്ഷെ ആ വർധനവ് കടലാസിൽ മാത്രമായിരുന്നു. അത് കൊടുത്തിരുന്നില്ല. 2006-ൽ വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ വളരെ ചെറിയ തുകയായിരുന്നു ക്ഷേമ പെൻഷനായി നൽകിക്കൊണ്ടിരുന്നത്. അന്ന് 28 മാസത്തെ കുടിശ്ശികത്തുക നൽകാനുമുണ്ടായിരുന്നു. 2006-ൽ വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആ കുടിശ്ശിക കൊടുത്തുതീർക്കാനാണ് ആദ്യം തീരുമാനിച്ചത്. ക്ഷേമപെൻഷന്റെ കാര്യത്തിലുള്ള നിങ്ങളുടെ മുഖംതിരിഞ്ഞുനിൽക്കൽ എത്ര ക്രൂരമായിരുന്നുവെന്നത് ഓർക്കണം. ചില്ലിക്കാശാണോ; ഒന്നോ രണ്ടോ വർഷത്തേതല്ല, 28 മാസത്തേതാണ്. അതായത്, 2006-ൽ രണ്ടുവർഷവും 4 മാസത്തെയും കുടിശ്ശികത്തുക കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു.

അതുകഴിഞ്ഞ് ആ പെൻഷൻ കൃത്യമായി എൽ.ഡി.എഫ്. സർക്കാർ കൊടുത്തുവന്നു. 2011-ൽ യു.ഡി.എഫ്. വീണ്ടും അധികാരത്തിൽവന്നപ്പോൾ എന്തായി അവസ്ഥ? ആ ഘട്ടത്തിലാണ് പെൻഷൻ തുക 500 രൂപയിൽനിന്നും 100 രൂപകൂടി വർധിപ്പിച്ചത്. അത് കടലാസിലാണെന്ന് ഞാൻ പറഞ്ഞത് എന്തുകൊണ്ടാണ്; 2016-ൽ ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ കൊടുക്കാനുള്ള പെൻഷന്റെ കാര്യം എന്താണെന്ന് അന്വേഷിച്ചപ്പോൾ 18 മാസത്തെ കുടിശ്ശികയുണ്ടെന്ന് മനസ്സിലായി. ആ കുടിശ്ശിക മുഴുവനും കൊടുക്കാൻ ഞങ്ങളാണ് തീരുമാനിച്ചത്. അത് കൊടുത്തുതീർക്കുക മാത്രമല്ല, 600 രൂപയിൽനിന്നും പടിപടിയായി വർധിപ്പിക്കാനും തുടങ്ങി. അങ്ങനെയാണ് 2021 ആയപ്പോൾ 600 രൂപ 1600 രൂപയായി മാറുന്നത്. ഇതെല്ലാം നാടിന്റെ ചരിത്രത്തിന്റെ ഭാഗമല്ലേ; ആ വസ്തുത ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മറച്ചുവയ്ക്കുന്നത് ശരിയാണോ? ക്ഷേമനിധി തകരുകയല്ല, ഇവിടെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയെപ്പറ്റി ചില പ്രശ്നങ്ങൾ പറയുകയുണ്ടായി. അവർക്ക് അവരുടേതായ ചില പ്രശ്നങ്ങളുണ്ടെന്നത് ശരിയാണ്. സർക്കാർ അതിൽ

ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി നിലവിലുള്ള കുടിശ്ശികകൾ കൊടുത്തുതീർക്കാൻപറ്റുന്ന തരത്തിൽ അവരെ സാമ്പത്തികമായി സജ്ജമാക്കാനുള്ള ഒരുക്കങ്ങൾ നടക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഒരു ഭാഗം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബാക്കികാര്യങ്ങളും ഉടനെതന്നെ പൂർത്തിയാകുമെന്നതാണ് കാണേണ്ടത്. ആരോഗ്യരംഗത്തെക്കുറിച്ച് വളരെ വിശദമായ ചർച്ച നടന്നതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. മാതൃകാപരമായ അവസ്ഥയിൽ നമ്മുടെ ആരോഗ്യരംഗം എത്തിയില്ലേ; എത്ര അഭിമാനകരമായ നിലയിലാണ് ഇന്ന് കേരളത്തിന്റെ ആരോഗ്യരംഗമുള്ളത്? കുറച്ചുകാലം മുമ്പ് നമുക്ക് കോവിഡിനെ നേരിടേണ്ടിവന്നു. കോവിഡ് മൂർധന്യദശയിലായപ്പോൾ, ലോകത്താകെയുള്ള അവസ്ഥ നോക്കിയാൽ, ആരോഗ്യ രംഗത്ത് നാം ഒരുക്കിയ സൗകര്യങ്ങൾ കോവിഡിനെ പ്രതിരോധിക്കാൻ കഴിഞ്ഞില്ലായെന്ന് കാണാൻ കഴിയുമോ; അതല്ലേ വസ്തുത. ആ മൂർധന്യദശയിലും കേരളത്തിലെ ആശുപത്രികളിൽ ബെഡ്ഡുകളും ഐ.സി.യു. ബെഡ്ഡുകളും ഓക്സിജൻ ബെഡ്ഡുകളും ഒഴിവുണ്ടായിരുന്നു.

വെന്റിലേറ്റർ വരെ ഒഴിവുണ്ടായിരുന്നു. ഇതായിരുന്നോ രാജ്യത്തിന്റെയും ലോകത്തിന്റെയും മറ്റ് ഭാഗങ്ങളിലെയും സ്ഥിതി; ആ മാറ്റം വന്നത് എങ്ങനെയാണ്? 2016-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ആരോഗ്യരംഗം തകർന്നടിഞ്ഞു കിടക്കുകയായിരുന്നല്ലോ. 'ഇല്ല, ഇല്ല' എന്ന പല്ലവിയാണല്ലോ ചൊല്ലിക്കൊണ്ടിരുന്നത്; ഡോക്ടർമാരില്ല, മരുന്നില്ല, സ്റ്റാഫില്ല, ഒന്നുമില്ലാത്ത അവസ്ഥയായിരുന്നല്ലോ; ആ അവസ്ഥയിൽനിന്നും മാറ്റം വന്നില്ലേ; അതിന്റെ ഭാഗമായല്ലേ നമ്മൾ ആർദ്രം മിഷൻ നടപ്പാക്കിയത്; ആർദ്രം മിഷൻ നടപ്പാക്കിയതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായത് മാത്രമല്ലല്ലോ; താലൂക്കാശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിലെല്ലാം വിവിധ തരത്തിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളല്ലേ ഏർപ്പെടുത്തിയത്. ആരോഗ്യരംഗത്ത് വലിയ മാറ്റമുണ്ടായി. ജനങ്ങൾക്ക് സൗകര്യപ്രദമായ ചികിത്സ ലഭിക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും നമ്മുടെ ആശുപത്രികളിൽ ഏർപ്പെടുത്താൻ കഴിഞ്ഞു. അപ്പോഴാണ് മഹാമാരി വന്നത്. ആ മഹാമാരിയെ നമുക്ക് നല്ലരീതിയിൽ

നേരിടാനും കഴിഞ്ഞു. ഇപ്പോൾ പിന്നെയും നമ്മൾ മുന്നോട്ടുപോകുകയാണ്. ആ മുന്നോട്ടുപോകുന്നതിന്റെ ഭാഗമായല്ലേ നമുക്കെല്ലാം അഭിമാനിക്കാൻ കഴിയുന്ന കേരളത്തിന്റെ നേട്ടം. നേരത്തേതന്നെ നവജാത ശിശുക്കളുടെ മരണനിരക്ക് വലിയതോതിൽ കുറച്ചുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിരുന്നു. അതിൽ  ലോകംതന്നെ ശ്രദ്ധിക്കുന്ന തലത്തിലേക്ക് നമ്മൾ ഉയർന്നില്ലേ; അത് 5 എന്ന അക്കത്തിലേക്ക് നമ്മൾ എത്തിയല്ലോ; 5 എന്ന അക്കത്തിലെത്തുമ്പോൾ സമ്പൽസമൃദ്ധമാണെന്ന് കൊട്ടിഘോഷിക്കുന്ന അമേരിക്കയുടേത് 5.6 ആണ്. അതിൽ അമേരിക്കയെപ്പോലും  കവച്ചുവയ്ക്കാൻ കഴിഞ്ഞുവെന്നുപറഞ്ഞാൽ കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമല്ലേ; നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്ന ഒന്നല്ലേ; രാജ്യത്തിന്റെ ശരാശരി 25 ആണെന്ന കാര്യം നമ്മൾ ഓർക്കണം. ഇതേ രീതിയല്ലേ മാതൃമരണത്തിലും കാണാൻ കഴിയുന്നത്. എല്ലാ കാര്യത്തിലും ഇത്തരത്തിലുള്ള നേട്ടം നമുക്ക് നേടാൻ കഴിഞ്ഞത് ആരോഗ്യരംഗത്തിന്റെ വലിയ തോതിലുള്ള വളർച്ചയുടെ ഭാഗമായല്ലേ; സർക്കാർ ശ്രദ്ധിക്കാതെ ഉന്നത വിദ്യാഭ്യാസരംഗമാകെ വല്ലാതെ

അവതാളത്തിലാക്കിക്കഴിഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം. ഒരു മുന്നൊരുക്കവുമില്ലാതെയാണ് ഇവിടെ നാലുവർഷ കോഴ്സ് ആരംഭിച്ചത്. ഇവിടെ കോഴ്സുകളിൽ മാറ്റമില്ല. ഇങ്ങനെ പോയാൽ നമ്മുടെ സംസ്ഥാനമാകെ തകർന്നുപോകുന്ന അവസ്ഥയാകും. ഉന്നത വിദ്യാഭ്യാസമേഖലയുടെ അവസ്ഥ നമ്മുടെ കേരളത്തിന് വലിയ തകർച്ചയുണ്ടാക്കുന്ന ഒന്നുതന്നെയായിരുന്നു. അത് ഇപ്പോഴല്ല, 2016-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന അവസ്ഥ പരിതാപകരമായിരുന്നു. നമ്മുടെ നാട് വിദ്യാഭ്യാസരംഗത്ത് മെച്ചപ്പെട്ടതാണെന്നെല്ലാം നമ്മൾ അവകാശപ്പെടുമ്പോഴും അക്കാലത്ത് നമ്മൾ വല്ലാതെ പുറകിൽ പോയിരുന്നല്ലോ; 2016-ൽ നമ്മുടെ പൊതുവിദ്യാഭ്യാസരംഗത്തെ തകർച്ചയാണ് കേരളത്തെ ഏറ്റവുമധികം വേദനിപ്പിച്ച കാര്യം. സ്വാഭാവികമായും അതിലാണ് അന്ന് കൂടുതൽ ശ്രദ്ധയുണ്ടായതെന്നത് ശരിയാണ്. എന്നാൽ ആ ഘട്ടത്തിൽ യൂണിവേഴ്സിറ്റികളുടെ വൈസ്ചാൻസലറുമായി നടത്തിയ ഒരു ചർച്ച ഞാൻ ഓർക്കുകയാണ്. അതിൽ നമ്മുടെ രാജ്യത്ത് യൂണിവേഴ്സിറ്റികൾക്കും

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നേടാൻ കഴിഞ്ഞ നേട്ടം, നമ്മുടെ രാജ്യത്തെ സ്ഥാപനങ്ങളെ പട്ടികപ്പെടുത്തിയാൽ അതിൽ കേരളത്തിന്റെ സ്ഥാനം വളരെ പുറകിലായിരുന്നു. നമുക്ക് ഈ ദുരവസ്ഥ പരിഹരിക്കാൻ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിക്കണ്ടേയെന്ന് അവരോട് ചർച്ച ചെയ്തപ്പോൾ ആത്മാർത്ഥമായ ഇടപെടൽ അന്നത്തെ വൈസ് ചാൻസലർമാരുടെയും യൂണിവേഴ്സിറ്റികളുടെയും ഭാഗത്തുനിന്നുമുണ്ടായി. അതിന്റെ ഫലമായി എത്രമാത്രം പുരോഗതിയാണ് നമ്മുടെ യൂണിവേഴ്സിറ്റികളിലുണ്ടായത്. 2021-ൽ ഈ ഗവൺമെന്റിന് തുടക്കം കുറിച്ചപ്പോൾ ഉന്നത വിദ്യാഭ്യാസ രംഗമാണ് ഏറ്റവും പ്രധാനമായി ശ്രദ്ധിക്കുന്ന രംഗമാക്കി മാറ്റിയത്. ഉന്നത വിദ്യാഭ്യാസമേഖല വലിയ തോതിൽ ശാക്തീകരിക്കുമെന്നും കേരളം ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റുമെന്നും അന്ന് പരസ്യമായി പ്രഖ്യാപിക്കുകയും അതിനുതകുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു. ആ നടപടികൾ വെറുതെ പറഞ്ഞുനിർത്തുകയല്ല ചെയ്തത്. അതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ യൂണിവേഴ്സിറ്റികൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും

നൽകി. അതിന്റെ ഭാഗമായി വലിയ മാറ്റങ്ങൾ വന്നു. ആ മാറ്റത്തിന്റെ ഭാഗമായി സംഭവിച്ചതെന്താണ്? കഴിഞ്ഞ വർഷത്തെ റാങ്കിങ് വന്നപ്പോൾ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഒൻപതാം സ്ഥാനം കേരളാ യൂണിവേഴ്സിറ്റിക്കും പത്താം സ്ഥാനം കൊച്ചിൻ യൂണിവേഴ്സിറ്റിക്കും പതിനൊന്നാം സ്ഥാനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്കും നാൽപ്പത്തിമൂന്നാം സ്ഥാനം കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുമാണ് ലഭിച്ചത്. കേരളത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ സംഭവമാണിത്. നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 16 കോളേജുകൾ വലിയ നിലയിൽ ഉയർന്നുവന്നിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടായ മാറ്റം വെറുതെയുണ്ടായതല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആ മാറ്റമുണ്ടായിട്ടില്ലെന്ന് പറയാൻ തയ്യാറായത് എന്തിനാണെന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഇനിയും നമുക്ക് മുന്നേറേണ്ടതുണ്ടെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമൊന്നുമില്ല. പക്ഷെ ആവശ്യമായ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നമ്മുടെ നാട്ടിലേയ്ക്ക് രാജ്യത്തിന് പുറത്തുനിന്നുള്ള വിദ്യാർഥികൾ വലിയ തോതിൽ പഠിക്കാൻ ആഗ്രഹം

പ്രകടിപ്പിച്ചുവരുന്നുണ്ട്. കഴിഞ്ഞ കോളേജ് അഡ്മിഷന്റെ സമയത്ത് വൻതോതിൽ കുട്ടികൾ ഇവിടെ അഡ്മിഷനെടുക്കാൻ ആഗ്രഹം പ്രകടിപ്പിച്ചുവരുന്നുവെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതാണ്. നമ്മുടെ കലാലയങ്ങളുടെ സ്ഥിതി മാറിയല്ലോ? കലാലയങ്ങൾ വലിയ തോതിൽ മെച്ചപ്പെട്ട അവസ്ഥയിലായതായി നമുക്ക് കാണാൻ സാധിക്കും. കോഴ്സുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നാലുവർഷ കോഴ്സ് എന്ന് പറയുന്നത് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ഉന്നതമായൊരു കമ്മീഷൻ പഠനം നടത്തിയതിന്റെ ഭാഗമായി കണ്ടെത്തിയ കാര്യമാണ്. അതിനുള്ള എല്ലാ ഒരുക്കങ്ങളും നടത്തിയതിനുശേഷമാണ് നാലുവർഷ ഡിഗ്രി കോഴ്സ് ആരംഭിച്ചത്. പെട്ടെന്ന് ഒരു ദിവസം നാലുവർഷ കോഴ്സ് ആരംഭിച്ചതല്ല. അത് ശ്യാം ബി. മേനോനെപ്പോലെയുള്ള പ്രഗത്ഭരായ വ്യക്തികൾ ഉൾക്കൊള്ളുന്ന ഒരു സമിതിയുടെ തീരുമാനമായിരുന്നു. വളരെ ഫലപ്രദമായി ആ കോഴ്സുകൾ നടക്കുന്നതായി നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ വിഭാഗത്തെ വലിയ തരത്തിൽ കണ്ടുകൊണ്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുപോകുന്നത്. അവിടെ

ഒരുതരത്തിലുമുള്ള പ്ലാൻ കട്ടുചെയ്യുന്ന പ്രശ്നമില്ല. നമ്മുടെ സംസ്ഥാനത്ത് നല്ല രീതിയിൽത്തന്നെ പ്ലാൻ നടപ്പാക്കപ്പെടുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. ഈ വർഷം പ്ലാൻ കട്ടേയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെയല്ല സ്ഥിതി. അദ്ദേഹം എന്തോ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഇപ്രാവശ്യത്തെ പ്ലാൻ മുഴുവൻ നടപ്പാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. എല്ലാ രംഗത്തും നമ്മൾ നല്ല രീതിയിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നുവെന്നാണ് കാണാൻ സാധിക്കുന്നത്.

കേരളത്തിന്റെ മണ്ണിൽനിന്നുകൊണ്ട് എങ്ങനെയാണ് നമ്മുടെ നാടിന്റെ സമാധാനപരമായ ജീവിതവും പൊതുവെ നടമാടുന്ന ശാന്തിയുമൊക്കെ തള്ളിപ്പറയാൻ സാധിക്കുന്നത്? ബഹുമാന്യനായ പ്രതിപക്ഷനേതാവ്, അദ്ദേഹം പ്രതിപക്ഷനേതാവ് തന്നെയാണോ; പ്രതിപക്ഷം എന്നുപറഞ്ഞാൽ ഈ സർക്കാരിനോടുള്ള പ്രതിപക്ഷമാണല്ലോ; ഈ നാടിനോടും ജനങ്ങളോടും പ്രതിപക്ഷമായി ഇരിക്കണോ; നാടിന്റെ നേട്ടങ്ങൾക്ക് മുമ്പിൽ പുറംതിരിഞ്ഞ് നിൽക്കണോ? നമ്മുടെ നാടുപോലെ സ്വച്ഛന്ദമായും സമാധനപരമായും ശാന്തതയോടും ജീവിക്കാൻ സാധിക്കുന്ന മറ്റൊരു

പ്രദേശം ഈ രാജ്യത്തുണ്ടോ? അതല്ലേ നമ്മൾ കാണേണ്ടത്. അത് നമ്മുടെ നാടിന്റെ പ്രത്യേകതയല്ലേ; ഇവിടെ എടുത്തുപറയത്തക്ക വർഗ്ഗീയ സംഘർഷങ്ങളില്ല, നല്ല സമാധാനം നിലനിൽക്കുകയാണ്. കേരളത്തിൽ വർഗ്ഗീയ സംഘടനകൾ ഇല്ലാത്തതുകൊണ്ടാണോ; കേരളത്തിലാണ് ചില വർഗ്ഗീയ സംഘടനകളുടെ ഏറ്റവും കരുത്തുറ്റ സംഘടനാരൂപമുള്ളതെന്ന് പറയാറുണ്ട്. അങ്ങനെയുള്ള സംഘടനകൾ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവർ നമ്മുടെ കേരളത്തിൽ ഒരുകാലത്തും ഒരുതരത്തിലുമുള്ള വർഗ്ഗീയ അസ്വാസ്ഥ്യങ്ങൾ ഉണ്ടാക്കാത്തവരായിരുന്നോ; ഞാൻ ആ കണക്കിലേക്കൊന്നും ഇപ്പോൾ പോകുന്നില്ല. എടുത്തുപറയാൻ ധാരാളം കാര്യങ്ങളുള്ളതാണ്. ഏതെല്ലാം തരത്തിലുള്ള വർഗ്ഗീയ കലാപങ്ങൾ; എത്ര ഭീകരമായത്; എത്ര മനുഷ്യജീവനുകൾ അപഹരിക്കപ്പെട്ടിട്ടുണ്ട്; എത്ര ആളുകളെ കൊല ചെയ്തിട്ടുണ്ട്; എത്ര ആളുകൾക്ക് മാരകമായി പരിക്കേറ്റിട്ടുണ്ട്; എത്ര വീടുകൾ കൊള്ള ചെയ്യപ്പെട്ടിട്ടുണ്ട്; എത്ര ആരാധനാലയങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്; എത്ര ഭീകരമായിരുന്ന സംഭവങ്ങൾ; അതെല്ലാം നടന്ന ഒരു നാടല്ലേ ഇത്;

അതൊന്നും നമുക്ക് അറിയാത്തതല്ലല്ലോ? എന്നാൽ 2016 മുതൽ ഇപ്പോൾ 2026-ൽ നമ്മൾ എത്തിനിൽക്കുകയാണ്. ഈ പത്ത് വർഷക്കാലം കേരളത്തിൽ വർഗ്ഗീയ സംഘർഷങ്ങളോ വർഗ്ഗീയ കലാപങ്ങളോ ഉണ്ടോ; എന്താണ് ഇവരൊന്നും നാട്ടിലില്ലാത്തതുകൊണ്ടാണോ; ഇവരെല്ലാം നാട്ടിൽ പഴയതുപോലെതന്നെയുണ്ട്. പക്ഷെ അവരെ ചാരി ആരും നിൽക്കുന്നില്ല. അതാണ് പ്രത്യേകത. അവരിൽ ഏതെങ്കിലും ഒരു വിഭാഗത്തിന് സംരക്ഷണമില്ല. ഏത് വിഭാഗമായാലും വർഗ്ഗീയ സംഘർഷത്തിന്റെ ഭാഗമായി മുന്നിട്ടിറങ്ങിയാൽ അതിനെ കർക്കശമായി നേരിടുന്ന സമീപനമാണ് കേരളത്തിൽ തുടർന്നുവരുന്നത്. സംഘർഷങ്ങളില്ലാത്തതും വർഗ്ഗീയ ശക്തികൾക്ക് തലപൊക്കാൻ സാധിക്കാത്തതും അതുകൊണ്ടുതന്നെയാണ്. അവർക്ക് തലപൊക്കാനും ഇടപെടാനും ആഗ്രഹമില്ലാത്തതുകൊണ്ടല്ല. ആ മാറ്റം എന്താണ് അദ്ദേഹത്തിന് അംഗീകരിക്കാൻ പ്രയാസം. അത് നമ്മുടെ നാടിനെക്കുറിച്ച് കാണേണ്ട ഒരു കാര്യവും അതിന്റെ നല്ല വശവുമാണ്. ഇന്ന് കേരളത്തിൽ സംരംഭം ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ വേണ്ടി ഒരുകൂട്ടർ വ്യവസായ

വകുപ്പുമന്ത്രിയോടൊപ്പം എന്നെ കാണാൻ വന്നിരുന്നു. 3.7 ലക്ഷം കോടി രൂപയുടെ നിക്ഷേപത്തിന്റെ ഒരു പദ്ധതിയാണ് മുമ്പോട്ടുവച്ചത്. ആ വ്യവസായി ഞങ്ങളുടെ ഏതെങ്കിലും ബ്രാഞ്ച് മെമ്പറാണെന്നുള്ള തെറ്റിദ്ധാരണ വേണ്ട. എന്താണ് നിങ്ങൾ കേരളത്തെ തിരഞ്ഞെടുക്കാനുള്ള കാരണമെന്ന് ഞാൻ ചോദിച്ചപ്പോൾ ഇതുപോലെ സ്വച്ഛമായ സ്ഥലമില്ലെന്നും ഇവിടെ ഒരുതരത്തിലുമുള്ള കമ്മ്യൂണൽ പ്രശ്നങ്ങളുമില്ലാത്തതുകൊണ്ടാണ് ഞങ്ങൾ ഇവിടേക്ക് വരുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. ഇതാണ് നമ്മുടെ നാടിനെപ്പറ്റി മറ്റുള്ളവർക്കുള്ള ധാരണ. എന്തിനാണ് ആ ധാരണ തിരുത്താൻ ശ്രമിക്കുന്നത്? നമ്മുടെ നാടിന്റെ ഈ നല്ലവശം കണ്ടുകൊണ്ട് നാടിന്റെ പൊതുവായ അഭിവൃദ്ധിക്കുതകുന്ന നടപടികളും പലതരത്തിലുള്ള ഇടപെടലുകളും വന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ഒരു നാടിനെ ഒരു വാക്കിലോ നോക്കിലോ ഇകഴ്ത്തിക്കാണിക്കുന്നത് എന്തിനാണ്? സർക്കാരിനെ കുറ്റംപറയാനുള്ള കാര്യങ്ങൾ നിങ്ങൾ പറഞ്ഞുകൊള്ളൂ. അതുകൊണ്ട് പ്രശ്നമില്ല. പക്ഷെ നാടിന്റെ പൊതുവായ അന്തരീക്ഷത്തെ

തകർക്കാൻ പാടുണ്ടോ? നമ്മുടെ നാട് ഒരു മോശപ്പെട്ട നാടായി മാറിയിരിക്കുന്നുവെന്ന ചിത്രം അവതരിപ്പിക്കാൻ പാടുണ്ടോ?

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മയക്കുമരുന്നിനെതിരെയുള്ള ക്യാമ്പയിനിന്റെ കാര്യം ഇവിടെ പറഞ്ഞു. മയക്കുമരുന്നിനെതിരെയുള്ള ക്യാമ്പയിൻ ഏറ്റവും ഫലപ്രദമായ രീതിയിൽ നടത്തിയതും നടപടികൾ സ്വീകരിച്ചതും നമ്മളാണ്. അതിന്റെ ഭാഗമായി കേരളത്തിനെതിരെ പറയുന്ന ആളുകൾ പറയുന്നത് കേരളത്തിലാണ് ഏറ്റവും കൂടുതൽ മയക്കുമരുന്നുള്ളതെന്നാണ്. അത് ഒരു വസ്തുത ആയിരുന്നില്ല. യഥാർഥത്തിൽ നമ്മളാണ് മയക്കുമരുന്നിനെതിരെ അതിശക്തമായ ക്യാമ്പയിൻ നടത്തിയത്. നമ്മുടെ ലക്ഷ്യം ഇളംതലമുറയെ, കുഞ്ഞുങ്ങളെ, വിദ്യാർത്ഥികളെ മയക്കുമരുന്ന് മാഫിയ പിടികൂടാൻ പാടില്ല, ടി മാഫിയയുടെ സ്വാധീനം അവരിലേയ്ക്കെത്താൻ പാടില്ല, പലതരത്തിൽ അവരെ കീഴ്പ്പെടുത്തുന്നത് തടയണം, അതിന് കുട്ടികളെ ബോധവൽക്കരിക്കണം, നമ്മുടെ നാട്ടിലെ കുട്ടികളും രക്ഷിതാക്കളും കുടുംബങ്ങളും പങ്കാളികളാകുന്ന തരത്തിലുള്ള ബോധവൽകരണ പ്രക്രിയയിലേയ്ക്കാണ് നമ്മൾ കടന്നത്. വെറും

ബോധവൽകരണമല്ല, അവരോടൊപ്പം എൻഫോഴ്സ്മെന്റ് ഏജൻസികളും പോലീസും എക്സൈസുമെല്ലാം ശക്തമായ നടപടികൾ സ്വീകരിച്ചു. അദ്ദേഹം പറഞ്ഞ സോഴ്സിലേയ്ക്കെത്താനാണ് പോലീസ് ശ്രമിച്ചത്. അതിന്റെ സോഴ്സിലേയ്ക്കെത്തുമ്പോഴുള്ള പ്രശ്നങ്ങൾ എങ്ങനെയാണെന്ന് കുറച്ചൊക്കെ നിങ്ങൾക്കും അറിയാവുന്നതാണ്. ഞാൻ അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. എവിടെയൊക്കെയാണ് അവരുള്ളതെന്നും അവിടെയെത്തുമ്പോഴുള്ള അവസ്ഥ എന്താണെന്നും അവിടെയുള്ള സർക്കാരുകൾ അതിനോട് സ്വീകരിക്കുന്ന സമീപനം എന്താണെന്നുമുള്ള ചില പ്രശ്നങ്ങളൊക്കെയുണ്ട്. ആ വിവാദങ്ങളിലേയ്ക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. പക്ഷെ സംസ്ഥാനത്തിന് പുറത്തുപോയി അവരെ പിടികൂടി ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ഇതെല്ലാം ചെയ്യാൻ നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ നമുക്കെല്ലാം അറിയാവുന്നതുപോലെ പല സർക്കാരുകളുടെയും മുകളിലാണ് മയക്കുമരുന്ന് മാഫിയ. അവർക്ക് അത്രമാത്രം സ്വാധീനമുണ്ട്. മയക്കുമരുന്ന് മാഫിയ ഇന്റർനാഷണൽ മാഫിയയാണ്. ആ മാഫിയയ്ക്ക് എതിരെയുള്ള

നീക്കങ്ങൾ നമ്മൾ കൂട്ടായാണ് നടത്തേണ്ടത്. അവിടെ സർക്കാർ/പ്രതിപക്ഷം എന്ന പ്രശ്നമില്ല. നാടിന്റെ പൊതുവായ പ്രശ്നമാണിത്. നമ്മുടെ ഭാവി തലമുറയെ നിർജ്ജീവമാക്കാൻ ശ്രമിക്കുന്ന പ്രശ്നമാണ്. അതിൽ കുറേക്കാര്യങ്ങൾ ഗൗരവമായി ചെയ്യാൻ സാധിച്ചിട്ടുണ്ട്. ആ ചെയ്ത കാര്യങ്ങൾ അംഗീകരിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എന്താണ് വിഷമം വരുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സർക്കാർ ജീവനക്കാരുടെ പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ ഉന്നയിക്കുകയുണ്ടായി. സർക്കാർ ജീവനക്കാർക്ക് ഡി.എ. എന്നത് ഒരു അവകാശമല്ലെന്ന നിലപാടൊന്നും സംസ്ഥാന സർക്കാരിനില്ല. ഡി.എ. സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ളതു തന്നെയാണ്. പക്ഷെ അതൊരു സ്റ്റാറ്റ്യൂട്ടറി അവകാശമാക്കി മാറ്റിയാൽ സ്ഥിതിയെന്താകും എന്നത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുമാത്രമേ പ്രശ്നമുള്ളൂ. സാധാരണഗതിയിൽ സർക്കാർ ഡി.എ. നൽകാറുണ്ട്. അതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അത് നൽകുമെന്ന സമീപനം തന്നെയാണ് നാളിതുവരെയും സ്വീകരിച്ചിട്ടുള്ളത്. അതെല്ലാം വ്യക്തമാക്കിക്കഴിഞ്ഞ

കാര്യങ്ങളാണ്. ഏതായാലും ആയതിന്റെ കൂടുതൽ വശങ്ങളിലേക്ക് കടക്കുന്നില്ല. സർക്കാരിന്റെ പൊതുനിലപാട് ഡി.എ. നിഷേധിക്കുക എന്നതല്ല ഡി.എ. കൊടുക്കുക എന്നതാണ്. ചില അവസരങ്ങളിൽ മാസങ്ങളുടെ താമസമുണ്ടായിട്ടുണ്ടാകും എന്ന് മാത്രമേയുള്ളൂ. എന്തായാലും അത് സർക്കാർ ജീവനക്കാർക്ക് അവകാശപ്പെട്ടതാണ് എന്നുതന്നെയാണ് കാണുന്നത്. ഞങ്ങൾ ഇടതുപക്ഷത്തിന്റെ രീതി ഉപേക്ഷിച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയുണ്ടായി. അത് രാഷ്ട്രീയ വിമർശനത്തിന്റെ ഭാഗമായി പറയുന്നതാണെന്ന് വിചാരിക്കാം. നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾക്കുമേൽ സ്വീകരിക്കുന്ന നടപടികളുമായി ബന്ധപ്പെട്ട് ഒരു യഥാർഥ ആത്മപരിശോധന യു.ഡി.എഫ്. നടത്തേണ്ടതുണ്ട്. ഈ നാടിന്റെ പൊതു ആവശ്യങ്ങളോടൊപ്പം നിൽക്കാൻ യു.ഡി.എഫ്.-ന് എത്രുകണ്ട് കഴിഞ്ഞിട്ടുണ്ട്? നമ്മളെല്ലാവരും ജനങ്ങളെ പ്രതിനിധീകരിക്കുന്നവരാണല്ലോ; എൽ.ഡി.എഫ്.-നും യു.ഡി.എഫ്.-നും പിന്നിൽ അണിനിരന്ന ജനങ്ങളുണ്ട്. അവരുടെ താൽപര്യമാണ്

ജനപ്രതിനിധികളായ നാം ഓരോരുത്തരുടെയും താൽപര്യമായി വരേണ്ടത്. നമ്മുടെ നാടിനെതിരായിട്ടുള്ള നീക്കം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമ്പോൾ, കേന്ദ്രസർക്കാരിന് എതിരെയുള്ള പ്രക്ഷോഭങ്ങളിലും സമരങ്ങളിലും നിങ്ങൾ ഏത് ഘട്ടത്തിലാണ് പങ്കാളികളായിട്ടുള്ളത്; അങ്ങനെയൊരു പങ്കാളിത്തം വഹിക്കാൻ എന്താണ് പ്രയാസം? ഇവിടെ രാവിലെ സംസാരിക്കുമ്പോൾ മുൻ പ്രതിപക്ഷനേതാവും ഇത്തരത്തിലുള്ള ചില കാര്യങ്ങൾ പറയുന്ന സ്ഥിതിയുണ്ടായി. കേന്ദ്രസർക്കാരിന്റെ തെറ്റായ നീക്കങ്ങൾക്കെതിരെ, കേരളം രാജ്യം ശ്രദ്ധിക്കുന്ന രീതിയിലുള്ള പ്രക്ഷോഭങ്ങളിലേക്ക് കടക്കുന്ന നിലയുണ്ടായിട്ടുണ്ട്. എന്നാൽ അതിലൊന്നും സഹകരിക്കാൻ പ്രതിപക്ഷം തയ്യാറായിരുന്നില്ല. പ്രക്ഷോഭഘട്ടത്തിൽ പ്രതിപക്ഷ ദേശീയ നേതാക്കളെ ഉൾപ്പെടെ ഞങ്ങൾ ക്ഷണിച്ചിരുന്നു. എന്നാൽ കോൺഗ്രസ്സ് നേതാക്കൾ ഇത്തരം പരിപാടികളിൽ പങ്കെടുക്കാൻ പാടില്ലെന്ന നിലപാടല്ലേ നിങ്ങൾ സ്വീകരിച്ചത്; എന്തിനാണ് നിങ്ങൾ അങ്ങനെയൊരു നിലപാടെടുക്കുന്നത്; നിങ്ങൾക്ക് കേരളത്തോട് ഈ വിപ്രതിപത്തി വരാനുണ്ടായ കാരണമെന്താണ്? കേരളത്തിന്റെ

അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ് വിഷയം. അതിന്റെ കൂടെയല്ലേ നിൽക്കേണ്ടത്. അതെല്ലാം പഴയകാര്യങ്ങളാണ്. നിങ്ങൾ തന്നെ പങ്കാളിത്തം വഹിച്ച, നിങ്ങളോടുകൂടി ആലോചിച്ചെടുത്ത പൊതു തീരുമാനത്തിൽ നിന്ന് പുറകോട്ടുപോകാൻ ഇടയായയല്ലോ? അടുത്ത മാസം 12-ാം തീയതി കേന്ദ്ര ട്രേഡ് യൂണിയനുകൾ രാജ്യവ്യാപകമായി പണിമുടക്ക് നടത്തുകയാണ്. നേരത്തെ ലേബർ കോഡിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ട്രേഡ് യൂണിയനുകൾ ഒരേ അഭിപ്രായത്തിലാണ് കേന്ദ്രനയങ്ങൾക്കെതിരെ പ്രക്ഷോഭം നടത്താൻ തയ്യാറെടുക്കുന്നത്. സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി. ഉൾപ്പെടെയുള്ള എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും പങ്കെടുക്കുന്ന രാജ്യവ്യാപകമായ പ്രക്ഷോഭമാണിത്. അതിൽ കേരളത്തിൽ നിന്നും നിങ്ങൾ മാത്രം സ്വീകരിച്ച സമീപനമെന്താണ്? കോൺഗ്രസ്സാണ് ആദ്യം നിലപാട് സ്വീകരിച്ചത്. നിങ്ങൾ ഐ.എൻ.ടി.യു.സി.യോട് കേരളത്തിൽ യോജിച്ച സമരം പാടില്ലെന്ന അഭിപ്രായമാണ് പറഞ്ഞത്. നിങ്ങൾ അങ്ങനെയൊരു നിലപാട് സ്വീകരിച്ചപ്പോൾ നിങ്ങളുടെ കൂടെ നിൽക്കുന്ന

ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ എസ്.റ്റി.യു.-വിനും വിലക്ക് ലഭിച്ചു. ഈ പ്രക്ഷോഭവുമായി ബന്ധപ്പെട്ടുള്ള നിങ്ങളുടെ വിഷമം എന്താണ്? ബി.ജെ.പി. സർക്കാരിന്റെ നയങ്ങൾക്കെതിരെ രാജ്യവ്യാപകമായി നടക്കുന്ന ഒരു പ്രക്ഷോഭമാണ്. രാജ്യത്തെ തൊഴിലാളി വർഗം നടത്തുന്ന ഏറ്റവും ശക്തമായ പ്രക്ഷോഭമാണ്. ആ പ്രക്ഷോഭത്തിൽ കേരളത്തിൽ പൊതുശക്തിയോടൊപ്പം അണിനിരക്കാൻ പാടില്ലെന്ന നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണ്; അതിന് പിന്നിലുള്ള താൽപര്യമെന്താണ്? അതിൽ ബി.ജെ.പി.-യെ അല്പം സുഖിപ്പിക്കലില്ലേ; ബി.ജെ.പി.-യോട് ഒരു മൃദുസമീപനം നിങ്ങൾക്കില്ലേ; പല ഘട്ടങ്ങളിലും നിങ്ങളത് കാണിച്ചതല്ലേ; അതിന്റെ ഭാഗമായിട്ടല്ലേ ഇക്കാര്യത്തിലും ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചിട്ടുള്ളത്? രാജ്യത്താകെ ഒരു പൊതുസമരം നടക്കുമ്പോൾ കേരളത്തിലും ആ യോജിച്ച സമരം നടക്കണമെന്നല്ലേ ചിന്തിക്കേണ്ടത്. അത്തരത്തിലൊരു രാഷ്ട്രീയം ഇല്ലാത്തവരല്ലല്ലോ നിങ്ങൾ? എന്നാൽ രാഷ്ട്രീയത്തിനപ്പുറം നിങ്ങളുടെ സങ്കുചിതമായ ചില താൽപര്യങ്ങൾ മേധാവിത്വം പുലർത്തി. അതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിൽ ഒരു പ്രീണന നയത്തോടെ തങ്ങൾക്ക്

ചില സഹായങ്ങൾ ലഭിക്കുമോയെന്ന ആലോചനയുടെ ഭാഗമായിട്ടല്ലേ ഇങ്ങനെയൊരു ആത്മഹത്യാപരമായ നിലപാട് സ്വീകരിച്ചത്? എത്ര അപമാനകരമായ നിലപാടാണത്. എന്നാൽ ഇത്തരം കാര്യങ്ങളിൽ ഞങ്ങൾ ശരിയായ നിലപാട് മാത്രമേ സ്വീകരിക്കാറുള്ളൂ. ഞങ്ങൾക്ക് ബി.ജെ.പി.-യെയോ ആർ.എസ്.എസ്.-നെയോ സംഘ് പരിവാറിനെയോ എതിർക്കുന്നതിനോ ഭൂരിപക്ഷ വർഗീയതയുടെ ഭാഗമായി നിൽക്കുന്നവരെ എതിർക്കുന്നതിനോ ന്യൂനപക്ഷ വർഗീയതയുടെ ഭാഗമായ ജമാഅത്തെ ഇസ്‌ലാമി, എസ്.ഡി.പി.ഐ. എന്നീ സംഘടനകളെ എതിർക്കുന്നതിനോ യാതൊരു പ്രയാസവുമില്ല. ഞങ്ങൾ വർഗീയതയെ എതിർക്കുമ്പോൾ അത് ഏതെങ്കിലും തരത്തിൽ ഒരു മത വിഭാഗത്തിനെതിരായ എതിർപ്പായി തെറ്റിദ്ധരിക്കപ്പെടുമെന്ന് ഞങ്ങൾ കണക്കാക്കുന്നില്ല. എന്റെ ചെറുപ്രായത്തിലുണ്ടായ തലശ്ശേരി വർഗീയ കലാപത്തിന്റെ അനുഭവം സൂചിപ്പിക്കാം. ആ കലാപത്തിൽ പലർക്കും പലതും നഷ്ടപ്പെട്ടിട്ടുണ്ട്. പണവും സ്വത്തും നഷ്ടപ്പെട്ടവരുണ്ട്. ആരാധനാലയങ്ങൾ ഇല്ലാതാക്കപ്പെട്ടിട്ടുണ്ട്. പലതരത്തിലുള്ള

ആക്രമണങ്ങൾക്ക് ഇരയായവരും ഉണ്ട്. എന്നാൽ അതിൽ ജീവൻ നഷ്ടപ്പെട്ടത് ഞങ്ങൾക്ക് മാത്രമായിരുന്നു. സി.പി.ഐ.(എം.)-ന്റെ യു.കെ. കുഞ്ഞിരാമൻ എന്ന സഖാവിനെ ഞങ്ങൾക്ക് നഷ്ടപ്പെട്ടു. ഇതുപറയുമ്പോൾ പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നും ചിരി കേൾക്കുന്നുണ്ട്. അത് ആരുടെ ചിരിയാണ്; എങ്ങനെയാണ് അദ്ദേഹം കൊലചെയ്യപ്പെട്ടതെന്ന് അറിയാമോ? മുസ്ലീം പള്ളികളിൽ കുറച്ച് പ്രാധാന്യമുള്ള ഒരു പള്ളിയാണ് മെരുവമ്പായി പള്ളി. ‘ ആത്മാഹുതി ചെയ്തുപോലും മതസൗഹാർദം കാത്തുസൂക്ഷിക്കുക’ എന്ന ആഹ്വാനം അന്ന് പാർട്ടി നൽകിയിരുന്നു. അതിന്റെ ഭാഗമായി പാർട്ടി വോളന്റീയർമാർ ഇത്തരം ആരാധനാലയങ്ങൾക്ക് മുന്നിൽ കാവൽ നിന്നു. മെരുവമ്പായി പള്ളി ആക്രമിക്കാൻ ആർ.എസ്.എസ്. നേതൃത്വത്തിലുള്ള സംഘ് പരിവാറുകാർ എത്തി. അവിടെയുണ്ടായിരുന്നവർ അത് തടഞ്ഞു. പിന്നീട് വാക്കേറ്റമായി. വാക്കേറ്റത്തിൽ വോളന്റീയർമാരെ തള്ളിമാറ്റി ആക്രമിക്കാനുള്ള ശേഷി സംഘ് പരിവാറിനുണ്ടായിരുന്നില്ല. തൽക്കാലത്തേക്ക് അവർക്ക് പിന്തിരിഞ്ഞ് പോകേണ്ടിവന്നു. ‘ ഞങ്ങളുടെ ശരീരത്തിലൂടെ മാത്രമെ

ഇങ്ങോട്ടേക്ക് കടക്കാൻ കഴിയുകയുള്ളൂ' എന്ന് അവിടെയുണ്ടായിരുന്നവർ പറയുകയും ചെയ്തു. വോളന്റീയർമാർ രാത്രി മുഴുവൻ ടി സ്ഥലത്ത് കാവൽ കിടന്നു. യു.കെ. കുഞ്ഞിരാമന്റെ വീട് മെരുവമ്പായി പള്ളിക്കപ്പുറം നീർവേലി എന്ന സ്ഥലത്താണ്. എന്നാൽ അദ്ദേഹത്തിന്റെ വീട്ടിലേക്ക് പോകുന്ന വഴിയിൽ ആക്രമിക്കാൻ വന്ന സംഘം കാത്തുനിന്നു. അവിടെവച്ചുണ്ടായ ആക്രമണത്തിലാണ് അദ്ദേഹത്തിന്റെ ജീവൻ നഷ്ടപ്പെട്ടത്. അതാണ് ഞങ്ങളുടെ അനുഭവം. ഇവിടെ ഏതെങ്കിലും വർഗീയതയെ എതിർക്കുന്നതുകൊണ്ട് ഒരു മതവിഭാഗത്തിനെതിരായി പോകുമെന്ന ചിന്ത ഞങ്ങൾക്കില്ല. ഒരു മത വിഭാഗത്തെയും ഞങ്ങൾ അങ്ങനെ കണ്ടിട്ടില്ല. ഇവിടെ ആർ.എസ്.എസ്.-നെ അതിശക്തമായി എതിർക്കുന്ന ഘട്ടത്തിൽ ഹിന്ദുക്കൾ ഒന്നാകെ ഞങ്ങൾക്കെതിരായി തിരിഞ്ഞിട്ടില്ല. ന്യൂനപക്ഷ വർഗീയതയെന്ന നിലയ്ക്ക് ഇപ്പോൾ പ്രസക്തമായി നിൽക്കുന്ന ജമാഅത്തെ ഇസ്ലാമിയെയും സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യയെയും (SDPI) ഞങ്ങൾ എതിർക്കാൻ തയ്യാറായിട്ടുണ്ട്. അത് ഏതെങ്കിലും തരത്തിൽ മുസ്ലീം വിഭാഗത്തിന് എതിരെയുള്ള എതിർപ്പായി കേരളത്തിലെ

മുസ്ലീം വിഭാഗം കണക്കാക്കുമെന്ന ധാരണയൊന്നും ഞങ്ങൾക്കില്ല. പക്ഷേ അത്തരമൊരു ചിത്രം ഉയർത്തിക്കൊണ്ടുവരാൻ നമ്മുടെ ലീഗ് സുഹൃത്തുക്കൾ അടക്കം ശ്രമിച്ചിട്ടില്ലേയെന്ന് ആത്മാർഥമായി പരിശോധിക്കുന്നത് നല്ലതാണ്. എന്താണ് നമ്മുടെ നാട്ടിലെ പ്രചാരണത്തിൽ സ്വീകരിച്ചിട്ടുള്ളത്?. വസ്തുതകൾ പറഞ്ഞുകൊണ്ടല്ലേ ആക്രമണം നടത്തേണ്ടത്. ഏതിലും നേരും നെറിയും വേണ്ടേ, അതല്ലാത്ത നിലപാട് എടുക്കാൻ പാടുണ്ടോ? അടുത്തകാലത്ത് ഫോണിൽ വന്ന ഒരു മെസേജ് ഒരാൾ എന്നെ കാണിച്ചു. മഞ്ചേരിയിലെ ആശുപത്രിയിൽനിന്നും ഓപ്പറേഷൻ കഴിഞ്ഞ് വീട്ടിലേക്ക് പോകുന്ന ഒരുസ്ത്രീയുടെ കാര്യമാണ് അത്. ആ സ്ത്രീ ബസ്സ് കാത്തുനിൽക്കുകയാണ്. ചില ബസ്സുകാർക്ക് ഒരുശീലമുണ്ട്, കോഴിക്കോട് പോകേണ്ടവരെ ആദ്യം കയറ്റും. അങ്ങനെ വരുമ്പോൾ സീറ്റൊക്കെ ഫുള്ളാകും. ഇത് ഓപ്പറേഷൻ കഴിഞ്ഞ സ്ത്രീയായതുകൊണ്ട് കയറിയാൽ ഇരിക്കണമല്ലോ. മറ്റൊരു സ്ത്രീ ടി വിഷയത്തിൽ ഇടപെട്ട് ബഹളമുണ്ടാക്കി. ബഹളത്തിനിടയ്ക്ക് കണ്ടക്ടർ അവരെ ബസ്സിൽ കയറ്റുകയും സീറ്റ് നൽകുകയും ചെയ്തു. രണ്ടുപേരും ഒരേ സീറ്റിലാണ് ഇരുന്നത്. അവർ

സംസാരിക്കുന്നതിന്റെ കൂട്ടത്തിൽ ഓപ്പറേഷന്റെ വിവരങ്ങളും ആശുപത്രിയെക്കുറിച്ചും ഭക്ഷണത്തെക്കുറിച്ചുമെല്ലാം സംസാരിച്ചു. വീട്ടിലെ ചെലവുകളെക്കുറിച്ച് അന്വേഷിച്ചപ്പോൾ രണ്ടായിരം രൂപ പെൻഷൻ ലഭിക്കുമെന്നും നേരത്തെ ആയിരത്തി അറുന്നൂറ് രൂപയാണ് ലഭിച്ചിരുന്നതെന്നും അവർ പറഞ്ഞു. അപ്പോൾ എങ്ങനെയാണ് പെൻഷൻ വർധിച്ചതെന്ന് ചോദിച്ചപ്പോൾ അത് നമ്മളെ സുഖിപ്പിക്കാൻ വേണ്ടി ചെയ്തതല്ലേയെന്നും നമ്മളെ സുഖിപ്പിച്ചിട്ട് ഇവിടെ നിന്നും പറഞ്ഞയക്കാൻ മുഖ്യമന്ത്രി ചെയ്ത കാര്യമല്ലേ എന്നും പറഞ്ഞു. ഒരുപാവപ്പെട്ട സ്ത്രീ മറ്റൊരു സ്ത്രീയോട് പറയുന്ന ആ കാര്യമാണ് മെസ്സേജായി വന്നത്. ആ സ്ത്രീയുടെ ഭാഷയാണ് ഞാൻ പറയുന്നത്, അല്ലാതെ ഞാൻ പറയുന്നതല്ല. 1600 രൂപ 2000 രൂപയാക്കി. അതെല്ലാം ഞങ്ങളെ കേരളത്തിൽ നിന്നും പറഞ്ഞയക്കാൻ വേണ്ടിയാണ്. വിശദമായി ചോദിച്ചപ്പോൾ കൂടുതൽ കാര്യങ്ങൾ അവർ വ്യക്തമാക്കി. ചിലർ അവരുടെ വീട്ടിൽ പോയി ഇങ്ങനെ പറഞ്ഞതാണെന്നും അതിന്റെ ഭാഗമായി അവർക്കുണ്ടായ തെറ്റിദ്ധാരണയാണെന്നും മനസ്സിലായി. അപ്പോൾ ഏതെല്ലാം രീതിയിലുള്ള

തെറ്റായ പ്രചാരണ രീതികളാണ് സ്വീകരിക്കുന്നതെന്ന് നമ്മൾ കാണണം. ഈ രീതി സ്വീകരിക്കുന്നതുകൊണ്ട് മുസ്ലീം വിഭാഗമാകെ ഞങ്ങൾക്കെതിരായി പോകുമെന്ന് ഞങ്ങൾ കരുതുന്നില്ല. പക്ഷേ നിലനിൽപ്പിനുവേണ്ടി എന്തും ആയുധമാക്കാൻ ശ്രമിക്കുന്നുണ്ടോയെന്ന് നമ്മൾ കാണേണ്ടതായിട്ടുണ്ട്. അത് സ്വയംഹത്യാപരമായിട്ടാണ് വരികയെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്.

നേരത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പി.എം.ശ്രീ. പദ്ധതിയെക്കുറിച്ച് പറയുകയുണ്ടായി. പി.എം.ശ്രീ.-യെക്കുറിച്ച് അദ്ദേഹം പറഞ്ഞത് കേരളം വലിയ തെറ്റ് ചെയ്തുവെന്നാണ്. ഇവിടെ കാണേണ്ട ഒരു കാര്യം ഏത് കോൺഗ്രസ്സ് സർക്കാരാണ് പി.എം.ശ്രീ.യിൽ ഒപ്പിടാതെയുള്ളതെന്നാണ്.

കേന്ദ്രസർക്കാർ പി.എം.ശ്രീ. പദ്ധതി ആരംഭിക്കുന്നത് 2022 സെപ്തംബർ മാസത്തിലാണ്. രാജസ്ഥാൻ, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടക, മധ്യപ്രദേശ്, ഹരിയാന, ജമ്മുകാശ്മീർ,

അരുണാചൽപ്രദേശ്, ആസ്സാം, മേഘാലയ തുടങ്ങിയ സംസ്ഥാനങ്ങളാണ് പി.എം.ശ്രീ. പദ്ധതി ആരംഭിച്ച ഘട്ടത്തിൽ ഒപ്പിട്ട സംസ്ഥാനങ്ങൾ.

രാജസ്ഥാൻ പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പിട്ടത് 2022 ഒക്ടോബർ 27-നാണ്. അന്ന് കോൺഗ്രസ്സാണ് അവിടെ ഭരിക്കുന്നത്. ഛത്തീസ്ഗഢ് പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പിട്ടത് 2023 ജനുവരി 10-നാണ്. അന്ന് സംസ്ഥാനം ഭരിക്കുന്നത് കോൺഗ്രസ്സ് തന്നെയാണ്. 2022 ഡിസംബർ മാസത്തിലാണ് ഹിമാചൽപ്രദേശിൽ കോൺഗ്രസ്സ് അധികാരത്തിൽ വരുന്നത്. 2023-ലാണ് അവർ പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പുവയ്ക്കുന്നത്. അന്നും ഇന്നും കോൺഗ്രസ്സാണ് അവിടെ ഭരിക്കുന്നത്.

കർണ്ണാടക പി.എം.ശ്രീ. പദ്ധതിയിൽ ഒപ്പുവയ്ക്കുന്നത് 2022 ഒക്ടോബർ 27-നാണ്. അന്ന് ഭരണത്തിൽ ബി.ജെ.പി. സർക്കാരാണ്. പക്ഷേ 2023 മേയ് മാസം മുതൽ സംസ്ഥാനം ഭരിക്കുന്നത് കോൺഗ്രസ്സാണ്. പി.എം.ശ്രീ. പദ്ധതി കർണ്ണാടകയിൽ ഔദ്യോഗികമായി ആരംഭിക്കുന്നത് കോൺഗ്രസ്സ് ഭരണത്തിലാണ്. പിന്നീടുള്ള വർഷങ്ങളിൽ പി.എം.ശ്രീ. പദ്ധതി പുതുക്കിയതും കോൺഗ്രസ്സ് സർക്കാർതന്നെ.

നേരത്തെ പഞ്ചാബ് സർക്കാർ പി.എം.ശ്രീ. പദ്ധതിയിൽനിന്നും ഒരുഘട്ടത്തിൽ പിൻവാങ്ങിയിരുന്നു. അതുപോലെ വേണമെങ്കിൽ കർണ്ണാടകയിലെ കോൺഗ്രസ്സ് സർക്കാരിനും പി.എം.ശ്രീ. പദ്ധതിയിൽനിന്നും പിൻവാങ്ങാമായിരുന്നു.

പഞ്ചാബിൽ 2022 ഒക്ടോബറിൽ ആം ആദ്മി പാർട്ടി സർക്കാർ രൂപീകരിച്ചു. പി.എം.ശ്രീ. പദ്ധതിയുമായി ബന്ധപ്പെട്ട് അവർ കേന്ദ്ര സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ചു. എന്നാൽ 2023 ജൂലൈയിൽ അവർ ഔദ്യോഗികമായി പദ്ധതിയിൽനിന്നും പിന്മാറി. അതിനെത്തുടർന്ന് കേന്ദ്രസർക്കാർ പഞ്ചാബിനുള്ള സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയിലേക്കുള്ള ഫണ്ടുകൾ തടഞ്ഞുവച്ചു. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അവിടുത്തെ വിദ്യാഭ്യാസ വകുപ്പ് നേരിട്ടു. അങ്ങനെ വന്നപ്പോൾ 2024 ജൂലൈയിൽ അവർ വീണ്ടും പി.എം.ശ്രീ. പദ്ധതിയിൽ ചേർന്നു. പക്ഷേ കർണാടകയിൽ കോൺഗ്രസ്സ് അത് തുടരുകയാണ്.

പി.എം.ശ്രീ. ആരംഭിച്ച സമയത്ത് ബി.ആർ.എസ്. ആണ് തെലങ്കാന ഭരിക്കുന്നത്. അവർ അതിൽ ഒപ്പിട്ടില്ല. 2022-ലെ അവസാന മാസങ്ങളിൽ

മുഖ്യമന്ത്രി ചന്ദ്രശേഖര റാവു ഹൈദരാബാദിൽ എത്തിയ പ്രധാനമന്ത്രിയെ ഒന്നിലേറെ തവണ വിമാനത്താവളത്തിലെത്തി സ്വീകരിക്കാതെ പ്രതിഷേധം പ്രകടിപ്പിക്കുന്ന നിലവരെയുണ്ടായി. ബി.ആർ.എസ്.-ന്റെ ഭരണ സമയത്ത് പി.എം.ശ്രീ. പദ്ധതിയിൽ തെലങ്കാന ഒപ്പിട്ടില്ല. 2023 ഡിസംബർ 7-ന് തെലങ്കാനയിൽ കോൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷമാണ് പി.എം.ശ്രീ. പദ്ധതിക്കുവേണ്ടി തെലങ്കാന ശ്രമിക്കുന്നത്. അങ്ങനെ 2023 ഡിസംബറിൽ കോൺഗ്രസ്സ് ഭരണകാലത്താണ് പി.എം.ശ്രീ. പദ്ധതിയിൽ തെലങ്കാന ഒപ്പിടുന്നത്. അന്ന് വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല മുഖ്യമന്ത്രി രേവന്ത് റെഡ്ഡിക്കായിരുന്നു. Prime Minister’ s Schools for Rising India എന്നതിന്റെ ചുരുക്കപ്പേരാണ് PM SHRI. സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനുവേണ്ടി തെലങ്കാന ചെയ്തത് തെലങ്കാന റൈസിങ് എന്ന പരിപാടി അവിടെ ആരംഭിച്ചു. ഇതൊക്കെ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നടന്ന കാര്യമാണ്. അതൊക്കെ നിങ്ങൾക്ക് ആകാമെന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇവിടെ വിശദമാക്കാൻ ശ്രമിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാന്യനായ

ശ്രീ. രമേശ് ചെന്നിത്തല എന്തിനാണ് മഹാഭാരതത്തിലെ ഭീഷ്മരെ അപമാനിക്കാൻ പുറപ്പെട്ടതെന്ന് മനസ്സിലാകുന്നില്ല. ഭീഷ്മർ എന്ന് പറയുന്നത് മഹാഭാരതത്തിലെ ശക്തനായ കഥാപാത്രമല്ലേ; അദ്ദേഹം എന്തോ ഒരു നിസ്സഹായവസ്ഥയിൽ കടന്നുപോയതാണെന്ന് തോന്നുന്ന തരത്തിൽ പറഞ്ഞത് എന്തിനാണ്? ബഹുമാന്യനായ ശ്രീ. രമേശ് ചെന്നിത്തല മഹാഭാരതം അറിയാത്ത ആളാണെന്ന് ഞാൻ പറയില്ല. തന്റെ ആവശ്യത്തിനുവേണ്ടി അല്പം ഒന്ന് വളച്ചൊടിച്ചതാണെന്നാണ് തോന്നുന്നത്. 'ചാകാത്ത നാളല്ല ഞാനും പിറന്നത് എന്ന് പറഞ്ഞ ഭീഷ്മരെ ശ്രീ. രമേശ് ചെന്നിത്തല മഹാഭാരതത്തിൽ വായിച്ചിട്ടുണ്ടാവും. അത് പറഞ്ഞത് ആരോടായിരുന്നു? അർജ്ജുനനോടും കൃഷ്ണനോടുമായിരുന്നു. ഭീഷ്മർ അങ്ങനെ പറഞ്ഞത് അർജ്ജുനന്റെ അസ്ത്രങ്ങളേറ്റ് മുറിവേറ്റ ഘട്ടത്തിലാണ്. അങ്ങനെ മുറിവേറ്റ ഘട്ടത്തിൽ ഭീഷ്മർ സാധാരണയിൽനിന്ന് വ്യത്യസ്തമായി കോപിഷ്ടനായി. അതിന്റെ ഫലം അർജ്ജുനനും കൃഷ്ണനും തടുക്കാനായില്ല. രണ്ടുപേർക്കും ഭയങ്കരമായി മുറിവേറ്റു. അപ്പോൾ കൃഷ്ണൻ തന്റെ പ്രതിജ്ഞയിൽനിന്ന് പിന്മാറി സുദർശനചക്രമെടുത്തു. മഹാഭാരത കഥയാണ്

ഞാൻ പറയുന്നത്, ഞാൻ പറഞ്ഞതാണെന്ന് നാളെ പറയരുത്. അപ്പോൾ 'അയ്യയ്യോ, ചെയ്യരുത്, ചെയ്യരുത്' എന്ന് സുദർശനചക്രമെടുത്ത ശ്രീകൃഷ്ണനോട് അർജ്ജുനൻ പറയുന്നു. കാരണം ആയുധം എടുക്കില്ലെന്ന് ശ്രീകൃഷ്ണൻ വാക്ക് പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ രണ്ട് തവണ സംഭവിക്കുന്നു. ഭീഷ്മർ അവിടെ ഇരിക്കുന്ന കാലത്തോളം ജയിച്ചുവരാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയ തന്ത്രശാലിയായ കൃഷ്ണൻ, ഭീഷ്മരുടെ അടുത്തേക്ക് ധർമ്മപുത്രരെ അയയ്ക്കുന്നു. അന്നത്തെ യുദ്ധത്തിൽ ശത്രുപക്ഷമാണെങ്കിലും അവർ തമ്മിൽ കാണിക്കുന്ന മര്യാദകളുണ്ട്. അങ്ങനെ ഭീഷ്മരുടെ അടുത്തേക്ക് ധർമ്മപുത്രർ ചെല്ലുകയാണ്. ധർമ്മപുത്രർക്ക് ജയം വേണം. അതിനായി പിതാമഹനായ ഭീഷ്മരോട് അഭ്യർഥിക്കുന്നു. അങ്ങനെ അദ്ദേഹം വീണു കൊടുക്കാമെന്ന് സമ്മതിക്കുന്നു. ഞങ്ങളെ ആക്ഷേപിക്കാൻവേണ്ടി അദ്ദേഹത്തെ അപമാനിച്ചത് മോശമായിപ്പോയി എന്ന് പറയാൻ വേണ്ടി മാത്രമാണ് ഇത്രയും പറഞ്ഞത്.

നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയനുസരിച്ച് നല്ല രീതിയിൽ തിരഞ്ഞെടുപ്പുകൾ നടത്തും. ആ

തിരഞ്ഞെടുപ്പ് ഓരോ ഘട്ടത്തിലുമുള്ള നാടിന്റെ ഭാവി തീരുമാനിക്കുകയും ചെയ്യും. അതിൽ ഞങ്ങൾക്ക് ഒട്ടും ആശങ്കയില്ലെന്നതാണ് ഞങ്ങളുടെ പ്രത്യേകത. ഞങ്ങൾ കപട ആത്മവിശ്വാസം പ്രകടിപ്പിക്കുന്നുവെന്ന് നിങ്ങൾ പറഞ്ഞില്ലേ? ഞങ്ങൾക്ക് ഒരു കപട ആത്മവിശ്വാസവുമില്ല, നിറഞ്ഞ ആത്മവിശ്വാസമാണ്. കാരണം ഞങ്ങൾ ജനപക്ഷത്താണ്. ജനങ്ങൾക്ക് ഞങ്ങളെയും ഞങ്ങൾക്ക് ജനങ്ങളെയും അറിയാം. അതുകൊണ്ട് ഏതെല്ലാം തരത്തിലുള്ള പുകമറകൾ സൃഷ്ടിക്കാൻ നോക്കിയാലും അതൊന്നും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ഇടയാക്കില്ലെന്ന ഉറച്ച വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. അത് ശരിയായ ആത്മവിശ്വാസം തന്നെയാണെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. കേരളത്തിൽ അസാധ്യമെന്നും നടക്കില്ലെന്നും നടപ്പാക്കാനാവില്ലെന്നും കരുതിയിരുന്ന ഒരുപാട് കാര്യങ്ങൾ യാഥാർഥ്യമാക്കിക്കൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ അതിന്റെ യാത്ര തുടരുന്നത്. ഇത് നാടിന് ആവശ്യമാണ്, ജനങ്ങൾക്ക് വേണ്ടതാണ്, ഭാവി കേരളത്തിന് ഒഴിച്ചുകൂടാനാവാത്തതുമാണ്. നാടിനോടും ജനങ്ങളോടുമുള്ള പ്രതിബദ്ധതയുടെ ഭാഗമായാണ് ഞങ്ങൾ ഇത്തരം കാര്യങ്ങൾക്ക് നേതൃത്വം

നൽകാൻ ശ്രമിച്ചത്. വരുംകാലത്തെ കേരളം ഏതുതരത്തിൽ രൂപപ്പെടണമെന്നതിനെക്കുറിച്ച് ഞങ്ങൾക്ക് ശരിയായ സങ്കൽപ്പമുണ്ട്. ആ ഒരു രൂപരേഖ കേരളത്തിന് മുന്നിൽ ഞങ്ങൾ അവതരിപ്പിക്കുകയാണ്. അത് നവകേരളത്തിന്റെ രൂപവും ഭാവവും നിർണ്ണയിക്കാൻ പോകുന്ന രൂപരേഖയായി മാറും. പത്തുവർഷം മുമ്പുള്ള അവസ്ഥ പരിശോധിച്ചാൽ അവിശ്വസനീയമെന്ന് കരുതിയ കാര്യങ്ങളാണ് ഇവിടെ നടപ്പിലാക്കിയത്. അവിശ്വസനീയമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വിശ്വസനീയമായ ഭാവി കേരള നിർമ്മാണ പദ്ധതികൂടി ആവിഷ്കരിച്ചുകൊണ്ടാണ് കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഈ സർക്കാർ ഭരണം കാഴ്ചവയ്ക്കുന്നത്. കഴിഞ്ഞ പത്ത് വർഷക്കാലത്തെ അനുഭവം പരിശോധിച്ചാൽ നല്ലനിലയിലുള്ള കാര്യക്ഷമത കാണാൻ സാധിക്കും. അതോടൊപ്പം ജനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് മുന്നോട്ട് പോയി എന്നതാണ് കാണാൻ കഴിയുക. ഒരു ഘട്ടത്തിലും ജനങ്ങളെ എന്തെങ്കിലും പറഞ്ഞ് വ്യാമോഹിപ്പിക്കാനല്ല ഞങ്ങൾ ശ്രമിച്ചിട്ടുള്ളത്. എന്തെങ്കിലും പറഞ്ഞ് തൽക്കാലം ഒന്ന് തെറ്റിദ്ധരിപ്പിച്ച് കളയാമെന്ന അജണ്ട ഞങ്ങൾക്ക്

ഉണ്ടായിട്ടില്ല. ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് എന്താണോ അത് മാത്രമേ ജനങ്ങളുടെ മുമ്പാകെ പറഞ്ഞിട്ടുള്ളൂ. ഞങ്ങൾ ഒരു ഘട്ടത്തിലും ജനങ്ങളെ കബളിപ്പിക്കാൻ തയ്യാറായിട്ടില്ല. അതുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്.-ന്റെ സമീപനം പൂർണ്ണബോധ്യത്തോടെ അംഗീകരിക്കുന്ന ജനങ്ങളാണ് കേരളത്തിലുള്ളത്. സാധാരണക്കാരായ ആളുകളിൽത്തന്നെ അങ്ങനെയൊരു നിലയാണ് കാണാൻ കഴിയുന്നത്. രാഷ്ട്രീയ വിമർശനമുള്ളതുകൊണ്ട് നിങ്ങൾക്ക് ഞങ്ങളെ വല്ലാതെ ഇകഴ്ത്തി കാണിക്കണമെന്ന് ആഗ്രഹമുണ്ടാകും. അതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ നിങ്ങൾ ചെയ്യുമെന്നുള്ളത് ശരിയാണ്. അത് രാഷ്ട്രീയത്തിന്റെ ഭാഗമാണ്. പക്ഷെ നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ പ്രതികരണങ്ങളുണ്ട്. അടുത്ത ദിവസമുണ്ടായ ഒരു അനുഭവം പങ്കുവയ്ക്കുന്നത് നല്ലതാണെന്നുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. ഞാൻ പുനലൂർ വഴി പത്തനംതിട്ടയ്ക്ക് പോകുകയായിരുന്നു. മുഖ്യമന്ത്രി പോകുമ്പോൾ അകമ്പടി വാഹനങ്ങൾ ഉണ്ടാകുമല്ലോ; അത് എല്ലാവരും ശ്രദ്ധിക്കുന്നതാണ്. ഞാൻ പുനലൂർ റെസ്റ്റ് ഹൗസിൽ കയറിയതിനുശേഷമാണ് പോയത്. അവിടെ ഒരു പാവപ്പെട്ട മനുഷ്യൻ ചെറിയൊരു തുണിസഞ്ചി

ളുക്കിപ്പിടിച്ചുകൊണ്ട് ഗേറ്റ് കടന്നുവരുന്നത് കണ്ടു. സ്വാഭാവികമായും സെക്യൂരിറ്റി അദ്ദേഹത്തെ അടുത്ത് വരാൻ അനുവദിക്കാതെ തടയുകയാണ്. ഞാൻ അദ്ദേഹത്തെ കാണുന്നുണ്ട്. ഞാൻ കാറിൽ കയറുന്ന സമയത്താണ് അദ്ദേഹം ഇങ്ങോട്ട് വരാൻ ശ്രമിക്കുന്നത്. ഞാൻ അദ്ദേഹത്തെ കൈ കാണിച്ച് കാറിൽ കയറി. ഞാൻ കൈകാണിക്കുന്നത് അദ്ദേഹം കണ്ടില്ലെന്ന് തോന്നുന്നു. എന്തായാലും ഞാൻ അവിടെനിന്നും പോയി. പിന്നീട് സോഷ്യൽമീഡിയയിൽ ഒരാൾ ഇട്ട ഒരു പോസ്റ്റ് കാണുകയുണ്ടായി. അതിൽ പറയുന്നത്, അന്ന് വന്നത് എൻ. ആർ. പിള്ള എന്ന് പേരുള്ള പ്രായമുള്ള ഒരാളാണെന്നാണ്. അദ്ദേഹം പറഞ്ഞത് "ഞാൻ മുഖ്യമന്ത്രിയെ കാണാൻ വേണ്ടി പോയതാണ്, പോലീസുകാർ തടഞ്ഞു, അത് സാധാരണ അവർ ചെയ്യുന്നതാണ്. മുഖ്യമന്ത്രിയെ കാണാൻ പോകാൻ കാരണം എനിക്ക് അദ്ദേഹത്തെ ഇഷ്ടമാണ്. പറയുന്ന കാര്യങ്ങൾ നടപ്പാക്കുന്ന ഒരു ഗവൺമെന്റാണ് ഇത്. അതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത." ഇങ്ങനെയുള്ള നല്ല വാക്കുകൾ അദ്ദേഹം പറയുകയാണ്. അത് ആരും പറയിപ്പിച്ചതല്ല, സ്വാഭാവികമായിട്ടുണ്ടായ കാര്യമാണ്. ഇതാണ് നാട്ടിലെ

സാധാരണക്കാരുടെ പ്രതികരണമെന്നത് നിങ്ങൾ മനസ്സിലാക്കണം. കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് ഈ പ്രതീതി തകർക്കാൻവേണ്ടിയുള്ള ശ്രമങ്ങൾ നിങ്ങൾ നടത്തുന്നുണ്ടാകും. പക്ഷേ അതെല്ലാമുണ്ടെങ്കിലും ഈ പ്രതികരണം നിലനിൽക്കുന്നുണ്ട്. അതിനുകാരണം ഞാൻ നേരത്തേ പറഞ്ഞതാണ്. ജനങ്ങളെ ഒരു ഘട്ടത്തിലും കബളിപ്പിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടില്ല. നമ്മുടെ സംസ്ഥാനത്തിന് ഇത്തരമൊരു നില വന്നതിൽ വല്ലാതെ അലോസരപ്പെടുന്നത് പ്രതിപക്ഷമാണെന്ന് നമുക്ക് കാണാൻ സാധിക്കും. അവർ മുന്നിൽക്കാണുന്നത് വെറും അന്ധകാരമല്ല, മഹാന്ധകാരം നിറഞ്ഞ ഒരു ഭാവിയാണ്. അതിന്റേതായ ഒരു വല്ലാത്ത വെപ്രാളം അവരെ പിടികൂടിയിട്ടുണ്ട്. യുക്തിക്ക് നിരക്കാത്തതും അസത്യമായതും അടിസ്ഥാനരഹിതമായതും ഭാവനയിൽ മാത്രം നിലനിൽക്കുന്നതുമായ എല്ലാവഴിക്കും സഞ്ചരിക്കാൻ അതവരെ പ്രേരിപ്പിക്കുകയാണ്. ആ ഒരു സഞ്ചാരമാണ് ഇവിടെ നമുക്ക് കാണാൻ കഴിയുന്നത്. അധികാരത്തിലിരിക്കുന്ന സർക്കാരിനെതിരെ സ്വാഭാവികമായും വലിയ

തോതിൽ വിമർശനങ്ങൾ ഉയർത്താൻ പ്രതിപക്ഷം ശ്രമിക്കും. പക്ഷേ വിമർശിക്കാനും എതിർത്തുപറയാനും ഒന്നുമില്ലാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ടുതന്നെ പറയാനുള്ള വേദിതന്നെ ഇല്ലാതാക്കാനുള്ള ശ്രമവും ആ മനോഭാവത്തോടെയുള്ള ബഹിഷ്കരണങ്ങളുമൊക്കെ നമ്മൾ ഇവിടെ കണ്ടുകൊണ്ടിരിക്കുകയാണ്.

നയപ്രഖ്യാപനപ്രസംഗം നമ്മൾ ഗൗരവത്തോടുകൂടി കാണേണ്ട കാര്യമാണ്. എന്നാൽ ഇന്ന് മാത്രമാണ് എല്ലാവരും പങ്കെടുത്തുകൊണ്ട് ശരിയാംവിധം ചർച്ച ചെയ്യാൻ സാധിച്ചത്. സഭയിൽ ലഭിക്കുന്ന അവസരങ്ങളിലും സഭയ്ക്ക് പുറത്തുള്ള വേദികളും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പുകമറ സൃഷ്ടിക്കാൻ നടത്തുന്ന ശ്രമം ജനാധിപത്യ സംവിധാനത്തിലെ പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വത്തിന് ചേർന്നതാണോയെന്നത് അവർതന്നെ പരിശോധിക്കേണ്ട കാര്യമാണ്. പ്രതിപക്ഷം തീർത്തും സങ്കുചിതമായ താൽപര്യങ്ങൾക്ക് പിന്നാലെ പോകുന്നതിന് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം ഒരുതരം രാഷ്ട്രീയ നിസ്സഹായതയിലാണ് കേരളത്തിലെ പ്രതിപക്ഷമെന്നതാണ്.

സാധാരണഗതിയിൽ ഭരണപക്ഷത്തിന് നേർക്കാണ് ചോദ്യങ്ങളും വിമർശനങ്ങളും ഉയരേണ്ടത്. എന്നാൽ ഇപ്പോൾ കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ ചോദ്യങ്ങളും വിമർശനങ്ങളും ഉയരുന്നത് പ്രതിപക്ഷത്തിന് നേർക്കാണ് എന്നതാണ് യാഥാർഥ്യം. പ്രതിപക്ഷത്തിന്റെ നിലപാടില്ലായ്മകൾ, അസത്യ പ്രചാരണങ്ങൾ ഇതൊക്കെയാണ് അതിന് വഴിവയ്ക്കുന്നത്. ഗീബൽസിനെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. ഒരു കള്ളം ആവർത്തിച്ച് പറയുക, അത് കൂടുതൽക്കൂടുതൽ ശക്തമായി പറയുക അങ്ങനെ വന്നാൽ സത്യമായി കണക്കാക്കും എന്നത് ഗീബൽസ്യൻ തന്ത്രമാണ്. ഇവിടെ സമൂഹത്തിന്റെ മുഖത്തുനോക്കി തീർത്തും വസ്തുതാവിരുദ്ധമായ കാര്യങ്ങൾ ആവർത്തിക്കുന്ന പ്രതിപക്ഷത്തെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിന്റെ ഭാഗമായാണ് കഴിഞ്ഞ പത്ത് വർഷമായി ഇവിടെ എന്ത് നടന്നുവെന്ന ചോദ്യം ഉയർത്തുന്നത്. നമ്മുടെ നാടിന്റെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഗുണഫലം ഏതാനും ചിലർ മാത്രമല്ല, നാട്ടിലെ ജനങ്ങളാകെ അനുഭവിക്കുകയാണ്. ഈ ജനങ്ങളുടെ മുമ്പിൽ ഇത്തരം പ്രചാരണങ്ങൾ എങ്ങനെയാണ് വിലപ്പോകുക?

പണ്ട് നമ്മുടെ നാഷണൽ ഹൈവേ അടക്കമുള്ള റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞതും വീതി കുറഞ്ഞതുമായിരുന്നില്ലേ; അതാണല്ലോ ഇപ്പോൾ ആറുവരി പാതയായി മാറുന്നത്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഓഫീസ് പൂട്ടി സ്ഥലം വിട്ടത് പ്രതിപക്ഷത്തിന്റെ കാലത്താണല്ലോ, ഇന്നത്തെ പ്രതിപക്ഷത്തിന് അത് ഓർമ്മയുണ്ടാകും. നടക്കില്ലെന്നുപറഞ്ഞ് എഴുതിത്തള്ളിയ നിരവധി പദ്ധതികളാണ് നമ്മുടെ നാട്ടിൽ നടപ്പാക്കപ്പെട്ടത്. രാജ്യത്തിനാകെ മാതൃകാപരമാകുന്ന തരത്തിലുള്ള കുതിച്ചുചാട്ടമല്ലേ നമ്മുടെ വ്യാവസായിക രംഗത്തുണ്ടായത്; ഈ പത്ത് വർഷക്കാലത്തെ നമ്മുടെ അനുഭവം നാടിനാകെ അഭിമാനം പകരുന്നതല്ലേ?

കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ്ങിൽ കേരളം ഒന്നാമത് എത്തിയെന്ന് മാത്രമല്ല ആ സ്ഥാനം നിലനിർത്താനും നമുക്ക് കഴിയുന്നു. ഒന്നാം സ്ഥാനം വെറുതെ കിട്ടുന്ന കാര്യമല്ലല്ലോ; നാട്ടിൽ വരുന്ന മാറ്റങ്ങളുടെ ഭാഗമല്ലേ? നമ്മുടെ നാട്ടിൽ വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ചുവപ്പുനാടകളില്ലാതെ വ്യവസായം തുടങ്ങാൻ കഴിയുന്ന സാഹചര്യം വന്നിരിക്കുന്നു.

ഇതിന്റെയെല്ലാം ഭാഗമായി നിക്ഷേപകർക്ക് വലിയ ആത്മവിശ്വാസം ഉണ്ടായിരിക്കുന്നുവെന്നാണ് കാണേണ്ടത്. സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങൾ കേരളത്തിൽ കൊണ്ടുവന്ന മാറ്റം എത്ര വലുതാണ്? സംരംഭക വർഷം എന്ന ഒരു പദ്ധതി എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ചു. ഇതിലൂടെ ഒരു വർഷംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങാനാണ് ഉദ്ദേശിച്ചത്. പക്ഷേ സംഭവിച്ചത് എന്താണ്? ഒരു വർഷം വേണ്ടിവന്നില്ല, മാസങ്ങൾക്കുള്ളിൽ ലക്ഷ്യം പൂർത്തിയാക്കാൻ സാധിച്ചു. രാജ്യത്തെ മികച്ച എം.എസ്.എം.ഇ. ക്ലസ്റ്ററായി കേരളം മാറുകയും മൂന്ന് ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു എന്നതും ശരിയല്ലേ?

വ്യാവസായിക രംഗത്ത് വലിയ കുതിച്ചുചാട്ടമാണുണ്ടായത്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രവൃത്തികൾ അതിവേഗം നടക്കുകയാണ്. കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം, ദാവോസിൽ നടന്ന World Economic Forum എന്നീ പരിപാടികളിൽ കേരളത്തിൽ നിക്ഷേപം നടത്താനുള്ള വലിയ താൽപര്യമാണ് നിക്ഷേപകർ പ്രകടിപ്പിച്ചിരിക്കുന്നത്. ദാവോസിൽ നടന്ന കാര്യങ്ങൾ ഇന്ന് രാവിലെ

ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞു.

ഐ.ടി. കയറ്റുമതിയിൽ നാം റെക്കോർഡുകൾ ഭേദിക്കുകയാണ്. നമ്മുടെ ഐ.ടി. പാർക്കുകൾ ലോകശ്രദ്ധ നേടിക്കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സ്റ്റാർട്ട്അപ്പ് ഇക്കോ സിസ്റ്റം രാജ്യത്തിനുതന്നെ മാതൃകയാണ്. ഏഷ്യയിലെ തന്നെ മികച്ച ലേണിങ് ഇക്കോസിസ്റ്റമായി കേരളത്തെ ആഗോളതലത്തിൽ അടയാളപ്പെടുത്തിക്കഴിഞ്ഞു. അയ്യായിരത്തിലധികം സ്റ്റാർട്ടപ്പുകളാണ് കേരള സ്റ്റാർട്ടപ്പ് മിഷനുകീഴിൽ കരുത്തുറ്റനിലയിൽ ഇപ്പോൾ വളരുന്നത്. നൂതന ആശയങ്ങളുമായി വരുന്ന യുവാക്കൾക്ക് ലോകോത്തര നിലവാരമുള്ള ഇൻകുബേഷൻ സൗകര്യങ്ങളാണ് നാം ഒരുക്കുന്നത്. സംസ്ഥാനത്ത് ഗിഫ്റ്റ് സിറ്റി യാഥാർത്ഥ്യമാക്കുന്നതിൽ ചില പ്രശ്നങ്ങളുണ്ടായി. അതുകൊണ്ട് നാം അത് ഉപേക്ഷിക്കുകയല്ല പകരം സംവിധാനമൊരുക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. സമുദ്രോൽപന്ന പാർക്കുകൾ യാഥാർത്ഥ്യമാവുകയാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം നല്ലരീതിയിൽ പുരോഗതി പ്രാപിക്കുന്നു. അത് സമ്പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നതോടെ വ്യവസായ

ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം എന്തായിരിക്കും; എത്ര മികച്ചതായിരിക്കും? ഇതൊന്നും കാണാൻ നമ്മുടെ പ്രതിപക്ഷത്തിന് കഴിയുന്നില്ല. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനെ എതിർക്കുന്നതിന്റെ ഭാഗമായി ഇതെല്ലാം കാണാതിരിക്കരുതല്ലോ; നമ്മുടെ നാട് നേടിയ നേട്ടങ്ങളാണല്ലോ?

നമ്മുടെ സ്കൂളുകളുടെ നേരത്തെയുണ്ടായിരുന്ന ദയനീയസ്ഥിതി ഇപ്പോൾ പൂർണ്ണമായി മാറിയില്ലേ; ഹൈടെക് സ്കൂളുകളും സ്മാർട്ട് ക്ലാസ് റൂമുകളും കേരളത്തിൽ സ്ഥാപിതമായില്ലേ; ഈ സർക്കാർ എന്തുചെയ്തു എന്ന് ചോദിക്കുമ്പോൾ അവർ അതിന് മറുപടി പറയും. നമ്മുടെ നാടിന് പല ദുരനുഭവങ്ങളുണ്ടായിട്ടില്ലേ; സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കൂൾ തുറന്ന് പുതിയ ക്ലാസിൽ ചേരുമ്പോൾ പാഠപുസ്തകങ്ങൾ ആവശ്യമല്ലേ; ഒരു കാലത്ത് ഇവിടെ പാഠപുസ്തകങ്ങൾ കിട്ടിയിരുന്നില്ല. പാഠപുസ്തകങ്ങളില്ലാത്തതുകൊണ്ട് അധ്യാപകർ കുട്ടികൾക്ക് പുസ്തകത്തിന്റെ ഫോട്ടോസ്റ്റാറ്റ് എടുത്തുകൊടുത്തിട്ടുണ്ട്. അത് വളരെ മുമ്പ് നടന്ന കാര്യമല്ലല്ലോ; പത്തുവർഷം മുൻപുള്ള അവസ്ഥയല്ലേ? സാധാരണ

നിലയ്ക്കുള്ള ഒരു ചെറിയ തയ്യാറെടുപ്പ് നടത്തിയാൽത്തന്നെ സ്കൂൾ തുറക്കുമ്പോൾ കുട്ടികളുടെ കൈയിൽ പാഠപുസ്തകങ്ങൾ എത്തിക്കാൻ സാധിക്കുമായിരുന്നില്ലേ; കെടുകാര്യസ്ഥതയുടെ പാരമ്യമല്ലേ അന്നുണ്ടായത്; ഇന്ന് അതാണോ സ്ഥിതി; അധ്യയനവർഷം തീരുംമുമ്പ് അടുത്ത അധ്യയനവർഷത്തെ പാഠപുസ്തകങ്ങൾ കുട്ടികളുടെ കൈയിൽ കിട്ടുന്ന അവസ്ഥയിലേയ്ക്കെത്തിയില്ലേ? ഇതൊന്നും ഒരു മഹാനേട്ടമായിട്ടല്ല പറയുന്നത്. എന്നാൽ, നമ്മുടെ നാട്ടിലെ കുട്ടികളും രക്ഷിതാക്കളും അത് വളരെ പ്രാധാന്യത്തോടെയാണ് കാണുന്നത്.

ആരോഗ്യരംഗം നല്ലരീതിയിൽ മെച്ചപ്പെട്ടു. നമ്മുടെ സർക്കാർ ആശുപത്രികളുടെ കരുത്ത് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി തന്നെ വ്യക്തമാക്കിക്കഴിഞ്ഞു. കേരള മോഡൽ എന്ന് പറയുന്നത് മുമ്പില്ലാതിരുന്ന ഇത്തരം ചില കാര്യങ്ങൾകൂടി ഉൾപ്പെട്ടതാണ്. പഴയ കേരള മോഡലിനെ ജീവകാരുണ്യമടക്കമുള്ള മേഖലകളിലേക്കുകൂടി വ്യാപിപ്പിച്ച് താഴേത്തട്ട് മുതൽ മുകൾത്തട്ടു വരെ എത്തിക്കാൻ നമുക്ക് സാധിച്ചു. ഇത് പറയുമ്പോൾ നാം ഓർക്കേണ്ട ഒന്നാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്. നമ്മുടെ നാടിനും

രാജ്യത്തിനും വലിയതോതിൽ സംഭാവന ചെയ്യാൻ കഴിയുന്ന ഒരു ഗവേഷണ സ്ഥാപനമാണത്. ഐ.ടി. രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിൽ വൻ കുതിച്ചുചാട്ടം നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആഗോള ഭീമന്മാരായ കമ്പനികൾ കേരളത്തിലേക്ക് വരാൻ താൽപര്യം പ്രകടിപ്പിക്കുകയാണ്. വർക്ക് നിയർ ഹോം പദ്ധതി ഐ.ടി. വികസനം ഗ്രാമങ്ങളിലേയ്ക്കെത്താൻ സഹായിക്കുന്നു. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചത് കേരളമാണ്. ഡിജിറ്റൽ സാക്ഷരത നേടാൻ നമുക്ക് കഴിഞ്ഞുവെന്നതും ഏറ്റവും പ്രധാനപ്പെട്ട നേട്ടമാണ്. മറ്റ് രാജ്യങ്ങളിലുള്ളവരടക്കം ഇത്തരം കാര്യങ്ങൾ പ്രധാനമായി ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ സ്റ്റാർട്ടപ്പ് മിഷൻ ലോകത്തിലെ തന്നെ മികച്ച സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ബഹുരാഷ്ട്ര കമ്പനികൾ നമ്മുടെ നാട്ടിലേക്ക് വരാൻ തയ്യാറായിരിക്കുന്നു. എത്രയോ കാലമായി നാം സ്വപ്നമായി കൊണ്ടുനടന്ന ഒരു പദ്ധതിയായിരുന്നു വിഴിഞ്ഞം തുറമുഖം. നിലവിൽ അതിന്റെ രണ്ടാംഘട്ട നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. നേരത്തെ നിശ്ചയിച്ചതിലും 17 വർഷം മുൻപ് പദ്ധതി പൂർണ്ണ അവസ്ഥയിലേയ്ക്കെത്തിക്കാനാണ്

നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കേരള മോഡൽ വികസനം എന്നത് കേവലമായ ഒരു ബദൽ രീതി മാത്രമല്ല. ഇതൊരു അതിജീവനത്തിന്റെ മാതൃക കൂടിയാണ്. അതിനെ തകർക്കാൻ നുണകളുടെ ചീട്ടുകൊട്ടാരം പണിതാൽ അത് നിലനിൽക്കുമെന്ന് തെറ്റിദ്ധരിക്കരുത്. ഈ നാട് മുന്നോട്ടുതന്നെ പോകും. വികസനത്തിന്റെ പാതയിൽ ഒരടിപോലും പിന്നോട്ടുവയ്ക്കില്ല. ഈ നാടിനെ തകർക്കാൻവേണ്ടി അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നവർ ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലാണ് സ്ഥാനം പിടിക്കുന്നത്. കേരളവും മറ്റ് സംസ്ഥാനങ്ങളും തമ്മിൽ വലിയ വ്യത്യാസം നമുക്ക് കാണാൻ കഴിയും. ആ വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. കേരളത്തിൽ വന്ന് ജോലി ചെയ്യുന്ന മറ്റ് സംസ്ഥാനങ്ങളിലെ ചില തൊഴിലാളികൾ അവരുടെ നാടിന്റെ അനുഭവങ്ങൾ നമ്മുടെ നാട്ടിൽവന്ന് പറയുന്നതിൽനിന്ന് നമുക്കത് മനസ്സിലാക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും കോൺഗ്രസ്സിന്റെ പ്രധാനപ്പെട്ട നേതാക്കൾക്കും അത്തരം ഒരു അനുഭവം ഉണ്ടായിട്ടുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. രാഹുൽ ഗാന്ധി കൊച്ചിയിൽ വന്ന് ഒരു യോഗം നടത്തിയപ്പോൾ അവിടെ ഏതോ ഒരാൾ ഒരു ചോദ്യം ചോദിച്ചുവെന്ന് പറയുന്നത് കേട്ടു. അദ്ദേഹത്തിന്റെ നാട്ടിൽ ഇതുപോലെയുള്ള വികസനം ഇല്ലാത്തതിനെപ്പറ്റിയാണ് ചോദിച്ചത്. ഇത് നടന്ന കാര്യമാണ്. നമ്മുടെ നാട്ടിൽ വരുന്നവർ കേരളത്തെയും കേരളത്തിന്റെ വികസനത്തെയും ആശ്ചര്യത്തോടെയാണ് കാണുന്നത്. അതിന്റെ ഭാഗമായി വന്ന നിഷ്കളങ്കമായ ഒരു ചോദ്യമാണത്. ഇതാണ് നാം ശ്രദ്ധിക്കേണ്ട ഒരു കാര്യം. രാഷ്ട്രീയ കാര്യങ്ങളിൽ നിങ്ങൾക്ക് വ്യക്തമായ നിലപാടുണ്ടോ; സാമ്പത്തിക കാര്യങ്ങളിൽ നിങ്ങൾക്ക് ബദലുണ്ടോ? രാഷ്ട്രീയ കാര്യങ്ങളിൽ ധീരമായ നിലപാടെടുക്കാൻ നിങ്ങൾക്ക് വേണ്ട കെൽപ്പില്ല. അതുകൊണ്ട് ഇടതുപക്ഷത്തെ വിമർശിച്ച് നിലപാടുണ്ടെന്ന് വരുത്തിതീർക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ആശയമില്ലാതെയുള്ള പ്രവൃത്തി ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് സാധിക്കില്ല. ഫാസിസത്തെ പ്രതിരോധിക്കേണ്ടത് രാഷ്ട്രീയമായും ആശയപരവുമായാണ്. അത് നേരിയ തോതിലെങ്കിലും കോൺഗ്രസിന് ചെയ്യാൻ കഴിയുന്നുണ്ടോ; കോൺഗ്രസിന്റെ പുതിയ ബന്ധു

ആരാണ്? ശ്രീ. ഹാർദ്ദിക് പട്ടേൽ. ശ്രീ. പ്രവീൺ തൊഗാഡിയയെപ്പോലെയുള്ള യഥാർത്ഥ ഹിന്ദുത്വ നേതാക്കളെ ബി.ജെ.പി. സർക്കാർ തഴഞ്ഞുവെന്ന് പരാതിപ്പെടുന്നയാളാണ് ശ്രീ. ഹാർദ്ദിക് പട്ടേൽ. ഒ.ബി.സി. റിസർവേഷൻ തങ്ങൾക്കുകൂടി ബാധകമാക്കണമെന്ന് വാദിക്കുന്ന പട്ടീദാർ സമുദായ നേതാവ്. ഇങ്ങനെയുള്ളവരുമായി സഖ്യം സ്ഥാപിക്കുന്നത് വർഗീയതയ്ക്കെതിരെയുള്ള ബദലായി മാറുമോ; ഇപ്പോഴത്തെ കോൺഗ്രസ് നേരത്തേയുള്ള അനുഭവമെടുത്താൽത്തന്നെ രാജ്യത്തെ ബി.ജെ.പി.-യുടെ റിക്രൂട്ടിംഗ് ഏജൻസിയായി മാറുകയല്ലേ; കോൺഗ്രസിൽനിന്ന് ബി.ജെ.പി.-യിലേക്ക് പോയ നേതാക്കന്മാരുടെ പട്ടികയെടുത്താൽ അതിൽ മുൻമുഖ്യമന്ത്രിമാർ, പി.സി.സി. അധ്യക്ഷന്മാർ എന്നിവരുണ്ടല്ലോ; ആ പേരുമായി നിങ്ങൾ താരതമ്യപ്പെടുത്തി നോക്കണം. എൻ. ഡി. തിവാരി, എസ്. എം. കൃഷ്ണ, ശ്രീ. ചൗധരി ബിജേന്ദ്ര സിങ്, ശ്രീ. റാവു ഇന്ദർജിത് സിങ്, ശ്രീമതി റീത്ത ബഹുഗുണ ജോഷി, ശ്രീ. ജഗദാംബിക പാൽ, ശ്രീ. വിജയ് ബഹുഗുണ, ശ്രീ. സത്പാൽ മഹാരാജ്, ശ്രീമതി നജ്മ ഹെപ്തുള്ള, ശ്രീ. ഹിമന്ത ബിശ്വ ശർമ്മ എന്നിങ്ങനെ എത്രപേരാണുള്ളത്. 2014-ൽ

അരുണാചൽ പ്രദേശ്, 2017-ൽ മണിപ്പൂർ, 2017-ൽ ഗോവ, 2018-19-ൽ കർണാടക, 2020-ൽ മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പുകളിൽ കോൺഗ്രസാണ് വിജയിച്ചുവന്നിട്ടുള്ളത്. എന്നാൽ, അരുണാചൽ പ്രദേശ്, മണിപ്പൂർ, ഗോവ, കർണാടക, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ അധികാരത്തിൽ വന്നത് ആരാണ്; ബി.ജെ.പി. എങ്ങനെയാണ് അത് സാധ്യമാക്കിയത്? വില്പനയ്ക്ക് വയ്ക്കപ്പെട്ട കോൺഗ്രസ് എം.എൽ.എ.-മാരെ കൂട്ടത്തോടെ വിലയ്ക്കുവാങ്ങുകയല്ലേ ചെയ്തത്. അങ്ങനെയാണല്ലോ അവർക്ക് അധികാരം ലഭിച്ചത്. കോൺഗ്രസ് നേരിടുന്ന ചോദ്യം ഞങ്ങളോട് എന്തിനാണ് നിങ്ങൾ വോട്ട് ചോദിച്ചത് എന്നാണ്. 2014-ൽ അരുണാചൽ പ്രദേശിലെ കക്ഷിനില, ബി.ജെ.പി.-11, കോൺഗ്രസ്-42, പീപ്പിൾസ് പാർട്ടി ഓഫ് അരുണാചൽ (പി.പി.എ.)-5, സ്വാതന്ത്ര്യർ-2 എന്നിങ്ങനെയായിരുന്നു. രണ്ടുവർഷം കഴിഞ്ഞപ്പോൾ കക്ഷിനില, ബി.ജെ.പി.-48, കോൺഗ്രസ്-1, പീപ്പിൾസ് പാർട്ടി ഓഫ് അരുണാചൽ (പി.പി.എ.)-9, സ്വാതന്ത്ര്യർ-2. 42-ൽനിന്നും ഒരു കോൺഗ്രസുകാരനായി ചുരുങ്ങി. 2017-ൽ മണിപ്പൂരിലെ നിയമസഭാ

തിരഞ്ഞെടുപ്പിൽ 60 സീറ്റിൽ 21 സീറ്റാണ് ബി.ജെ.പി.-ക്ക് ലഭിച്ചത്. കോൺഗ്രസിന് 28 സീറ്റുകൾ ലഭിച്ചു. ബി.ജെ.പി.-യെക്കാൾ ഏഴ് സീറ്റുകൾ കൂടുതൽ ലഭിച്ചു. പക്ഷെ, ബി.ജെ.പി.-യെയാണ് സർക്കാർ രൂപീകരിച്ചത്. അതെങ്ങനെയാണ്? 2017-ൽ ഗോവ നിയമസഭാ തിരഞ്ഞെടുപ്പിൽ ആകെയുള്ള 40 സീറ്റുകളിൽ 13 എണ്ണം ബി.ജെ.പി.-യും 17 എണ്ണം കോൺഗ്രസും നേടി. പക്ഷെ, പ്രതിപക്ഷത്ത് കോൺഗ്രസ് തന്നെയായിരുന്നു. 2018-ലെ കർണ്ണാടക നിയമസഭാ തിരഞ്ഞെടുപ്പിൽ ആകെയുള്ള 224 സീറ്റുകളിൽ ബി.ജെ.പി.-ക്ക് 104 സീറ്റുകൾ ലഭിച്ചു. അവർക്ക് ഭൂരിപക്ഷമില്ല. എന്നാൽ, 13 കോൺഗ്രസ് എം.എൽ.എ.മാർ ഉൾപ്പെടെ 17 എം.എൽ.എ.-മാരെ നിയമസഭയിൽനിന്ന് ബി.ജെ.പി. രാജിവയ്പ്പിച്ചു. ഇതുവഴി സഭയിലെ അംഗബലം കുറച്ചു. അങ്ങനെ ബി.ജെ.പി.-ക്ക് ഭൂരിപക്ഷം ലഭിച്ചു. മധ്യപ്രദേശിലും കർണാടകയിലെ മാതൃക പിന്തുടർന്നു. ഒരു വിഭാഗം കോൺഗ്രസ് എം.എൽ.എ.-മാരെ ബി.ജെ.പി. ആകർഷിച്ചു. നിയമസഭയുടെ അംഗസംഖ്യ കുറച്ചു. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നു. കോൺഗ്രസ് നേതാവും മുൻ എം.പി.-യുമായ ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ

പിന്നീട് ബി.ജെ.പി.-യിൽ ചേർന്ന് രാജ്യസഭാംഗമായി. ഇപ്പോൾ ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ കേന്ദ്രമന്ത്രിയാണ്. 2019-ൽ ഹരിയാനയിൽ ബി.ജെ.പി.-ക്ക് ഭൂരിപക്ഷമില്ലായിരുന്നു. അധികാരത്തിൽ അവർ വരുന്നത് തടയാൻ കോൺഗ്രസിന് കഴിഞ്ഞില്ല. 2025-ൽ ബീഹാറിലും സമാനമായ സ്ഥിതിയാണുണ്ടായത്. അവിടെയൊക്കെ പോകുകയാണെങ്കിൽ ഇതെല്ലാം കാണാൻ കഴിയും. പക്ഷെ, അവിടെ പോകുന്നത് എന്തിനാണ്; ഇവിടുത്തെ സ്ഥിതിയെടുത്താൽ മതിയാകുമല്ലോ; കർണാടക മോഡലിലെ ഓപ്പറേഷൻ താമര നടന്ന പഞ്ചായത്താണല്ലോ തൃശ്ശൂർ പുതുക്കാട് നിയോജകമണ്ഡലത്തിലെ മറ്റത്തൂർ. നമ്മളിതുവരെ കണ്ടിട്ടില്ലാത്ത കുതിരക്കച്ചവടവും കൂട്ടക്കൂറുമാറ്റവും മറ്റത്തൂർ പഞ്ചായത്തിൽ സംഭവിച്ചല്ലോ; സ്വഭാവികമായും എൽ.ഡി.എഫ്. പ്രതിനിധി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടേണ്ട ഇവിടെ, കോൺഗ്രസ് സ്ഥാനാർഥികളായി കൈപ്പത്തി ചിഹ്നത്തിൽ ജയിച്ച് വന്ന മുഴുവൻ അംഗങ്ങളും ജനവിധി അട്ടിമറിച്ചുകൊണ്ട് ബി.ജെ.പി.-ക്കൊപ്പം ചേർന്നു. ഓരോ സ്ഥലത്തും എന്തെല്ലാം കാര്യങ്ങളാണ് നടക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, രാജ്യവ്യാപകമായിട്ടുള്ള കാര്യങ്ങൾ ഇവിടെ വളരെ വിശദമായി സൂചിപ്പിച്ചു. അങ്ങ് ഇവിടെ പതിനാറ് വർഷം പാർട്ടി സെക്രട്ടറിയായിരുന്നുവെന്നാണ് എന്റെ ഓർമ്മ. കേരളത്തിലെ സി.പി.ഐ.(എം).-ന്റെ ചോദ്യം ചെയ്യപ്പെടാത്ത നേതാവായിരുന്നു. അങ്ങ് നേതാവായിരുന്നപ്പോൾ പാർട്ടിയുടെ എം.എൽ.എ.-മാരായിരുന്ന ശ്രീ. അൽഫോൻസ് കണ്ണന്താനവും ശ്രീ. എസ്. രാജേന്ദ്രനും ബി.ജെ.പി.-യിൽ പോയത് അങ്ങ് അറിഞ്ഞില്ലേ? അങ്ങ് പോളിറ്റ് ബ്യൂറോ അംഗവും ദേശീയ നേതാവും ആയിരുന്ന പാർട്ടി ബംഗാളിലും ത്രിപുരയിലും ഭരണത്തിലുണ്ടായിരുന്നു. ആ രണ്ട് സംസ്ഥാനങ്ങളിലും ഭരണത്തിലുണ്ടായിരുന്ന പാർട്ടി ഓഫീസുൾപ്പെടെ 90 ശതമാനം ആളുകളും ബി.ജെ.പി.-യിൽ ചേർന്നത് അങ്ങ് അറിഞ്ഞില്ലേ? അത് മാത്രം ഒഴിവാക്കരുത്. അതുംകൂടി ചേർക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. അൽഫോൻസ് കണ്ണന്താനത്തെ ഞങ്ങളുടെ പാർട്ടിക്കാരനായി അദ്ദേഹം ചിത്രീകരിക്കുകയാണ്. ശ്രീ. അൽഫോൻസ് കണ്ണന്താനം ഒരുഘട്ടത്തിൽ എൽ.ഡി.എഫ്.-ന്റെ

സ്വാതന്ത്രനായി മത്സരിച്ചുവെന്നുള്ളത് ശരിയാണ്. അത് വ്യക്തമാണ്. അന്നും അദ്ദേഹത്തിന് പാർട്ടിയുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഏതെങ്കിലും തരത്തിൽ പാർട്ടിക്കാരനുമായിരുന്നില്ല. അദ്ദേഹം ഇവിടെ വന്ന് സ്ഥാനാർത്ഥിയായിയെന്നതാണ് വസ്തുത. അത് ഏതെങ്കിലും തരത്തിൽ ഞങ്ങളെ ബാധിക്കുന്ന ഒരു കാര്യമായി കാണേണ്ടതില്ല. ശ്രീ. എസ്. രാജേന്ദ്രൻ തെറ്റായ നിലപാടുകൾ സ്വീകരിച്ച് കുറേക്കാലമായി പാർട്ടിയിൽനിന്ന് അകന്ന് നിൽക്കുകയായിരുന്നു. അതിന്റെ ഭാഗമായി ചില മാറ്റങ്ങൾ അദ്ദേഹത്തിന് സംഭവിച്ചുവെന്നുള്ളത് ശരിയാണ്. അത് മൊത്തത്തിൽ സി.പി.ഐ.(എം)-നെ ബാധിക്കുന്ന കാര്യമല്ല. ഇവിടെ മറ്റത്തൂരിനെ പറ്റിയാണല്ലോ ഞാൻ പറഞ്ഞുവന്നത്. (ബഹളം..) അത് ഞാൻ പറയാം.

മി. സ്പീക്കർ: പറയാമെന്ന് പറഞ്ഞു.

ശ്രീ. പിണറായി വിജയൻ: സർ, ഇതുവരെ കണ്ടിട്ടില്ലാത്ത കുതിരക്കച്ചവടം, കൂട്ടക്കൂറുമാറ്റം ഇതാണ് മറ്റത്തൂരുണ്ടായത്. ഇവിടെ കൈപ്പത്തി ചിഹ്നത്തിൽ ജയിച്ചുവന്ന മുഴുവൻ അംഗങ്ങളും ബി.ജെ.പി.-

യോടൊപ്പം ചേരുന്ന സ്ഥിതിയാണുണ്ടായത്. എട്ട് കോൺഗ്രസ് അംഗങ്ങളാണ് ബി.ജെ.പി.-യോടൊപ്പം പോയത്. ബി.ജെ.പി. പിന്തുണയിൽ വൈസ് പ്രസിഡന്റായി ജയിച്ചത് കൈപ്പത്തി ചിഹ്നത്തിൽ മത്സരിച്ച കോൺഗ്രസ് സ്ഥാനാർത്ഥിയാണ്. "കോൺഗ്രസുകാർ ഞങ്ങളോട് സഹായം ചോദിച്ചപ്പോൾ ഞങ്ങളത് ചെയ്തുകൊടുത്തു. കിട്ടിയ ഗോളവസരം ഞങ്ങൾ കൃത്യമായി ഉപയോഗിച്ചു." എന്നായിരുന്നു ഇതുസംബന്ധിച്ച ബി.ജെ.പി. ജില്ലാ അധ്യക്ഷന്റെ പരസ്യപ്രതികരണം. വർഗീയത വളർത്തുന്നതിൽ കോൺഗ്രസ്സിന്റെ പങ്ക് എന്താണെന്ന് ഞങ്ങൾ പറയേണ്ടതുണ്ടോ; ഗാന്ധിജിയുടെ വധത്തെ തുടർന്ന് പൊതുസമൂഹത്തിൽ മുഖം കാണിക്കാൻ കഴിയാത്തവിധം മാളത്തിൽ ഒളിച്ചതായിരുന്നു ഹിന്ദു വർഗീയത. അതിനെ പൊതുസമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കാൻ അവസരം ഉണ്ടാക്കിക്കൊടുത്തത് കോൺഗ്രസാണ്. അടിയന്തരാവസ്ഥയുടെ ഘട്ടത്തിൽ രണ്ട് അംഗങ്ങളായി ലോക്സഭയിലെ ഹാളിൽ ഇരുന്ന പാർട്ടിയാണ് ബി.ജെ.പി. അതിനെ ഇന്ത്യയുടെ ഭരണം പിടിക്കാൻ പോന്ന ശക്തിയായി വളർത്തിയത് കോൺഗ്രസാണ്. (ബഹളം...)

ഫൈസാബാദിലെ ഉപതിരഞ്ഞെടുപ്പായിരുന്നു തുടക്കം. ഹിന്ദു വർഗീയതയെ തങ്ങളുടെ രാഷ്ട്രീയ വളർച്ചയ്ക്കായി കോൺഗ്രസ് ഉപയോഗിച്ചുതുടങ്ങിയത് മുതൽ കോൺഗ്രസ്സിന്റെ പതനം ആരംഭിച്ചു. 1950-കളിൽ കോൺഗ്രസ്സിൽനിന്ന് രാജിവച്ച് കോൺഗ്രസിന് എതിരെതന്നെ അയോധ്യ ഉൾപ്പെടുന്ന ഫൈസാബാദ് മണ്ഡലത്തിൽ ആചാര്യ നരേന്ദ്രദേവ് മത്സരിച്ചപ്പോൾ അന്ന് പരാജയ ഭീതിപൂണ്ട കോൺഗ്രസ് ഒരു ഹിന്ദു സന്യാസിയെ എതിർ സ്ഥാനാർഥിയാക്കി. എന്നിട്ട് ബാബറി മസ്ജിദിൽ വിഗ്രഹം കണ്ടുകിട്ടിയെന്ന പ്രചരണം ആരംഭിച്ചു. അതോടെയാണ് ആധുനിക ഇന്ത്യയിൽ വലിയ വർഗീയ ധ്രുവീകരണം ഉണ്ടായത്. നരേന്ദ്രദേവിനെ തോൽപ്പിക്കാനായി ഹിന്ദു വർഗീയതയുടെ കാർഡ് സമർഥമായി ഉപയോഗിക്കുകയായിരുന്നു അന്ന് കോൺഗ്രസ്. ആചാര്യ നരേന്ദ്രദേവിനെ പരാജയപ്പെടുത്താൻ കോൺഗ്രസ്സിനെ കൈയയച്ച് സഹായിച്ചത് ഹിന്ദു വർഗീയ വാദികളുമായിരുന്നു. പിന്നീട് ഇങ്ങോട്ടും ആ വഴിയിലൂടെയാണ് കോൺഗ്രസ് സഞ്ചരിച്ചത്. പൂട്ടികിടന്ന ബാബറി മസ്ജിദ് സംഘ്പരിവാറിനായി തുറന്നുകൊടുത്തത് കോൺഗ്രസ്സാണ്. ജാമിയ

മില്ലിയയെപ്പറ്റി പറഞ്ഞല്ലോ; പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അതിന് കാവൽനിന്ന കാര്യം പറയുന്നത് നല്ല ആവേശത്തിൽ പറയുന്നതായി കേട്ടു. അതൊരു കാലം. ബാബറി മസ്ജിദിന്റെ കാലത്ത് പ്രധാനമന്ത്രിയായിരുന്നത് പി.വി. നരസിംഹറാവു ആണ്. ബാബറി മസ്ജിദ് തകർക്കാതിരിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കാൻ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹറാവുവിന് രാജ്യമാകെ ബ്ലാങ്ക് ചെക്ക് കൊടുക്കുകയാണുണ്ടായത്. രാജ്യമൊന്നാകെ കൊടുത്ത പിന്തുണയായിരുന്നു അത്. അതിനെതിരെ ചെറുവിരൽ അനക്കിയോ; സംഘപരിവാറുകാരാണ് ബാബറി മസ്ജിദ് തകർത്തതെന്നുള്ളത് ശരിയാണ്. പക്ഷെ, തകർക്കുന്നതിനുള്ള എല്ലാ അവസരങ്ങളൊരുക്കിയതും അതിനാവശ്യമായ വഴികളൊരുക്കി കൊടുത്തതും അവർക്ക് തടസ്സങ്ങളില്ലാതെ തകർക്കാൻ സൗകര്യങ്ങളൊരുക്കിയതും പി. വി. നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരല്ലേ; അതല്ലേ നമ്മുടെ അനുഭവം. ഇവിടെ കോൺഗ്രസ്സിന്റെ മുഖ്യമുദ്രാവാക്യം അത് തന്നെ അയോധ്യയുമായി ബന്ധപ്പെട്ടായിരുന്നല്ലോ ഒരു ഘട്ടത്തിൽ. ഗുജറാത്തിലെ

തിരഞ്ഞെടുപ്പ് പ്രചരണത്തിന് പോയപ്പോൾ കോൺഗ്രസ് നേതാക്കൾ അവിടെ സ്വീകരിച്ച രീതികൾ എന്തായിരുന്നു. ഇതൊക്കെ ഒരു മൃദുഹിന്ദുത്വ നിലപാടുകൾക്ക് അനുകൂലമായിട്ടുള്ളതായിരുന്നില്ലേ? മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഗുജറാത്ത് തുടങ്ങിയ പല സംസ്ഥാനങ്ങളിലും കോൺഗ്രസ് സ്വീകരിച്ചുവന്ന നയം എന്താണെന്ന് നിങ്ങൾക്ക് തന്നെ അറിയാവുന്നതാണല്ലോ. മധ്യപ്രദേശിൽ അധികാരത്തിൽ വന്നപ്പോൾ കോൺഗ്രസ്സിന് ബദലാണ് തങ്ങളെന്ന് അവകാശപ്പെട്ടിരുന്ന കോൺഗ്രസ്. അവിടെ ഗോഹത്യയുടെ പേരിൽ ന്യൂനപക്ഷങ്ങൾക്കെതിരെ ദേശീയ സുരക്ഷാനിയമപ്രകാരം കേസെടുത്തു. അക്കാലത്ത് കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും നിയമസഭാ സാമാജികർ ഒന്നിച്ച് നിന്നാണ് പശുവിനെ രാഷ്ട്രമാതാവായി പ്രഖ്യാപിക്കുന്ന പ്രമേയം പാസ്സാക്കിയത്. ഇതേ കോൺഗ്രസാണ് രാമക്ഷേത്രം പണിയണമെങ്കിൽ തങ്ങൾ അധികാരത്തിൽ വരണമെന്നും പറഞ്ഞുകൊണ്ടിരുന്നത്. അപ്പോൾ നേരത്തെ കോൺഗ്രസ് സ്വീകരിച്ചതും ഇപ്പോഴും ഉപേക്ഷിക്കാൻ തയ്യാറായിട്ടില്ലാത്തതുമായ മൃദുവർഗീയ നിലപാടുകളുണ്ട്. അതിന്റെ ഭാഗമായുള്ള ഒട്ടേറെ കാര്യങ്ങൾ

ഇപ്പോൾ നമുക്ക് കാണാൻ കഴിയും. കോൺഗ്രസ് അധികാരത്തിലുള്ള നമ്മുടെ അയൽസംസ്ഥാനമായ എലഹങ്കയിൽ നടന്ന കാര്യം, അത് വലിയതോതിൽ എതിർപ്പ് ഉയർത്തിയൊരു വിഷയമാണെന്നത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. അനധികൃത കയ്യേറ്റം ഒഴിപ്പിച്ചതാണെന്നും കർണ്ണാടകയുടെ ആഭ്യന്തര കാര്യങ്ങളിൽ കേരള മുഖ്യമന്ത്രി ഇടപ്പെടേണ്ട എന്നൊക്ക അവിടുത്തെ ഉപമുഖ്യമന്ത്രി പറയുന്നതായി കേട്ടു. യോഗി ആദിത്യനാഥിന്റെ ഭാഷ ഇത്തരം ഘട്ടങ്ങളിൽ നാം കേട്ടിട്ടുണ്ട്. അതേ രീതിയിലുള്ള സംസാരമായി അത് കേട്ടപ്പോൾ തോന്നി. നാം ഓർക്കേണ്ടത്, രാഹുൽ ഗാന്ധിയോട് പണ്ട് യോഗി ആദിത്യനാഥ് പറഞ്ഞതും ഇതേ വർത്തമാനം ആയിരുന്നു. കാർണ്ണാടക ഉപമുഖ്യമന്ത്രിയുടെ പരാമർശത്തിന് ഞാൻ അപ്പോൾ മറുപടി പറയാൻ പോയില്ല. ഇരകൾക്ക് നീതി ലഭ്യമാക്കുന്നതാണ് മുഖ്യം. രാഷ്ട്രീയ സംവാദത്തിലേക്ക് പോയി വിഷയത്തെ കക്ഷി രാഷ്ട്രീയത്തിന്റെ കളിയിലേക്ക് ഒതുക്കാനും ഫോക്കസ് മാറ്റാനും ആഗ്രഹിച്ചില്ല. ഒരു കാര്യം ഇവിടെ ശ്രദ്ധിക്കണം. കർണ്ണാടകയുടെ ആഭ്യന്തര കാര്യം,

ഉത്തർപ്രദേശിന്റെ ആഭ്യന്തര കാര്യം എന്നൊന്നില്ല. ചൂഷണം അനുഭവിക്കുന്നവർ ആരായാലും അവർ ലോകത്തിന്റെ ഏത് കോണിലായാലും അവർക്കൊപ്പം നിൽക്കുകയെന്നത് ഞങ്ങളുടെ എന്നത്തേയും നിലപാടാണ്. പാലസ്തീനുവേണ്ടി ഞങ്ങൾ ശബ്ദമുയർത്തുന്നത് ആ നിലപാടിന്റെ ഭാഗമായാണ്. ക്യൂബയോട് ഐക്യപ്പെടുന്നതും ആ നിലപാട് ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായാണ്. സംഭവം നടന്ന് ഒമ്പത് ദിവസം കഴിഞ്ഞിട്ടും കർണ്ണാടകയിലേക്ക് തിരിഞ്ഞുനോക്കുന്ന അനുഭവം ഉണ്ടായില്ല. എന്നാൽ കേരളത്തിൽനിന്നും പ്രതിഷേധം ഉയർന്നപ്പോൾ ദേശീയ മാധ്യമങ്ങൾക്ക് വിഷയം ഏറ്റെടുക്കേണ്ടി വന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരുകാര്യം, കർണ്ണാടകയിലെ പ്രതിപക്ഷം ബി.ജെ.പി. ആണല്ലോ. ഈ വിഷയത്തിൽ അവർ കോൺഗ്രസ്സിനൊപ്പമായിരുന്നു. യഥാർഥത്തിൽ ബാംഗ്ലൂർ നഗരത്തിലെ റിയൽ എസ്റ്റേറ്റ് താല്പര്യങ്ങളാണ് ഇക്കാര്യത്തിൽ ഈ രണ്ടു കൂട്ടരെയും ഒരുമിപ്പിച്ചത്. ഇന്ന് വർഗീയത നേരിടുന്നത് ആരാണ്? നമ്മുടെ രാജ്യത്താകെ പരിശോധിച്ചാൽ കോൺഗ്രസ്സാണെന്ന് പറയാൻ കഴിയും. കഴിഞ്ഞ ദിവസം ശ്രീ. രാഹുൽ

ഗാന്ധി കേരളത്തിൽ വന്നല്ലോ. ബീഹാറിൽ മതേതര ഇടതു പാർട്ടികൾ ഒരുമിച്ചാണ് മത്സരിച്ചത്. അവിടെ ശ്രീ. രാഹുൽ ഗാന്ധിയുടെ സാന്നിധ്യം വേണ്ടത്രയുണ്ടായോ; എന്തേ അങ്ങനെ സംഭവിച്ചത്? അവിടെ ആറ് കോൺഗ്രസ്സുകാർ തിരഞ്ഞെടുപ്പിൽ ജയിച്ചത് ഇടതുപക്ഷത്തിന്റെ കൂടി വോട്ടോടെയാണ്. പിന്നീട് എന്തു സംഭവിച്ചു; ആ ആറുപേരും ബി.ജെ.പി.-ൽ ചേർന്നു. അവർ ഇപ്പോൾ എൻ.ഡി.എ. പക്ഷത്താണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് തികച്ചും വസ്തുതാ വിരുദ്ധമാണ്. കഴിഞ്ഞ ദിവസം ഡൽഹിയിൽ കോൺഗ്രസ് പ്രസിഡന്റും ശ്രീ. രാഹുൽ ഗാന്ധിയും പങ്കെടുത്ത യോഗത്തിൽ വച്ച് ഞാൻ ഈ ആറുപേരെയും കണ്ടിരുന്നതാണ്. മാധ്യമങ്ങളിൽ പറയുന്ന കള്ള വാർത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെപ്പോലുള്ള ഒരാൾ, അല്ലെങ്കിൽ ആര് എഴുതിക്കൊടുത്താലും അതവർ ശ്രദ്ധിക്കേണ്ടതായിരുന്നു. മറ്റുള്ളവർ വിഷയത്തിലും അതുതന്നെയാണ് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവിലേക്ക് ഞാൻ പറയുകയാണ് ഈ ആറുപേരും കോൺഗ്രസ്സിൽ

തന്നെയുണ്ട്. അവർ ഒരിടത്തും പോയിട്ടില്ല. ഇത് ബി.ജെ.പി.-യുടെ പ്രചരണമാണെന്ന് അങ്ങയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യം എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്ത ഒരു കാര്യമാണ്. അങ്ങ് പറഞ്ഞത് ഞാൻ പരിശോധിക്കാം. പക്ഷെ മറ്റത്തൂരിന്റെ വിഷയം നാടാകെ അംഗീകരിച്ച ഒരുകാര്യമാണ്. അത് നിങ്ങളുടെ നിഷേധം കൊണ്ടുമാത്രം ഇല്ലാതാവുകയില്ല. എന്റെ സമയം കഴിഞ്ഞിട്ട് ഒമ്പത് മിനിട്ടല്ലേ ആയിട്ടുള്ളൂ........ സമയത്തിന്റെ ഇരട്ടിയിലധികം എടുത്തവരല്ലേ.... എനിക്ക് ഇനിയെത്ര സമയം കിടക്കുന്നുയെന്ന് ആലോചിച്ചാൽ മതിയാകും...

ഇവിടെ ചില കാര്യങ്ങൾ പൊതുവെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതൊരു മുദ്രാവാക്യമാണ്. 'മതമാണ്.... മതമാണ്..... മതമാണ് പ്രശ്നം'. കേരളത്തിൽ ഉയരുന്ന ഒരു മുദ്രാവാക്യമാണിത്. ഇത്തരമൊരു മുദ്രാവാക്യം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ പ്രമുഖരായ നേതാക്കളാരും നേരത്തെ ഒരുകാലത്തും ഉയർത്തിയതായി കേട്ടിട്ടില്ല. അങ്ങനെ ഒരു മുദ്രാവാക്യമോ ബാഫഖി തങ്ങളോ, സീതി സാഹിബോ, സി.എച്ച്. മുഹമ്മദ് കോയയോ

ഒന്നും ഉയർത്തിയ അനുഭവമില്ല. ഇപ്പോൾ എന്താണ് ഇത്തരമൊരു മുദ്രാവാക്യം വിളിക്കുകയും പ്രധാന നേതൃനിരയിലുള്ള ചില ആളുകൾ അത്തരം കാര്യങ്ങൾ പറയുകയും ചെയ്യുന്നത്? 'മതമാണ്... മതമാണ്... മതമാണ് പ്രശ്നം' എന്ന് ലീഗിന്റെ നേതൃനിരയിൽതന്നെയുള്ള ഒരാൾ പറയുന്നതായാണ് കേൾക്കുന്നത്. പ്രതികരണം നല്ലതാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അത് മിസ് ക്വാട്ട് ചെയ്യപ്പെട്ടതാണ്. അതായത് ആ പ്രസംഗത്തിൽ നിരീശ്വര വാദമല്ല, മതവിശ്വാസമാണ് പ്രധാനം എന്ന് സമർഥിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. (ബഹളം......) പ്രസംഗത്തിന്റെ സന്ദർഭം മനസ്സിലാക്കണം. ഈശ്വര വിശ്വാസം പ്രധാനമാണെന്ന് പറഞ്ഞതാണ്. ജാതി എന്നുള്ള അർത്ഥത്തിലോ വർഗ്ഗീയത എന്നുള്ള അടിസ്ഥാനത്തിലോ അല്ല അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. ഫുൾ ടെക്സ്റ്റ് വായിച്ചുനോക്കുമ്പോൾ മാത്രമേ അത് മനസ്സിലാകുകയുള്ളൂ.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഒന്ന് ഇടപെടുകയാണ്.

ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ഇപ്പോൾ പറഞ്ഞത് വസ്തുതയല്ല. അതിന്റെ വീഡിയോ ഇന്ന് സാമൂഹിക മാധ്യമങ്ങളിൽ ലഭ്യമാണ്. (ബഹളം)... മുഴുവൻ കേൾക്കൂ...... അതുമാത്രമല്ല പറഞ്ഞത്. അധികാരം തിരിച്ചുപിടിക്കേണ്ടത് എന്തിനുവേണ്ടിയാണ് എന്നുകൂടി പറഞ്ഞിട്ടുണ്ട്. (ബഹളം....) നിങ്ങൾ തെറ്റിദ്ധരിപ്പിക്കണ്ട..... എന്റെ കൈവശം അതുസംബന്ധിച്ച് വീഡിയോ ഉണ്ട്. എന്തിനുവേണ്ടിയാണെന്നും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഇന്ന് സമൂഹത്തിൽ ലക്ഷക്കണക്കിനാളുകൾ കണ്ടുകഴിഞ്ഞ ഒരു വീഡിയോയാണ്. നിങ്ങൾ അസംബ്ലിയിൽ നിഷേധിച്ചതുകൊണ്ട് അത് യാഥാർത്ഥ്യമല്ലാതാകുന്നില്ല.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെക്കുറിച്ചാണ് പറയുന്നതെങ്കിൽ, ന്യൂനപക്ഷ വർഗീയതയോട് ഏതെങ്കിലും ഘട്ടത്തിൽ ഞങ്ങൾ കോംപ്രമൈസ് ചെയ്ത ഒരു ചരിത്രംതന്നെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനില്ല. അല്പാല്പമായി രാഷ്ട്രീയ കാരണങ്ങളാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഞങ്ങളെ എതിർക്കാൻ വേണ്ടി, ഞങ്ങൾക്ക് പകരം വന്ന അല്പ തീവ്രസ്വഭാവമുള്ള സംഘടനകളെ

പ്രോത്സാഹിപ്പിച്ചപ്പോൾ പോലും ഞങ്ങൾ അതിശക്തിയായി എതിർത്തിട്ടുണ്ട്. അത് തുടരുകയും ചെയ്യും. ഞങ്ങളെ അക്കാര്യത്തിന് നോക്കണ്ട. (ബഹളം.......)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കും..... യെസ്... യെസ്....

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ കാര്യം നമുക്ക് മുഖവിലയ്ക്കെടുക്കാം. പക്ഷെ നാട് അംഗീകരിക്കുന്ന യാഥാർത്ഥ്യം അതല്ലെന്നുള്ളത് നിങ്ങളും ഉൾക്കൊള്ളുന്നത് നല്ലതാണ്. കാരണം ഇതൊക്കെ തെളിവുകളായി പുറത്തുവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗം അതേ രൂപത്തിൽ പുറത്തുവന്നിട്ടുണ്ട്. അത് ഈ പറഞ്ഞ തരത്തിലാണ്. അതിനോടൊപ്പം ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി രേഖപ്പെടുത്തിയ ഭാഗങ്ങളും കൂടി കൂട്ടിച്ചേർക്കാവുന്നതാണ്. നിങ്ങൾക്ക് അല്പം വിഷമമുണ്ടാക്കുന്ന കാര്യമാണത്. നിങ്ങളിൽ പലരും ആ തരത്തിൽ സംസാരിക്കുന്നവരല്ലെന്ന് എനിക്ക് നല്ലതുപോലെ അറിയാം. പക്ഷെ,

ഇത്തരത്തിൽ സംസാരിക്കുന്നവരും ഇപ്പോൾ നിങ്ങളുടെ കൂട്ടത്തിലുണ്ടായിരിക്കുന്നു. അത് എവിടേയ്ക്കാണ് പോകുന്നത്? അതാണ് ശ്രദ്ധിക്കേണ്ടത്. ഇത്തരത്തിലുള്ള സ്വാധീനം എങ്ങനെ വന്നുകൊണ്ടിരിക്കുന്നു എന്ന് പരിശോധിക്കണം. ചില സ്വാധീനങ്ങൾ നിങ്ങളെ വല്ലാതെ വെട്ടിലാക്കുന്നു എന്നത് നിങ്ങൾ മനസ്സിലാക്കണം. അത് തള്ളിപ്പറയാൻ കഴിഞ്ഞാൽ നല്ലതാണ്. ഇപ്പോൾ നിങ്ങളത് പറഞ്ഞു. നല്ല കാര്യമാണ്. ഇനിയും ആ നിലതന്നെ സ്വീകരിച്ച് പോകേണ്ടതായിട്ടുണ്ട്. ഭൂരിപക്ഷമായാലും ന്യൂനപക്ഷമായാലും ഒരു വർഗീയതയോടും വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് ഞങ്ങൾ സ്വീകരിക്കുന്നത്. പലപ്പോഴും ഞങ്ങൾ പറയുന്ന ഒരുകാര്യമാണ് കുറച്ച് വോട്ടിനും നാല് സീറ്റിനും വേണ്ടി ഈ വർഗീയ ശക്തികളെ പ്രീണിപ്പിക്കുക എന്ന രാഷ്ട്രീയ ചെറ്റത്തരം ഞങ്ങൾ കാണിക്കില്ല എന്നത്. അതു തന്നെയാണ് ഞങ്ങൾക്ക് വ്യക്തമാക്കാനുള്ളതും. ഇവിടെ വർഗീയതയ്ക്കെതിരെ മതേതരത്വം എന്നുപറഞ്ഞതുകൊണ്ടുമാത്രം നമ്മുടെ രാജ്യത്ത് ബദലാവില്ല എന്നത് നാം കാണണം. ആഗോളവൽക്കരണ നവഉദാരവൽക്കരണ നയങ്ങളുണ്ട്. ആ നയം ആരുടേതാണ്? ഇവിടെയാണ്

കോൺഗ്രസ് ആലോചിക്കേണ്ടത്. ആഗോളവൽക്കരണ നയവും നവഉദാരവൽക്കരണ നയവുമൊക്കെ ഒരു ഘട്ടത്തിൽ അംഗീകരിച്ചിരുന്നത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഇന്ത്യാ ഗവൺമെന്റാണ്. അന്ന് അതിന് അതിന്റേതായ ന്യായങ്ങൾ നിങ്ങൾ കണ്ടിട്ടുണ്ടാകും. ഇപ്പോൾ രാജ്യത്തിന്റെ അനുഭവം എന്താണ്; എത്രമാത്രം അപകടകരമായിട്ടാണ് കാര്യങ്ങൾ നീങ്ങുന്നത്? അപകടകരമായ രീതിയിൽ കാര്യങ്ങൾ നീങ്ങുമ്പോൾ അതിലൊരു പുനർചിന്തനം നടത്താനോ, അത് ശരിയല്ലായെന്ന് പറയാനോ, അതിനെ തള്ളിപ്പറയാനോ നിങ്ങൾ തയ്യാറാകുന്നുണ്ടോ? തള്ളിപ്പറയാത്ത കാലത്തോളം നിങ്ങൾക്കും ബി.ജെ.പി.-ക്കും ഒരേ സാമ്പത്തികനയം എന്ന നിലയാണ് വരുന്നത്. ഒരേ സാമ്പത്തിക നയമുള്ള നിങ്ങൾ എങ്ങനെയാണ് ബി.ജെ.പി.-യുടെ ഒരു ബദൽ ശക്തിയായി മാറുന്നത്. നേരത്തെ ഇവിടെ പറഞ്ഞ ഡങ്കൽ ഡ്രാഫ്റ്റ്, ഗാട്ട്  കരാർ, ലോക വ്യാപാര സംഘടനയുമായുള്ള കരാറുകൾ ഇങ്ങനെ രാജ്യത്തിന്റെ പരമോന്നത അധികാരമില്ലാതാക്കുന്ന നടപടികളൊക്കെ കോൺഗ്രസ്സ് സർക്കാരുകളുടെ സംഭാവനയായിട്ട് ഒരുകാലത്തുണ്ടായിട്ടുണ്ട്. ഇന്നത്തെ കാലത്ത് അത് പുനർചിന്തനം

നടത്തുകയും അത് തെറ്റായിപ്പോയെന്ന് സമ്മതിക്കുകയും ചെയ്യേണ്ടേ? ആ നയത്തിനെതിരെ വരേണ്ടേ? കർഷകരുടെയും തൊഴിലാളികളുടെയും ചെറുകിട കച്ചവടക്കാരുടെയും നടുവൊടിക്കുന്ന സാമ്പത്തിക നയങ്ങളാണല്ലോ നവഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി നടപ്പാക്കുന്നത്. ആ നയം ബി.ജെ.പി. ഇപ്പോൾ കൂടുതൽ ശക്തമായി നടപ്പാക്കുകയാണ് ചെയ്യുന്നത്. അതിന്റെ തുടക്കക്കാർ നിങ്ങളാകുന്നു. നിങ്ങളും ആ നയത്തിൽ അതിനോടൊപ്പം നിൽക്കുന്നു. നിങ്ങൾക്കെങ്ങനെ ബി.ജെ.പി.-യുടെ ബദൽ ശക്തിയാകാൻ കഴിയും? സാമ്പത്തിക നയത്തിന്റെ കാര്യത്തിലായാലും രാഷ്ട്രീയ നയത്തിന്റെ കാര്യത്തിലായാലും വർഗീയതയുടെ കാര്യത്തിലായാലും വളരെ ശക്തമായ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചു പോരുന്നത്. അതുകൊണ്ടുതന്നെ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ആശങ്കയുമില്ല. ഈ വരുന്ന തിരഞ്ഞെടുപ്പിൽ.... ബഹുമാന്യനായ രമേശ് ചെന്നിത്തല ഒരു ശതക്കണക്ക് പറയുന്നത് കേട്ടു, അതല്ല. അതുക്കുംമേലെയാണ് എൽ.ഡി.എഫ്. വരാൻ പോകുന്നത്. അത്തരമൊരു സാഹചര്യമാണ് കേരളത്തിൽ ഇന്നുള്ളത്. ബാക്കി ജനങ്ങൾ

തീരുമാനിക്കട്ടെ. ജനങ്ങളാണല്ലോ കാര്യങ്ങളെല്ലാം തീരുമാനിക്കേണ്ടത്. നമുക്ക് അവിടെ കാണാം എന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഇത്രയും പറഞ്ഞ് അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ.......... ഓർഡർ......... ശ്രീ. ടി. പി. രാമകൃഷ്ണൻ 2026 ജനുവരി 22-ാം തീയതി സഭയിൽ അവതരിപ്പിച്ച " 2026 ജനുവരി 20-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ബഹുമാനപ്പെട്ട ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന ഉപക്ഷേപത്തിന് ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഭേദഗതി ആരും പ്രസ്സ് ചെയ്തില്ല.)

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം പാസ്സാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ...........

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്, പോളിങ്ങിനായി ബെൽ മുഴങ്ങിക്കഴിഞ്ഞാൽ ചെയറിൽനിന്ന് നിർദേശം നൽകുന്നതാണ്. അതിനുശേഷം സ്റ്റാർട്ട് പോളിങ് എന്ന് ചെയർ അറിയിക്കുമ്പോൾ മാത്രമേ ബഹുമാനപ്പെട്ട അംഗങ്ങൾ വോട്ട് രേഖപ്പെടുത്താൻ പാടുള്ളൂ. വോട്ടിങ് ആരംഭിക്കുമ്പോൾ സാമാജികർക്ക് വോട്ടിങ്ങിനുള്ള സ്ക്രീൻ ലഭിക്കും. അത് ലഭിക്കാത്തവർ കമ്പ്യൂട്ടറിലെ വോട്ടിങ് ബട്ടൺ പ്രസ് ചെയ്താൽ വോട്ടിങ്ങിനുള്ള സ്ക്രീൻ ലഭിക്കുന്നതാണ്.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ

1. ശ്രീ. വി. അബ്ദുറഹിമാൻ

2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ഡോ. ആർ. ബിന്ദു
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീമതി ജെ. ചിഞ്ചുറാണി
13. ശ്രീ. പി. പി. ചിത്തരഞ്ജൻ
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ഡോ. എൻ. ജയരാജ്
17. ശ്രീ. ഒ. ആർ. കേളു
18. ശ്രീ. കെ. കൃഷ്ണൻകുട്ടി
19. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
20. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
21. ശ്രീ. ലിന്റോ ജോസഫ്
22. ശ്രീ. ടി. ഐ. മധുസൂദനൻ

23. ശ്രീ. പി. മമ്മിക്കുട്ടി
24. ശ്രീ. എം. എം. മണി
25. ശ്രീ. മാത്യു ടി. തോമസ്
26. ശ്രീ. കെ. ജെ. മാക്സി
27. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
28. ശ്രീ. കെ. പി. മോഹനൻ
29. ശ്രീ. എ. സി. മൊയ്തീൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ
31. ശ്രീ. എം. മുകേഷ്
32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. പി. നന്ദകുമാർ
34. ശ്രീ. എം. നൗഷാദ്
35. ശ്രീ. എ. പ്രഭാകരൻ
36. ശ്രീ. യു. ആർ. പ്രദീപ്
37. ശ്രീ. പ്രമോദ് നാരായണ്‍
38. ശ്രീ. കെ. ഡി. പ്രസേനൻ
39. ശ്രീ. കെ. പ്രേംകുമാർ
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എ. രാജ
42. ശ്രീ. എം. രാജഗോപാലൻ
43. ശ്രീ. കെ. രാജൻ

44. ശ്രീ. പി. രാജീവ്

45. ശ്രീ. എം. ബി. രാജേഷ്

46. ശ്രീ. കെ. കെ. രാമചന്ദ്രൻ

47. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

48. ശ്രീ. റോഷി അഗസ്റ്റിൻ

49. ശ്രീമതി ശാന്തകുമാരി കെ.

50. ശ്രീ. എ. കെ. ശശീന്ദ്രൻ

51. ശ്രീ. വി. ശശി

52. ശ്രീ. ഐ. ബി. സതീഷ്

53. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

54. ഡോ. സുജിത് വിജയൻപിള്ള

55. ശ്രീ. കെ. വി. സുമേഷ്

56. ശ്രീ. പി. പി. സുമോദ്

57. ശ്രീ. പി. എസ്. സുപാൽ

58. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

59. ശ്രീ. തോമസ് കെ. തോമസ്

60. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

61. ശ്രീ. വി. എൻ. വാസവൻ

62. ശ്രീമതി വീണാ ജോർജ്ജ്

63. ശ്രീ. ഇ. കെ. വിജയൻ

64. ശ്രീ. പിണറായി വിജയൻ

65. ശ്രീ. എം. വിജിന്‍
66. ശ്രീ. സേവ്യര്‍ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവര്‍</u>

1. ശ്രീ. പി. അബ്ദുല്‍ ഹമീദ്
2. ശ്രീ. അന്‍വര്‍ സാദത്ത്
3. ശ്രീ. ആര്യാടന്‍ ഷൗക്കത്ത്
4. ശ്രീ. എ. കെ. എം. അഷ്റഫ്
5. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
6. ശ്രീ. പി. കെ. ബഷീര്‍
7. ശ്രീ. എല്‍ദോസ് പി. കുന്നപ്പിള്ളില്‍
8. ശ്രീ. ടി. വി. ഇബ്രാഹിം
9. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
10. ശ്രീ. യു. എ. ലത്തീഫ്
11. ശ്രീ. കെ. പി. എ. മജീദ്
12. ഡോ. മാത്യു കുഴല്‍നാടന്‍
13. ശ്രീ. കുറുക്കോളി മൊയ്തീന്‍
14. ശ്രീ. എന്‍. എ. നെല്ലിക്കുന്ന്
15. ശ്രീ. തിരുവഞ്ചൂര്‍ രാധാകൃഷ്ണന്‍
16. ശ്രീ. രമേശ് ചെന്നിത്തല
17. ശ്രീമതി കെ. കെ. രമ

18. ശ്രീ. റോജി എം. ജോൺ
19. ശ്രീ. സജീവ് ജോസഫ്
20. ശ്രീ. എൻ. ഷംസുദ്ദീൻ
21. ശ്രീ. സനീഷ്കുമാർ ജോസഫ്
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. ടി. സിദ്ദിഖ്
24. ശ്രീ. പി. ഉബൈദുള്ള
25. ശ്രീമതി ഉമ തോമസ്
26. ശ്രീ. ടി. ജെ. വിനോദ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 66

പ്രതികൂലിക്കുന്നവർ - 26

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും ജനുവരി 29-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജനുവരി മാസം 29-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.35-ന് പിരിഞ്ഞു.)

******